POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ


വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 45

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 നവംബർ 09/ഹി:ശം:1396 നുബുവ്വത്ത് 09/ഹി:ഖ: 1439 സ്വഫർ 19


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 06-10-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(ലണ്ടൻ)നിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണ രൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ബുദ്ധിമുട്ട് നിമിത്തം അഞ്ചേഴുപേരുടെ വീട്ടുചെലവ് എനിക്ക് ഒരു ഭാരമായിരുന്ന കാലമായിരുന്നു അത്. ഇപ്പോൾ ഏകദേശ കണക്കനുസരിച്ച് 300 ആളുകൾ നിത്യവും കുടുംബത്തോടും കുട്ടികളോടുമൊപ്പം, അവരോടൊപ്പം നിരവധി ദരിദ്രരും ദർവേശുമാരും ഈ ലങ്കറിൽനിന്ന് ഭക്ഷണം കഴിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 86**: ഒരിക്കൽ എനിക്ക് കഠിനമായ പല്ലുവേദനയുണ്ടായി. സഹിക്കാൻ കഴിഞ്ഞിരുന്നില്ല. അതിനെന്തെങ്കിലും മരുന്നുണ്ടോ എന്ന് ആരോടോ ചോദിച്ചു. അയാൾ പറഞ്ഞു: പല്ലിന്റെ ചികിത്സ പല്ല് എടുത്തു കളയുക എന്നതാണ്. പല്ലെടുക്കുന്നത് ഞാൻ ഭയപ്പെട്ടു. അപ്പോൾ എനിക്ക് മയക്കമുണ്ടായി. ഞാൻ വിഷമാവസ്ഥയിൽ നിലത്തിരിക്കുകയായിരുന്നു. കട്ടിൽ അടുത്തുതന്നെ ഉണ്ടായിരുന്നു. ഞാൻ അസ്വസ്ഥതയോടെ കട്ടിലിന്റെ പടിയിൽ തലവെച്ചു. കുറച്ച് ഉറക്കം വന്നു. ഞാനുണർന്നപ്പോൾ വേദനയുടെ പേരോ അടയാളമോ ഉണ്ടായിരുന്നില്ല. അപ്പോൾ **ഇദാ മരിള്ത്തു ഫഹുവ യശ്ഫീ** നീ രോഗിയാകുമ്പോൾ അവൻ നിനക്ക് ശിഫാ നല്കുന്നു എന്ന ഇൽഹാം എന്റെ നാവിലുണ്ടായിരുന്നു. ഫൽഹംദുലില്ലാഹി അലാ ദാലിക്.

**ദൃഷ്ടാന്തം 87**: ഡൽഹിയിൽ നടന്ന എന്റെ വിവാഹത്തെ കുറിച്ചുള്ള ഈ പ്രവചനമാണ് 87-ാമത്തെ ദൃഷ്ടാന്തം. അല്ലാഹുവിൽനിന്ന് എനിക്ക് ഇൽഹാമുണ്ടായി. **അൽഹംദുലില്ലാഹില്ലദീ ജഅല ലക്കുമുസ്സ്വിഹ്റ വന്നസ്ബ** ജാമാതത്വവും കുടുംബവും, ഇരുഭാഗത്തുനിന്നും ആദരവ് നല്കിയ അല്ലാഹുവിനാകുന്നു സർവസ്തുതിയും. അതായത് നിന്റെ കുടുംബത്തേയും കുലീനമാക്കി. നിന്റെ ഭാര്യയും സാദാത്തിൽ (സയ്യിദ്‌വംശത്തിൽ)നിന്ന് വരുന്നതായിരിക്കും. ഇതു വിവാഹത്തിനുള്ള ഒരു പ്രവചനമായിരുന്നു. ഇതിൽനിന്ന് വിവാഹാവശ്യങ്ങൾക്കുള്ള ചെലവ് എവിടെന്ന് സംഘടിപ്പിക്കുമെന്ന ചിന്ത എനിക്കുണ്ടായി. ഈ നേരത്ത് എന്റെ കൈയിലൊന്നുമില്ല. ഇപ്രകാരം തന്നെ എന്നേക്കുമായുള്ള ഈ ഭാരം എങ്ങനെ വഹിക്കുമെന്നും ചിന്തിച്ചു. ഈ ചെലവുകൾക്ക് എനിക്ക് കഴിവില്ലെന്ന് പറഞ്ഞ് ഞാൻ ദൈവസവിധത്തിൽ ദുആ ചെയ്തു. അപ്പോൾ എനിക്ക് ഇൽഹാമുണ്ടായി.

**ഹർ ചെ ബായദ് നൗ ഉറൂസി റാഹിമ: സാമാൻ കുനം**
**വ ആൻചെഃ ദർകാർ ശമാ ബാശിദ് അത്വായെ ആൻ കുനം.**

നിന്റെ വിവാഹത്തിന് എന്തൊന്നാണോ ആവശ്യമായി വരുന്നത് അതിനു വേണ്ടുന്ന എല്ലാ സാധനങ്ങളും ഞാൻ ചെയ്യുന്നതാണ്. സന്ദർഭോചിതം എന്തൊന്ന് നിനക്ക് ആവശ്യമുണ്ടാകുന്നുവോ ഞാൻ നല്കിക്കൊണ്ടിരിക്കുന്നതാണ്. അങ്ങനെതന്നെ അത് സംഭവിച്ചു. വിവാഹത്തിന് എത്ര രൂപയാണോ എനിക്ക് ആവശ്യമുണ്ടായിരുന്നത്, ആ അത്യാവശ്യ ചെലവിനുവേണ്ടി ലാഹോറിലെ അക്കൗണ്ടന്റായ മുൻശീ അബ്ദുൽ ഹഖ് സാഹിബ് 500 രൂപ എനിക്ക് കടം തന്നു. മറ്റൊരു സാഹിബായ കല്ലാനൂർവാസി ഹക്കീം മുഹമ്മദ് ശരീഫ് സാഹിബ് - അദ്ദേഹം അമൃതസറിൽ വൈദ്യനായിരുന്നു- ഇരുന്നൂറോ മുന്നൂറോ രൂപ എനിക്ക് കടം തന്നു. അപ്പോൾ, ഇന്ത്യയിൽ വിവാഹം കഴിക്കുക എന്നത് ആനയെ സ്വന്തം വാതിൽക്കൽ കെട്ടുന്നതുപോലെയാണെന്ന് മുൻശീ അബ്ദുൽ ഹഖ് സാഹിബ് അക്കൗണ്ടന്റ് എന്നോടു പറഞ്ഞു. ഈ ചെലവുകൾ സ്വയം അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണെന്ന് ഞാൻ അദ്ദേഹത്തിന് മറുപടി നല്കി. പിന്നീട് വിവാഹം കഴിഞ്ഞ് വിജയങ്ങളുടെ പരമ്പര ഉണ്ടാകാൻ തുടങ്ങി. ബുദ്ധിമുട്ട് നിമിത്തം അഞ്ചേഴുപേരുടെ വീട്ടു ചെലവ് എനിക്ക് ഒരു ഭാരമായിരുന്ന കാലമായിരുന്നു അത്. ഇപ്പോൾ ഏകദേശ കണക്കനുസരിച്ച് 300 ആളുകൾ നിത്യവും കുടുംബത്തോടും കുട്ടികളോടുമൊപ്പം, അവരോടൊപ്പം നിരവധി ദരിദ്രരും ദർവേശുമാരും ഈ ലങ്കറിൽനിന്ന് ഭക്ഷണം കഴിക്കുന്നു. ഈ പ്രവചനവും ഖാദിയാൻവാസികളും ആര്യസമാജക്കാരുമായ ലാല ശരം പത്തിനേയും മലാവ മല്ലിനേയും നേരത്തെ കേൾപ്പിച്ചിരുന്നതാണ്. ശേയ്ഖ് ഹാമിദ് അലിയേയും മറ്റു ചില പരിചയക്കാരേയും ഇത് അറിയിച്ചിരുന്നു. അക്കൗണ്ടന്റ് മുൻശീ അബ്ദുൽ ഹഖ് ലാഹോരി ഇപ്പോൾ ശത്രുക്കളുടെ കൂട്ടത്തിലാണുള്ളതെങ്കിലും അദ്ദേഹം ഈ സത്യമായ സാക്ഷ്യം മറച്ചുവെക്കുകയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹു അഅ്‌ലമു.

**ദൃഷ്ടാന്തം 88**: ദിലീപ് സിംഗ് പഞ്ചാബിൽ വരുന്നതാണെന്ന് പത്രങ്ങളിൽ ആവർത്തിച്ചാവർത്തിച്ച് പരസ്യം വന്നുകൊണ്ടിരുന്നു. അപ്പോൾ അദ്ദേഹം ഒരിക്കലും വരികയില്ലെന്ന് എനിക്ക് കാണിക്കപ്പെട്ടു; മറിച്ച്, തടയുന്നതായിരിക്കും. ഞാൻ ഏകദേശം അഞ്ഞൂറ് ആളുകളെ ഈ പ്രവചനം അറിയിച്ചു. രണ്ട് പേജുള്ള ഒരു വിജ്ഞാപനത്തിലും ഹ്രസ്വമായി ഈ പ്രവചനം എഴുതിയിരുന്നു. അവസാനം അങ്ങനെതന്നെ അതു പുലർന്നു.

**ദൃഷ്ടാന്തം 89**: സയ്യിദ് അഹ്മദ്ഖാന്റെ ജീവിതാവസാനത്തിൽ കുറച്ചു ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നും അദ്ദേഹത്തിന്റെ ആയുസിന്റെ ദിനങ്ങൾ ഇനി കുറച്ചേ ബാക്കിയുള്ളൂവെന്നും ഞാൻ പ്രവചനം ചെയ്തിരുന്നു. ഈ വിഷയം ഇശ്തിഹാറാത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിനുശേഷം ഒരു ദുഷ്ടനായ ഹിന്ദു പണം അപഹരിച്ച കാരണത്താൽ സയ്യിദ് അഹ്മദ് ഖാന് അവസാനകാലത്ത് വളരെ ദുഃഖവും വിഷമവും സഹിക്കേണ്ടതായി വന്നു. അതിനുശേഷം കുറച്ചു ദിവസമേ ജീവിച്ചിരുന്നുള്ളൂ. ആ ദുഃഖത്തിലും വിഷമത്തിലുമാണ് അദ്ദേഹത്തിന്റെ മരണമുണ്ടായത്.

**ദൃഷ്ടാന്തം 90**: ഒരിക്കൽ പോസ്റ്റൽ നിയമം ലംഘിച്ച കാരണത്താൽ എനിക്കെതിരെ കേസ് നടത്തപ്പെട്ടു. അതിന്റെ ശിക്ഷ 500 രൂപ പിഴയോ 6 മാസം തടവോ ആയിരുന്നു. ബാഹ്യമായി കേസിൽനിന്ന് മോചിതനാകുന്ന ഒരു വഴിയും കണ്ടില്ല. ദുആ ചെയ്തതിനുശേഷം സ്വപ്നത്തിൽ ആ കേസ് തള്ളപെടുന്നതാണെന്ന് അല്ലാഹു എന്നിൽ വെളിപ്പെടുത്തി. ആ കേസിന്റെ വാദി ഒരു ക്രിസ്ത്യാനിയായ റലിയാറാം ആയിരുന്നു. അയാൾ അമൃതസറിൽ വക്കീലായിരുന്നു. അയാൾ എന്റെ നേരെ ഒരു പാമ്പിനെ അയച്ചതായും ഞാൻ അതിനെ പിടിച്ച് മീൻ പൊരിക്കുന്നതുപോലെ പൊരിച്ച് അദ്ദേഹത്തിന് തിരിച്ചയച്ചുകൊടുക്കുന്നതായും സ്വപ്നം കണ്ടിരുന്നു. അയാൾ വക്കീലായിരുന്നു. അതുകൊണ്ട് എന്റെ കേസിന്റെ സമാനത അയാൾക്ക് പ്രയോജനപ്പെടുന്നതായിരുന്നു. പൊരിച്ച മത്സ്യംപോലെ പ്രയോജനപ്പെട്ടിരുന്നു. അങ്ങനെ ആ കേസ് ആദ്യം അവതരിപ്പിച്ചപ്പോൾത്തന്നെ തള്ളപ്പെട്ടു.

**(ഹഖീഖത്തുൽ വഹ്‌യ് റൂഹാനീ ഖസായിൻ, വാള്യം 22, പേജ് 246)**

## 123-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്റിഹിൽ അസീസ് 123-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

## 2017 ആഗസ്ത് 26 (ശനിയാഴ്ച)

**(തുടർച്ച....)** അമീറുൽ മുഅ്മിനീൻ തന്റെ പ്രസംഗത്തിൽ പറഞ്ഞു: കുട്ടികൾക്ക് പിതാവിനെ അപേക്ഷിച്ച് മാതാവിനോടാണ് കൂടുതൽ അറ്റാച്ചുണ്ടാകുന്നത്. ഇതും അല്ലാഹു മനുഷ്യപ്രകൃതിയിൽ വെച്ചിട്ടുള്ളതാണ്. കുറച്ചു വർഷംമുമ്പേ റിസർച്ച് നടക്കുകയുണ്ടായി. 13, 14 വയസ്സുവരെ പ്രായമുള്ള കുട്ടികൾ പിതാവിനെ അപേക്ഷിച്ച് മാതാക്കളോടാണ് കൂടുതൽ ആകർഷിതരെന്ന് അതിൽ കണ്ടെത്തുകയുണ്ടായി. അവർ മാതാക്കൾ പറയുന്ന കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കുന്നു. അത് കൂടുതൽ ശരിയാണെന്ന് മനസ്സിലാക്കുന്നു. മാതാവിനെ അപേക്ഷിച്ച് പിതാവിന് കുറഞ്ഞ പ്രാധാന്യമാണ് നല്കുന്നത്. പിന്നീട് യുവത്വം പ്രാപിക്കാൻ തുടങ്ങുമ്പോൾ പ്രത്യേകിച്ചും ആൺകുട്ടികൾക്ക് പിതാവിനോടുള്ള ചായ്വ് കൂടുന്നു. ആൺകുട്ടികൾ വെളിയിൽ പോകുകയും കളിയിലേക്കും ചാട്ടത്തിലേക്കുമുള്ള ചായ്വ് കൂടുകയും ചെയ്യുന്നതുകൊണ്ടാണത്. ഇപ്രകാരംതന്നെ ചില പിതാക്കൾ തങ്ങളുടെ ഭാര്യമാരുടെ പിടിവാശികൊണ്ട് പരസ്പരം കലഹമുണ്ടാകുമ്പോൾ കുട്ടികളുടെ തെറ്റായിട്ടുള്ള ആഗ്രഹങ്ങൾ നിറവേറ്റികൊടുക്കാൻ തുടങ്ങുന്നു. പറഞ്ഞതുപോലെ ഭാര്യയും ഭർത്താവും തമ്മിൽ അഭിപ്രായഭിന്നത ഉണ്ടാകുമ്പോഴാണ് ഇത്തരം കാര്യങ്ങളുണ്ടാകുന്നത്. ഇത്തരത്തിലുള്ള തെറ്റായ പുന്നാരംകൊണ്ട് തങ്ങൾ തങ്ങളുടെ തലമുറയെ നശിപ്പിക്കുകയാണ് ചെയ്യുന്നതെന്ന് പിതാക്കന്മാർക്ക് അറിയാൻ കഴിയുന്നില്ല. ഇതെന്റെ അനുഭവവും കൂടിയാണ്. ധാരാളം കാര്യങ്ങൾ എന്റെ മുമ്പിലും വന്നിട്ടുണ്ട്. വീട്ടിൽ ഭാര്യയും ഭർത്താവും തമ്മിൽ അഭിപ്രായഭിന്നത തുടങ്ങുമ്പോൾ, അല്ലെങ്കിൽ വേർപെട്ടുനില്ക്കുമ്പോൾ പിതാവ് കുട്ടികളെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നതിനുവേണ്ടി സമയം നഷ്ടപ്പെടുത്തിക്കളയുന്ന ഗെയ്മുകൾ കുട്ടികൾക്ക് വാങ്ങിക്കൊടുക്കുന്നു. മാതാക്കൾ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുമ്പോൾ പിന്നീട് കുട്ടികൾ അത് പിതാക്കളോടു പറയുന്നു. പിന്നീട് വീടുകളിൽ കലഹങ്ങളും കുഴപ്പങ്ങളും വർധിച്ചുകൊണ്ടുപോകുന്നു. ബന്ധമില്ലാതെ ഭിന്നിച്ചുകഴിയുകയാണെങ്കിൽ പിന്നീട് കുട്ടികൾ ഇരുനയ ജീവിതം കഴിച്ചുകൂട്ടുന്നു. ശരി ഏതാണ്? തെറ്റ് ഏതാണെന്ന് അവർക്ക് മനസ്സിലാകുകയില്ല. എന്തായാലും ഒരു പ്രായമെത്തിക്കഴിഞ്ഞാൽ കുട്ടികളിൽ-അവർ ആൺകുട്ടികളാവട്ടെ, പെൺകുട്ടികളാവട്ടെ- ബുദ്ധി പക്വമാകുമ്പോൾ അവർ മാതാവിനെ പിന്തുണയ്ക്കുന്നതും പിതാക്കളുടെ ബലാൽക്കാരത്തെ കുറിച്ച് പരാതിപ്പെടുന്നതും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അതിനാൽ ഇസ്ലാം മാനുഷികമായ പ്രകൃതിയുടെ ഇരുവശവും മുന്നിൽവെച്ചുകൊണ്ട് സ്ത്രീകളോടും പുരുഷന്മാരോടും പറഞ്ഞു: നിങ്ങൾ നിങ്ങളുടെ മക്കൾക്ക് ശരിയായ ശിക്ഷണം നല്കാനും അവരെ സമൂഹത്തിന്റെ ഉത്തമ ഭാഗമാക്കിത്തീർക്കാനും ആഗ്രഹിക്കുന്നെങ്കിൽ പുരുഷന്മാരും സ്ത്രീകളും അവരവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുക. ഇരുവരും പരസ്പരമുള്ള കടമകൾ നിറവേറ്റാനും ശ്രമിക്കുക. അപ്പോൾ നിങ്ങൾ ജനതയ്ക്കുവേണ്ടി ഒരു ഉത്തമ മൂലധനമുണ്ടാക്കുന്നവരായിത്തീരുന്നതാണ്. സ്ത്രീകൾ വീടുകളിൽ തങ്ങളുടെ നിർബന്ധകടമകൾ നിറവേറ്റുന്നതിനു പകരം പണം സമ്പാദിക്കുന്നതിനുള്ള താൽപര്യത്തോടെ ജോലി ചെയ്യുകയും കുട്ടികൾ സ്കൂളിൽനിന്ന് വീട്ടിൽ വരുമ്പോൾ അവഗണിക്കപ്പെടുകയുമാണെങ്കിൽ സമാധാനം അന്വേഷിക്കേണ്ടതെവിടെയാണെന്ന് അവർക്ക് അറിയാൻ കഴിയുകയില്ല. മാതാക്കൾ ക്ഷീണിതരായി വീട്ടിലെത്തുമ്പോൾ, വേഗം വേഗം ഭക്ഷണം പാകംചെയ്യാനുള്ള തിരക്കിലായിരിക്കുമെന്നത് പ്രകടമാണ്. അല്ലെങ്കിൽ മറ്റെന്തെങ്കിലും ജോലികൾ ചെയ്യുന്ന ചിന്തയിലായിരിക്കും. കുട്ടികൾക്ക് ശരിയായ നിലയിൽ സമയം കൊടുക്കാൻ കഴിയുകയില്ല. ഇക്കാര്യം ധാരാളം കുട്ടികളിൽ അസ്വസ്ഥതയ്ക്ക് നിമിത്തമായിത്തീരുന്നു. വിദ്യാഭ്യാസം പൊതുവായിക്കൊണ്ടിരിക്കുന്നതിനനുസരിച്ച് ഈ ഭാഗത്തേക്കുള്ള ചായ്വ് വർധിച്ചുകൊണ്ടിരിക്കും. വിദ്യാസമ്പന്നരായ വിദ്യാർഥിനികൾ വിവാഹശേഷം ജോലി ചെയ്യേണ്ടത് തങ്ങൾക്ക് നിർബന്ധമാണെന്ന് മനസ്സിലാക്കും. ജോലി ചെയ്തുകൊള്ളട്ടെ, പക്ഷേ, ഞാൻ പറഞ്ഞതുപോലെ കുട്ടികളുടെ ശിക്ഷണമാണ് ഒന്നാമത്തെ നിർബന്ധകടമ. എന്തായാലും കുട്ടികളിൽ ഞാൻ പറഞ്ഞ കാര്യം അസ്വസ്ഥതയ്ക്ക് നിമിത്തമായിത്തീരുന്നുണ്ട്; അത് അവർ പ്രകടിപ്പിച്ചാലും വേണ്ടില്ല, ഇല്ലെങ്കിലും വേണ്ടില്ല. പ്രായത്തിനൊപ്പം ഈ അസ്വസ്ഥതയുടെ മാനസികമായ സ്വാധീനതയും പ്രകടമാകുന്നതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: വിശുദ്ധ ഖുർആനിൽ അല്ലാഹു സ്ത്രീകളോടു നിങ്ങളിൽ ഉത്തമരായ സ്ത്രീകൾ സച്ചരിതകളും, അനുസരണശീലമുള്ളവരും (ഭർത്താക്കന്മാരുടെ) രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമാണെന്ന് പറഞ്ഞിരിക്കുന്നു. നന്മകളിൽ അഭിവൃദ്ധിപ്പെടുന്നവരാണ്. ഭൗതികോദ്ദേശ്യങ്ങൾ അവരുടെ ലക്ഷ്യമായിരിക്കുകയില്ല. മറിച്ച്, അവരുടെ ലക്ഷ്യം അല്ലാഹുവിന്റെ കല്പനകളിലൂടെ നടന്ന് നന്മകൾ ചെയ്യുന്നവരാകണം എന്നതായിരിക്കും. കുട്ടികൾക്ക് നല്ല ശിക്ഷണം നല്കി അവരെ സാത്വികരാക്കണം എന്നതായിരിക്കും. പിന്നീട് അല്ലാഹു കാത്തുസൂക്ഷിക്കാൻ പറഞ്ഞതിനെ രഹസ്യമായി കാത്തുസൂക്ഷിക്കുന്നവരുമായിരിക്കും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അല്ലാഹു സ്ത്രീകളോടു ഏതൊരു കാര്യം ചെയ്യാനാണോ താക്കീത് ചെയ്തിട്ടുള്ളത് അവയിലൊന്ന് കുട്ടികളുടെ ശിക്ഷണമാണ്. ഹദീഥിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'തന്റെ ഭർത്താവിനെ കാത്തുസൂക്ഷിക്കാനാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അയാളുടെ അസാന്നിധ്യത്തിലും അവൾ അയാളുടെ വീടിന്റേയും കുട്ടികളുടേയും സംരക്ഷണത്തിന് ഉത്തരവാദിയാണ്.' കുട്ടികളുടെ സംരക്ഷണം എങ്ങനെ നടത്തും എന്നതാണ് പ്രശ്നം. ഇത് കുട്ടികൾക്ക് നല്ല ശിക്ഷണം കൊടുക്കുന്നതിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ഞാൻ പറഞ്ഞതുപോലെ ഇസ്ലാം പുരുഷനെ എല്ലാ ആവശ്യങ്ങളും നിറവേറ്റികൊടുക്കാനുള്ള ഉത്തരവാദിയാക്കുന്നെങ്കിൽ സ്ത്രീകളോടും പറയുന്നത് നിങ്ങളും നിങ്ങളുടെ ഉത്തവാദിത്വം നിർവഹിക്കുക എന്നാണ്. കുട്ടികളുടെ ശിക്ഷണത്തിന്റെ ഉത്തരവാദിത്വം സ്ത്രീ നിർവഹിക്കുകയാണെങ്കിൽ, വീ ട്ടിൽവച്ച് അവരുടെ അവകാശങ്ങൾ അപഹരിക്കപ്പെടുന്നതെങ്ങനെയാണ്. അല്ലെങ്കിൽ അപഹരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതെങ്ങനെയാണ്? പുരുഷനെ സ്ത്രീയുടെ അവകാശം നിറവേറ്റുന്നവരാക്കുമ്പോൾ പുറത്തുള്ള ജോലി കാരണത്താൽ കുട്ടികളോടുള്ള ശരിയായ കടമ നിറവേറ്റാൻ സാധിക്കുകയില്ല. അപ്പോൾ സ്ത്രീയാണ് കുട്ടികളോടുള്ള കടമ നിറവേറ്റേണ്ടത്. അല്ലാഹു സ്ത്രീകളിൽ കുട്ടികളെ നല്ലവണ്ണം നോക്കാനുള്ള കഴിവുകൾ വെച്ചിരിക്കുന്നു. തനിക്ക് തന്റെ ഉത്തരവാദിത്വം നിർവഹിക്കാനുണ്ടെന്നും പറഞ്ഞ് ദിവസം മുഴുവൻ സ്ത്രീ വെളിയിൽ കഴിയുകയാണെങ്കിൽ പിന്നെ കുട്ടികളോടുള്ള കടമ ആരാണ് നിറവേറ്റുക?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്ലാം പറയുന്നത് നിങ്ങൾ പരസ്പരം ഇഷ്ടത്തോടുകൂടി ജോലി ഭാഗിക്കാനാണ്. എല്ലാവരും അവരവരുടെ ജോലി വീതിക്കുക. വാശിപിടിച്ച് കുട്ടികളുടെ അവകാശം തടയാൻ പാടില്ല. സ്വന്തം അവകാശം നേടുന്നതിന് കുട്ടികളെ അവരുടെ അവകാശത്തിൽനിന്ന് തടയരുത്. അതുകൊണ്ട് ഇത് ആക്ഷേപാർഹമല്ല. പ്രത്യുത മനോഹരമായ അധ്യാപനമാണ്. അതിനാൽ അഹ്മദീ മാതാക്കൾക്ക് ഒരു തരത്തിലുള്ള പരാതിയ്ക്കും ആവശ്യമില്ല. അഹ്മദി മാതാക്കളുടെ പരിശുദ്ധമടിത്തട്ടുകൾ പരിശുദ്ധഖജനാവുകളാണെന്നും ഖജനാവുകൾ വെക്കുന്നതിനുള്ള സ്ഥലമാണെന്നും കരുതി സന്തോഷിക്കുകയാണ് വേണ്ടത്. ആ മടിത്തട്ടുകളിൽ വളരുന്ന കുട്ടികൾ പരിശുദ്ധമുതലുകളാണ്. നല്ല തർബിയ്യത്തു കാരണത്താൽ, അല്ലാഹുവിന് ഇഷ്ടപ്പെട്ട മുതലുകളാണ്. ഈ പരിശുദ്ധ മുതലുണ്ടാക്കാനും വാങ്ങാനും ഇഷ്ടപ്പെടാത്തതാരാണ്. അതുകൊണ്ട് എഴുന്നേല്ക്കുക. വാശിപിടിച്ച്, പോരാടി കുട്ടികളോടുള്ള കടമ നിറവേറ്റാതിരിക്കുന്നതിനും അവരുടെ അവകാശത്തിൽനിന്ന് അവരെ തടയുന്നതിനു പകരം പരിശുദ്ധമുതലുകൊണ്ട് നിങ്ങളുടെ പരിശുദ്ധ ഖജനാവുകൾ നിറച്ചുകൊണ്ടുപോകുക. ലോകത്തെ നിങ്ങൾ നോക്കരുത്. അത് കുറച്ചു ദിവസത്തേക്കുള്ളതാണ്. കുറച്ചു ദിവസമുള്ള ഇഹലോകജീവിതത്തിനു പിന്നാലെ ഓടുന്നതിനു പകരം ഈ ദുൻയാവിലെ ജീവിതവും സ്വർഗമാകുന്നതിന് പരലോകജീവിതം കരസ്ഥമാക്കാൻ ശ്രമിക്കുക. പരലോക ജീവിതവും അനശ്വരമായ സ്വർഗമാകുന്നു. നോക്കൂ! നബി(സ) തിരുമേനി നല്ല ഭാര്യമാർക്കും പുണ്യവതികളായ ഉമ്മമാർക്കും എന്തു സ്ഥാനമാണ് നല്കിയിരിക്കുന്നത്. അവിടന്ന് പറഞ്ഞു: സമാഹരിച്ചുകൂട്ടുന്ന ധനം സ്വർണമോ വെള്ളിയോ അല്ല. സ്വർണവും വെള്ളിയും സ്വരുക്കൂട്ടി വലിയ മുതൽ സമ്പാദിച്ചുവെന്ന് മനസ്സിലാക്കരുത്. പറഞ്ഞു: ഏറ്റവും ശ്രേഷ്ഠമായ ധനം ദൈവസ്മരണ ചെയ്യുന്ന നാവാണ്. നന്ദി കാണിക്കുന്ന മനസ്സാണ്. ഭർത്താവിന്റെ ദീനിൽ അയാളെ സഹായിക്കുന്ന സത്യവിശ്വാസിനിയായ ഭാര്യയാണ്. അതായത് ഭർത്താവിനെ ദീനിലൂടെ നടത്തുന്നതിനും സത്യവിശ്വാസിനിയായ ഭാര്യ പ്രയോജനപ്പെടുന്നു. ദീനിനു സേവനം ചെയ്യുന്നവരെ സഹായിക്കുന്നതും സത്യവിശ്വാസിനിയായ ഭാര്യയായിരിക്കും. ഇഹലോകവും പരലോകവും ഉപകരിക്കുന്ന ഖജനാവുകൾ സ്വരുക്കൂട്ടണമെങ്കിൽ നിങ്ങളുടെ നാവുകളെ ദൈവസ്മരണകൊണ്ട് ആർദ്രമാക്കി വെക്കാനാണ് പുരുഷന്മാരോടും സ്ത്രീകളോടും നബി(സ) തിരുമേനി പറഞ്ഞത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നിങ്ങളുടെ മനസ്സിൽ നന്ദി പ്രകടിപ്പിക്കാനുള്ള വികാരങ്ങളുണ്ടാക്കുക. ഇന്നയാളുടെ പക്കൽ കൂടുതൽ ധനമുണ്ടെന്നും, അയാളുടെ പക്കൽ പണം അധികമായുണ്ടെന്നും തങ്ങളുടെ പക്കൽ കുറവാണെന്നും ഇന്നയാളുടെ വീട് വലുതാണെന്നും തങ്ങളുടെ വീട് ചെറുതാണെന്നും ഇന്നയാളുടെ പക്കൽ ഇന്നതരത്തിലുള്ളതും ഇന്നപോലെയുള്ളതുമായ കാറുണ്ടെന്നും തങ്ങൾക്ക് അതില്ലെന്നും ഓർത്ത് നിരാശപ്പെട്ട് ഒരിക്കലും ഇരിക്കരുത്. ഇന്ന സ്ത്രീയുടെ കൈയിൽ സ്വർണത്തിന്റെ ഇത്ര ആഭരണങ്ങളുണ്ടെന്നും തങ്ങളുടെ കൈയിലില്ലെന്നും തങ്ങളുടെ ഭർത്താക്കന്മാർ തങ്ങൾക്ക് ഉണ്ടാക്കിച്ചുതരുന്നില്ലെന്നും ഓർത്ത് സ്ത്രീകളും ഇരിക്കാൻ പാടില്ല. ഭർത്താക്കന്മാർക്ക് സാധിക്കുമെങ്കിൽ തീർച്ചയായും ഭാര്യമാരുടെ ആഗ്രഹം പൂർത്തിയാക്കിക്കൊടുക്കേണ്ടതാണ്. എന്നാൽ, കടമെടുത്തും കടങ്ങളിൽ മുങ്ങിയും ആഗ്രഹം പൂർത്തീകരിപ്പിക്കുകയാണെങ്കിൽ ഇത് മതനിഷ്ഠയുള്ള സ്ത്രീയുടെ അടയാളമല്ല.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്ന പ്രതിജ്ഞ എപ്പോഴും ഓർക്കുക എന്നതാണ് യാഥാർഥ കാര്യം. നിങ്ങളിലെ ഒരുപാടാളുകളുടേയും മാതാപിതാക്കളും പിതാമഹന്മാരും ദീൻ സ്വീകരിച്ചവരാണ്. അഹ്മദിയ്യത്ത് കൈക്കൊള്ളുകയും ത്യാഗങ്ങൾ വരിക്കുകയും ചെയ്തവരാണ്. നിങ്ങൾ അത് ഓർക്കേണ്ടതാണ്. മറന്നുപോയാൽ നിങ്ങളുടെ ദീനും നഷ്ടപ്പെടുത്തുകയായിരിക്കും ചെയ്യുന്നത്. പാക്കി

ശേഷം പേജ് 9ൽ




**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**ജനങ്ങളുടെ അഹ്മദിയ്യത്ത് സ്വീകരണം അല്ലെങ്കിൽ അവർ അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷമുള്ള ആത്മീയവും അസാധാരണവുമായ അനുഭവങ്ങൾ, അല്ലെങ്കിൽ ജമാഅത്തിന്റെമേൽ ഉണ്ടാകുന്ന അല്ലാഹുവിന്റെ ഫള്ലും അതിന്റെ ഫലമായി ജമാഅത്തംഗങ്ങളുടെ ഈമാനിലുണ്ടാകുന്ന വർധനയും ദൃഢതയുമടങ്ങുന്ന ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ ഞാൻ സന്ദർഭോചിതം വിവരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ സംഭവങ്ങൾ ഹൃദയസ്പൃർക്കായതുകൊണ്ട് തങ്ങളുടെ കുട്ടികളുടെ ശ്രദ്ധയും ആകർഷിച്ചെടുക്കുന്നുവെന്നും യുവാക്കളുടെ ദീനീപരവും ആത്മീയപരവുമായ അവസ്ഥ മെച്ചപ്പെടുന്നതിന് നിമിത്തമാകുന്നുവെന്നും തങ്ങളുടെതന്നെ അവസ്ഥകളിൽ അഭിവൃദ്ധി ഉണ്ടാകുന്നതിന് കാരണമാകുന്നുവെന്നും അതിനാൽ ഇത്തരം സംഭവങ്ങൾ കേൾപിച്ചുകൊണ്ടിരിക്കണമെന്നും ധാരാളമാളുകൾ എനിക്കെഴുതുന്നുമുണ്ട്. പുതിയതായി വരുന്നവരുടെ ഈ ആത്മീയാഭിവൃദ്ധിയും അല്ലാഹുമായിട്ടുള്ള അവരുടെ ബന്ധവും തങ്ങളെ ലജ്ജിതരാക്കുന്നുവെന്നും തങ്ങളും ഈമാനിൽ പുരോഗതിനേടുന്നതിന് പരിശ്രമിക്കണമെന്ന് അത് തങ്ങളോടു പറയുന്നുവെന്നും ജന്മനാ അഹ്മദികളായ ചിലരും എഴുതുന്നു. ഇപ്രകാരംതന്നെ ഈ സംഭവങ്ങൾ തങ്ങളുടെ ഈമാനിൽ വർധന ഉണ്ടാക്കുന്നുവെന്ന് പുതിയതായി ബയ്അത്തു ചെയ്തുവന്ന ആളുകളും പറയുന്നുണ്ട്.**

**ദീനിലേക്ക് ശ്രദ്ധിക്കുന്ന യൂറോപ്യൻകാർക്കും അല്ലാഹു ദൃഷ്ടാന്തം കാണിക്കുന്നുണ്ട് എന്നതാണ് ഒന്നാമത്തെ കാര്യം. അവരുടെ ഈമാനിന്റെ അഭിവൃദ്ധിക്കുള്ള സാഹചര്യങ്ങൾ അല്ലാഹു തന്നിൽനിന്ന് ഉണ്ടാക്കുന്നുണ്ട്. ഇവിടെ ബ്രിട്ടനിലും ധാരാളം പുതുവിശ്വാസികളുണ്ട്. അല്ലെങ്കിൽ ഇവിടെത്തെ തദ്ദേശവാസികളുണ്ട്. അവർ ബയ്അത്ത് ചെയ്തിട്ട് കാലങ്ങളായി. നിത്യവും അവരുടെ ഈമാൻ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു.**

**അവർ പുതുവിശ്വാസികളാണ്. അല്ലെങ്കിൽ കുറച്ചുകാലമായി അഹ്മദിയ്യത്തിൽ ചേർന്നവരാണ്. അവർ അത്ഭുതകരമായ അനുഭവങ്ങളിലൂടെ കഴിഞ്ഞുപോകുന്നവരാണ്. അത് അവരുടെ അല്ലാഹുവിലുള്ള വിശ്വാസം വർധിക്കുന്നതിനുള്ള മാർഗമായിത്തീരുന്നു. ജമാഅത്തിന്റെ സത്യതയും അവരിൽ തുറന്നുകൊണ്ടുപോകുന്നു. ഖിലാഫത്തിനോടുള്ള ആത്മാർത്ഥതയുടേയും കൂറിന്റേയും ബന്ധത്തിലും അവർ അഭിവൃദ്ധിപ്പെടുന്നു. അവരിൽ പുരുഷന്മാരുമുണ്ട് സ്ത്രീകളുമുണ്ട്.**

**ദീനിലേക്ക് ശ്രദ്ധിക്കുന്ന പാശ്ചാത്യദേശത്ത് വസിക്കുന്ന ആളുകൾക്കും അല്ലാഹു ദൃഷ്ടാന്തം കാണിക്കുന്നു. അഹ്മദിയ്യത്തിന്റെ സത്യത അവരിൽ പ്രകടിപ്പിക്കുന്നു. അഹ്മദിയ്യത്ത് സ്വീകരിക്കാതെ, പക്ഷേ, ഇസ്‌ലാമിന്റെ മഹത്ത്വവും ഉയർച്ചയും അഹ്മദിയ്യത്തു മുഖേന പ്രകടമാകുന്ന ഒരു വിഭാഗക്കാരും അവരിലുണ്ട്. അത്തരം ധാരാളം സംഭവങ്ങൾ ഞാനെന്റെ പര്യടനത്തിനുശേഷമോ ജൽസകൾക്കുശേഷമോ വിവരിച്ചുകൊണ്ടിരിക്കുന്നു.**

**വിവിധ രാജ്യങ്ങളുമായി ബന്ധം വെക്കുന്ന ആളുകൾക്ക് ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിലേക്ക് അല്ലാഹുവിൽനിന്നുള്ള മാർഗദർശനം, എം.ടി.ഏയുടെ പങ്ക്, പുതിയ ജമാഅത്തുകളുടെ രൂപീകരണം, പുതിയ അഹ്മദികളുടെ ആത്മാർഥതയും കൂറും, ത്യാഗവും പ്രബോധനവികാരവും, ദുആ സ്വീകാര്യത. ക്ഷമയും സ്ഥിരചിത്തതയും, അല്ലാഹുവിൽനിന്ന് അവരുടെ ഈമാൻ ശക്തിപ്പെടുത്തുന്നതിനുള്ള അടയാളങ്ങളുടെ പ്രകടനം, എതിരാളികളുടെ എതിർപ്പും അവരോടു ദാരുണമായ നിലയിലുള്ള അവന്റെ പെരുമാറ്റവും, ജമാഅത്തിന്റെ ഗ്രന്ഥങ്ങളുടേയും സാഹിത്യങ്ങളുടേയും സ്വാധീനങ്ങൾ, ബയ്അത്തിനുശേഷം സ്വന്തം ജീവിതത്തിലുണ്ടാകുന്ന വ്യക്തമായ മാറ്റങ്ങൾ, റേഡിയോ പരിപാടികൾ മുഖേന ഉണ്ടാകുന്ന ബയ്അത്തുകളുടേയും പ്രബോധന പ്രവർത്തനങ്ങളുടേയും നല്ല സ്വാധീനങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള വിവരണങ്ങളുടെ ചർച്ച.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**2017 ഒക്ടോബർ 6/1396 ഇഖാ 6**
**ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا

الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ജനങ്ങളുടെ അഹ്മദിയ്യത്ത് സ്വീകരണം അല്ലെങ്കിൽ അവർ അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷമുള്ള ആത്മീയവും അസാധാരണവുമായ അനുഭവങ്ങ ൾ, അല്ലെങ്കിൽ ജമാഅത്തിന്റെമേൽ ഉണ്ടാകുന്ന അല്ലാഹുവിന്റെ ഫള്ലും അതിന്റെ ഫലമായി ജമാഅത്തംഗങ്ങളുടെ ഈമാനിലുണ്ടാകുന്ന വർധനയും ദൃഢതയുമടങ്ങുന്ന ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ ഞാൻ സന്ദർഭോചിതം വിവരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ സംഭവങ്ങൾ ഹൃദയസ്പൃർക്കായതുകൊണ്ട് തങ്ങളുടെ കുട്ടികളുടെ ശ്രദ്ധയും ആകർഷിച്ചെടുക്കുന്നുവെന്നും യുവാക്കളുടെ ദീനീപരവും ആത്മീയപരവുമായ അവസ്ഥ മെച്ചപ്പെടുന്നതിന് നിമിത്തമാകുന്നുവെന്നും തങ്ങളുടെതന്നെ അവസ്ഥകളിൽ അഭിവൃദ്ധി ഉണ്ടാകുന്നതിന് കാരണമാകുന്നുവെന്നും അതിനാൽ ഇത്തരം സംഭവങ്ങൾ കേൾപിച്ചുകൊണ്ടിരിക്കണമെന്നും ധാരാളമാളുകൾ എനിക്കെഴുതുന്നുമുണ്ട്. പുതിയതായി വരുന്നവരുടെ ഈ ആത്മീയാഭിവൃദ്ധിയും അല്ലാഹുമായിട്ടുള്ള അവരുടെ ബന്ധവും തങ്ങളെ ലജ്ജിതരാക്കുന്നുവെന്നും തങ്ങളും ഈമാനിൽ പുരോഗതി നേടുന്നതിന് പരിശ്രമിക്കണമെന്ന് അത് തങ്ങളോടു പറയുന്നുവെന്നും ജന്മനാ അഹ്മദികളായ ചിലരും എഴുതുന്നു. ഇപ്രകാരംതന്നെ ഈ സംഭവങ്ങൾ തങ്ങളുടെ ഈമാനിൽ വർധന ഉണ്ടാക്കുന്നുവെന്ന് പുതിയതായി ബയ്അത്തു ചെയ്തുവന്ന ആളുകളും പറയുന്നുണ്ട്.

പക്ഷേ, ഇതിനോടൊപ്പംതന്നെ ഈ പാശ്ചാത്യ ദേശത്ത് വസിക്കുന്നവരിൽ തങ്ങളെ വലിയ വിദ്യാസമ്പന്നരായും പുരോഗതി നേടിയവരായും മനസ്സിലാക്കുന്ന ചിലരുമുണ്ട്. ഇവർ പാക്കിസ്താനിൽനിന്ന് വന്നവരാണ്. ഭൗതികത അവരെ എത്രമാത്രം ആകർഷിക്കുകയും അതിൽ എത്രമാത്രം അവർ വീണിരിക്കുകയും ആകൃഷ്ടരായിരിക്കുകയും ചെയ്യുന്നുവെന്നാൽ അല്ലാഹുവിലേക്കുള്ള ശ്രദ്ധ തന്നെ അവർക്കില്ലാതായിരിക്കുന്നു. അല്ലെങ്കിൽ ഒരു അഹ്മദിയുടെ നിർബന്ധകടമയായിത്തീരുന്ന നിലയിൽ ശ്രദ്ധിക്കേണ്ടതുപോലെ ശ്രദ്ധിക്കുന്നില്ല. അത് അല്ലാഹുവിനോടുള്ള കടമയുമാണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുകയും ആ മഹാത്മാവിന്റെ ബയ്അത്തിൽ വരികയും ചെയ്തിട്ടുള്ളവരുടെ നിർബന്ധകടമയാണ്. അവർ അല്ലാഹുവിനോടും അവൻ സ്ഥാപിച്ചിട്ടുള്ള ജമാഅത്തിനോടുമുള്ള കടമ നിർവഹിക്കുന്നതിലേക്ക് ഒന്നാമതായി ശ്രദ്ധിക്കുന്നില്ല. കുറച്ചു ശ്രദ്ധയുണ്ടെങ്കിൽത്തന്നെ അത് ഇല്ലാത്തതിന് തുല്യമാണ്. ദീനീപരമായ നിർബന്ധകടമകൾ നിറവേറ്റുന്നതിൽ അശ്രദ്ധരാണ്. ഇക്കൂട്ടർ ദീനീപരമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ചിന്തിക്കുന്നില്ല. ഉണ്ടെങ്കിൽത്തന്നെ വളരെ കുറച്ചാണ് ചിന്തിക്കുന്നത്. പുതുതായി വരുന്നവർ വിവരിക്കുന്നതോ ഏതെങ്കിലും വിധത്തിൽ ആത്മീയാഭിവൃദ്ധിക്ക് നിമിത്തമാകുന്നതോ ആയ സംഭവങ്ങൾ കേട്ട് ചിലയാളുകൾ ആക്ഷേപകരമായ നിലയിൽ സംസാരിക്കുന്നു. ബയ്അത്തുകളിലും ഈമാനിലും അഭിവൃദ്ധിയുണ്ടാകുന്ന അത്തരം സംഭവങ്ങൾ ആഫ്രിക്കയിലും അറേബ്യയിലും ഏഷ്യൻ രാജ്യങ്ങളിലും വസിക്കുന്നവർക്കു മാത്രം ഉണ്ടാകുന്നതെന്താണെന്ന് ചോദിക്കുന്നു. അത്തരം സംഭവങ്ങൾ യൂറോപ്പിൽ വസിക്കുന്നവർക്ക് എന്തുകൊണ്ട് ഉണ്ടാകുന്നില്ല? അവർക്കെന്തുകൊണ്ട് സ്വപ്നങ്ങൾ മുഖേന മാർഗദർശനം ലഭിക്കുന്നില്ല? മതപരമായ ഗ്രന്ഥങ്ങൾ വായിച്ച് എന്തുകൊണ്ട് അവർക്ക് മാർഗദർശനം ലഭിക്കുന്നില്ല? അല്ലെങ്കിൽ എന്തുകൊണ്ട് ശ്രദ്ധയുണ്ടാകുന്നില്ല. അവർക്ക് ആത്മീയാനുഭവങ്ങൾ എന്തുകൊണ്ടുണ്ടാകുന്നില്ല?

ദീനിലേക്ക് ശ്രദ്ധിക്കുന്ന യൂറോപ്യൻകാർക്കും

അല്ലാഹു ദൃഷ്ടാന്തം കാണിക്കുന്നുണ്ട് എന്നതാണ് ഒന്നാമത്തെ കാര്യം. അവരുടെ ഈമാനിന്റെ അഭിവൃദ്ധിക്കുള്ള സാഹചര്യങ്ങൾ അല്ലാഹു തന്നിൽനിന്ന് ഉണ്ടാക്കുന്നുണ്ട്. ഇവിടെ ബ്രിട്ടനിലും ധാരാളം പുതുവിശ്വാസികളുണ്ട്. അല്ലെങ്കിൽ ഇവിടത്തെ തദ്ദേശവാസികളുണ്ട്. അവർ ബയ്അത്ത് ചെയ്തിട്ട് കാലങ്ങളായി. നിത്യവും അവരുടെ ഈമാൻ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. അവർ പുതുവിശ്വാസികളാണ്. അല്ലെങ്കിൽ കുറച്ചുകാലമായി അഹ്മദിയ്യത്തിൽ ചേർന്നവരാണ്. അവർ അത്ഭുതകരമായ അനുഭവങ്ങളിലൂടെ കഴിഞ്ഞുപോകുന്നവരാണ്. അത് അവരുടെ അല്ലാഹുവിലുള്ള വിശ്വാസം വർധിക്കുന്നതിനുള്ള മാർഗമായിത്തീരുന്നു. ജമാഅത്തിന്റെ സത്യതയും അവരിൽ തുറന്നുകൊണ്ടുപോകുന്നു. ഖിലാഫത്തിനോടുള്ള ആത്മാർത്ഥതയുടേയും കൂറിന്റേയും ബന്ധത്തിലും അവർ അഭിവൃദ്ധിപ്പെടുന്നു. അവരിൽ പുരുഷന്മാരുമുണ്ട് സ്ത്രീകളുമുണ്ട്. ലജ്ന, ഖുദ്ദാം, അൻസ്വാറിന്റെ ഇജ്തിമാകളിൽ ഇവർ തങ്ങളുടെ സംഭവങ്ങൾ സ്വയം വിവരിക്കാറുണ്ട്. എം.ടി.എയിലും ചിലർ വിവരിച്ചിട്ടുണ്ട്. അത് വളരെ ഈമാൻ ദൃഢീകരിപ്പിക്കുന്നതാണ്. ദീനിലേക്ക് ശ്രദ്ധിക്കുന്ന പാശ്ചാത്യദേശത്ത് വസിക്കുന്ന ആളുകൾക്കും അല്ലാഹു ദൃഷ്ടാന്തം കാണിക്കുന്നു. അഹ്മദിയ്യത്തിന്റെ സത്യത അവരിൽ പ്രകടിപ്പിക്കുന്നു. അഹ്മദിയ്യത്ത് സ്വീകരിക്കാതെ, പക്ഷേ, ഇസ്‌ലാമിന്റെ മഹത്ത്വവും ഉയർച്ചയും അഹ്മദിയ്യത്തു മുഖേന പ്രകടമാകുന്ന ഒരു വിഭാഗക്കാരും അവരിലുണ്ട്. അത്തരം ധാരാളം സംഭവങ്ങൾ ഞാനെന്റെ പര്യടനത്തിനു ശേഷമോ ജൽസകൾക്കുശേഷമോ വിവരിച്ചുകൊണ്ടിരിക്കുന്നു.

പക്ഷേ, അല്ലാഹുവിലേക്ക് വരുന്നവർക്ക് അവൻ സത്യമാർഗം നല്കുന്നു എന്നതാണ് ഓർമവെക്കേണ്ട സുപ്രധാനമായ കാര്യം. എന്നാൽ, ഭൗതികതയിൽ വീണുകിടക്കുകയും അല്ലാഹുവിന്റെ കോളം കാലിയായി കിടക്കുകയും ദീനുമായും അല്ലാഹുവുമായും ഒരു ബന്ധവും ഇല്ലാതിരിക്കുകയും, സ്വയം തങ്ങളുടെ പരലോകം നശിപ്പിക്കുകയും ചെയ്യുന്നവരെ അല്ലാഹുവും പരിഗണിക്കുകയില്ല. അവർ സന്മാർഗത്തിൽനിന്ന് തടയപ്പെടും.

ദീനിലേക്ക് ശ്രദ്ധിക്കുന്നവരും അത് സ്വീകരിക്കുന്നവരും പൊതുവെ ദരിദ്രരും ബലഹീനരും തന്നെയാണെന്ന് നബിമാരുടെ ചരിത്രവും നമ്മളോടു പറയുന്നുണ്ട്. പൊതുവെ അല്ലാഹുവിലേക്ക് പോകുന്നതിനുള്ള തിളപ്പും അവനോടുള്ള ഭയവും ധാരാളമായുണ്ടാകുന്നത് വിനയരിലും മിസ്കീൻമാരിലും തന്നെയാണ്. ലൗകികരും ഭൗതികമായി ശക്തിയുള്ളവരും(വിശ്വാസിയോടു) പറയുന്നത്- അത് അല്ലാഹു വിശുദ്ധഖുർആനിലും പറഞ്ഞിട്ടുള്ളതാണ്- നിനക്കെന്തു വിലയാണുള്ളത്? നിന്നെ വിശ്വസിക്കുന്നവർ അറാദിലുനാ ബാദിയർറഅ്‌ഇ ആണെന്നാണ്. ഞങ്ങൾ നോക്കുമ്പോൾ നിങ്ങളെ അങ്ങേയറ്റം നിന്ദ്യരായ ആളുകളായിട്ടാണ് കാണുന്നത്. ലൗകികർ അഹങ്കാരത്തിൽ മികച്ചുനില്ക്കുന്നവരാണ്. ഒന്ന് അഹങ്കാരം കാരണത്താൽ, രണ്ട് ഭൗതികകാര്യങ്ങളിൽ മുങ്ങിത്താണു കിടക്കുന്ന കാരണത്താൽ. ദീനിലേക്ക് ശ്രദ്ധിക്കാൻ ഒഴിവുതന്നെ അവർക്ക് കിട്ടുന്നില്ല. പിന്നെ യൂറോപ്പിലെ അധികമാളുകളും നിരീശ്വരവാദികളായിക്കഴിഞ്ഞിരിക്കുന്നു. അല്ലെങ്കിൽ പാശ്ചാത്യരാജ്യങ്ങളിലേയും വികസ്വരരാജ്യങ്ങളിലേയും ഭൂരിഭാഗമാളുകളും നിരീശ്വരവാദികളായിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിനെ അവർ വകവെക്കുന്നില്ലെങ്കിൽ, അവർക്ക് മാർഗദർശനം നല്കാൻ അല്ലാഹു എന്തിന് അവരെ വകവെക്കണം?

ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ ലൗകികരുടെ ചിത്രം വരച്ചുകൊണ്ടു പറയുന്നു: അസ്ർ എന്ന അധ്യായത്തിൽ അല്ലാഹു സത്യനിഷേധികളുടേയും സത്യവിശ്വാസികളുടേയും ജീവിതത്തിന്റെ മാതൃകകൾ പറഞ്ഞിരിക്കുന്നു. സത്യനിഷേധികളുടെ ജീവിതം തികച്ചും മൃഗങ്ങളെപോലെയാണ്. അവർക്ക് തിന്നുക, കുടിക്കുക, ഭോഗിക്കുക എന്നതല്ലാതെ മറ്റു പണികളൊന്നുമില്ല. *യഅ്കുലൂന കമാ തഅ്കുലുൽ അൻആമ* (മുഹമ്മദ്:13). (മൃഗങ്ങളെപോലെ തിന്നുക കുടിക്കുക എന്നതാണ് അവരുടെ ജോലി). അവിടന്ന് പറയുന്നു: എന്നാൽ, നോക്കൂ! വൈക്കോൽ തിന്നുന്നെങ്കിലും ഒരു കാള നിലം ഉഴുതുന്ന സമയത്ത് ഇരുന്നുകളയുന്നു. (കർഷകർ പഴയകാലത്ത് നിലം ഉഴുതുന്നതിനും മണ്ണ് കിളക്കുന്നതിനും കാളകളെ ഉപയോഗിച്ചിരുന്നു. ഇവിടേയും പഴയകാലത്ത് കുതിരകളെ ഉപയോഗിച്ചിരുന്നു. ഉഴുതാൻ തുടങ്ങുമ്പോൾ ഇരിക്കും. പണിയെടുക്കുകയില്ല. അതിന്റെ ജോലി വെറും തിന്നലാണ്) അവിടന്ന് പറയുന്നു: അതിന്റെ ഫലമെന്തായിരിക്കും? കർഷകർ അവയെ അറവുശാലയിൽ കൊണ്ടുപോയി വില്ക്കും. (അറവുകാർക്ക് കൊടുക്കും). അവിടന്ന് പറയുന്നു: ഇപ്രകാരം അല്ലാഹുവിന്റെ കല്പനകളെ പിൻപറ്റാനും അല്ലെങ്കിൽ വകവെക്കാനും തയ്യാറല്ലാത്തവരും പാപങ്ങളിലും ദുഷ്കർമങ്ങളിലും ജീവിക്കുന്നവരുമായവരെ) സംബന്ധിച്ച് അല്ലാഹു പറയുന്നു. *ഖുൽ മാ യഅ്ബഉബിക്കും റബ്ബീ ലൗ ലാ ദുആഉക്കും (ഫുർഖാൻ: 78)* നിങ്ങൾ ആരാധിക്കുന്നില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങളെ എന്തു വിലവെക്കാനാണ്? (മൽഫൂദാത്ത്, വാല്യം 1, പേജ് 181)

തന്നിലേക്ക് കുനിയുകയും സന്മാർഗം നേടുകയും ചെയ്യുന്നവരെയാണ് അല്ലാഹു വകവെക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു: സത്യസന്ധത വലിയ കാര്യമാണ്. അതുകൂടാതെ സൽകർമം പൂർണമാകുകയില്ല. അല്ലാഹു തന്റെ നടപടിക്രമം ഉപേക്ഷിക്കുകയില്ല, മനുഷ്യൻ തന്റെ വഴിയും ഉപേക്ഷിക്കാനാഗ്രഹിക്കുന്നില്ല. (അങ്ങനെ അലങ്കോലപ്പെട്ടു കിടക്കുകയാണ്)

അതുകൊണ്ട് പറഞ്ഞു:*"വല്ലദീന ജാഹദൂ ഫീനാ ല നഹ്ദിയന്നഹും സുബുലനാ(29:70)* ആരാണോ അല്ലാഹുവിലായിക്കൊണ്ട് അത്യധ്വാനം ചെയ്യുന്നത് അവനിൽ അല്ലാഹു തന്റെ വഴികൾ തുറക്കുന്നു."(മൽഫൂദാത്ത് വാല്യം 3 പേജ് 305-306, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ആരാണോ പരിശ്രമിക്കുകയും അല്ലാഹുവിന്റെ ശരിയായ ദീനിനെ അന്വേഷിക്കുകയും അവനെ പ്രാപിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നത്, അവൻ സന്മാർഗം പ്രാപിക്കുകയും ഈമാനിൽ അഭിവൃദ്ധിപ്പെടുകയും കൂടുതൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടു പോകുകയും ചെയ്യുന്നു. ചിലയാളുകളുടെമേൽ അവരുടെ ചില നന്മകൾ കാരണത്താൽ അല്ലാഹു കൃപ ചൊരിയുകയും അവർക്ക് നേർവഴി കാണിച്ചുകൊടുക്കുകയും ചെയ്യാറുണ്ട്. തങ്ങളുടെ ഏതെങ്കിലും നന്മ കാരണത്താൽ എങ്ങനെയും തങ്ങൾക്ക് അല്ലാഹുവിന്റെ പ്രത്യേക കൃപയുണ്ടാകുന്ന ശരിയായ വഴികിട്ടണമെന്നുള്ള പരിശ്രമത്തിൽ കഴിയുന്ന അത്തരക്കാരുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ തന്നെയാണ് നാം വിവരിക്കുന്നത്.

ആത്മാർഥതയിൽ അഭിവൃദ്ധിപ്പെടുന്നതിനുള്ള അത്തരം ചില ആത്മീയസംഭവങ്ങൾ ഞാനിന്ന് സമാഹരിച്ചിട്ടുണ്ട്.

ബുർക്കിനാ ഫാസോയിലെ അമീർ സാഹിബ് എഴുതുന്നു: ലിക്കന ഗ്രാമത്തിൽ നമ്മുടെ തദ്ദേശ മിഷണറി തബ്‌ലീഗ് ചെയ്യുന്നതിനുപോയി. തബ്‌ലീഗിനുശേഷം അദ്ദേഹം ബയ്അത്ത് വാങ്ങാനാഗ്രഹിച്ചപ്പോൾ വെറും ഒരു വൃദ്ധയാണ് ബയ്അത്ത് ചെയ്തത്. മുഅല്ലിം സാഹിബ് ഗ്രാമവാസികളോടു പറഞ്ഞു: 'ഇവിടെനിന്ന് 15 കിലോമീറ്റർ അകലെ ഞങ്ങളുടെ മസ്ജിദുണ്ട്. നിങ്ങളിലാർക്കെങ്കിലും ജമാഅത്തിനെ കുറിച്ച് അറിയണമെങ്കിൽ അവിടെ വരാവുന്നതാണ്. അവിടെ ജുമുഅ നമസ്കരിക്കാനും സൗകര്യമുണ്ട്.' എന്തായാലും ആ സ്ത്രീ മാത്രമേ ബയ്അത്ത് ചെയ്തിരുന്നുള്ളൂ. മുഅലിം സാഹിബ് പറയുന്നു. ഗ്രാമത്തിനും മസ്ജിദിനുമിടയിലുള്ള വഴിയിൽ മഴവെള്ളം ഒഴുകിയെത്തുന്ന ചെറിയൊരു തോടുണ്ട്. മഴ കാരണത്താൽ അതിൽ വെള്ളം നിറഞ്ഞുകിടക്കും. ബയ്അത്ത് ചെയ്ത സ്ത്രീ തന്റെ നമസ്കാരപടവുമെടുത്ത് എല്ലാ ജുമുആയ്ക്കും മസ്ജിദിൽ പോകാൻ ശ്രമിക്കുമായിരുന്നു. തോട്ടിൽ വെള്ളം നിറഞ്ഞുനില്ക്കുന്നത് കാണുമ്പോൾ അവിടെ നമസ്കാരപടം വിരിക്കും. താൻ അഹ്മദികളോടൊപ്പം നമസ്കരിച്ചുവെന്ന് പറയുകയും ചെയ്യും. കാരണം അഹ്മദികളോടൊപ്പം നമസ്കരിക്കുക എന്നതാണ് എന്റെ നിയ്യത്ത്. ഇദ്ദേഹം പറയുന്നു: ഒരു മാസത്തിനുശേഷം തോട്ടിൽ വെള്ളം കുറഞ്ഞപ്പോൾ ആ സ്ത്രീ മിഷൻ ഹൗസിൽ വന്നു. സംഭവങ്ങളെല്ലാം വിശദീകരിച്ചു. അവരുടെ ഈ ആത്മാർഥത പ്രകടമായത് അഹ്മദിയായതിനുശേഷമായിരുന്നു. അവർ ഈ സംഭവം വിവരിച്ചപ്പോൾ മുഅല്ലിം സാഹിബ് വീണ്ടും തബ്‌ലീഗിനായി ആ ഗ്രാമത്തിൽ പോയി. ഗ്രാമവാസികളോട് പറഞ്ഞു: ഈ വൃദ്ധ സത്യമന്വേഷിക്കുകയായിരുന്നു. അങ്ങനെ അവർ സത്യം സ്വീകരിച്ചു. അല്ലാഹു അവരിൽ കൃപചൊരിഞ്ഞു. പിന്നീട് ഇതിനു വേണ്ടി ഇവർ ഇത്ര ത്യാഗം ചെയ്തു. എല്ലാ ജുമുആയ്ക്കും പോകുകയും വെളിയിലിരുന്ന് നമസ്കരിച്ച് പോരുകയുമായിരുന്നു. വെള്ളം കാരണത്താൽ മിഷൻഹൗസിൽ എത്താൻ കഴിഞ്ഞിരുന്നില്ല. പക്ഷേ ഇത് അവരുടെ ആത്മാർഥതയാണ്. ഈ സംഭവം മുഅല്ലിം കേൾപ്പിച്ചപ്പോൾ അവിടെയുണ്ടായിരുന്ന മറ്റുള്ളവർ- അവരിൽ ചിലർ അവരുടെ ബന്ധുക്കളായിരുന്നു- 30 പേർ ബയ്അത്ത് ചെയ്തു. ഇങ്ങനെ അല്ലാഹു അവർക്ക് ഹിദായത്തിനുള്ള മാർഗം ലഭ്യമാക്കി.

സ്വപ്നങ്ങൾ മുഖേന അഹ്മദിയ്യത്ത് സ്വീകരിക്കുന്ന ആളുകളുമുണ്ട്. 'ഫ്രാൻസിലെ ഒരു വനിത ആസിയ സാഹിബ പറയുന്നു: ഞാൻ എന്റെ ബയ്അത്തിന്റെ വിവരണം പറയാനാഗ്രഹിക്കുന്നത് നിങ്ങൾ എന്നിൽ സംതൃപ്തരാകുകയും നിങ്ങളുടെ അനുഗൃഹീത ജമാഅത്തിൽ എന്നെ സ്വീകരിക്കുകയും ചെയ്തേക്കാം എന്ന ഉദ്ദേശ്യത്തോടെയാണ്. പറയുന്നു: ഒരു ദിവസം ഇന്റർനെറ്റിൽ പതിവുപോലെ ഏതെങ്കിലും പുതിയ ചാനലുകൾ കിട്ടുമോ എന്ന് തിരയുകയായിരുന്നു. എനിക്ക് 'അൽഹവാറുൽ മുബാശിറി'ന്റെ ലിങ്ക് കിട്ടി. അവിടെ വഫാത്തെ മസീഹിനെ കുറിച്ചുള്ള ചർച്ച നടക്കുകയായിരുന്നു. ഞാൻ എല്ലാ തരത്തിലുമുള്ള സന്ദേഹങ്ങൾക്കും സംശയങ്ങൾക്കും അതീതമായിട്ടുള്ളതും ദൃഢജ്ഞാനഭരിതവും സംസ്കാരസമ്പന്നമായ വിവരണവും ശക്തവും അഖണ്ഡിതവുമായ തെളിവുളും കേട്ട് അത്ഭുതപ്പെട്ടുപോയി. പറയുന്നു: അതിന് കുറച്ചുദിവസം മുമ്പേ, ഇരുട്ട് നിറഞ്ഞ ഒരു കിണറ്റിൽ വീഴാൻ പോകുന്നതായി ഞാൻ സ്വപ്നം കണ്ടിരുന്നു. ഞാൻ കിണറിന്റെ അരമതിൽ രണ്ടുകൈകൊണ്ടും ശക്തമായി പിടിച്ചിരിക്കുകയാണ്. കാലുകൾ താഴെ തൂങ്ങികിടക്കുന്നുണ്ട്. പെട്ടെന്ന് ഞാൻ മുകളിലേക്ക് നോക്കിയ

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്ബ ജുമുഅ, 2017 മെയ് 5)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

**ത്വാലിബെ ദുആ:**
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

പ്പോൾ മൂന്നുനാല് വെളുത്ത പക്ഷികളെ കണ്ടു. അവയുടെ നിറം വളരെ മുന്തിയ വെളുപ്പായിരുന്നു. പക്ഷേ, അവരാരാണെന്ന് എനിക്കറിയില്ല. ആ പക്ഷികൾ എന്നെ രക്ഷിക്കാനുള്ള ശ്രമത്തിലാണ്. പറയുന്നു: ആദ്യം എനിക്ക് ഈ സ്വപ്നം മനസ്സിലായില്ല. പക്ഷേ, പക്ഷിയുടെ രൂപത്തിൽ കാണിക്കപ്പെട്ട ഇവർ 'ഹിവാറി'ന്റെ പാനലിലെ അംഗങ്ങളാണെന്ന് പിന്നീട് മനസ്സിലായി. ഈ ജമാഅത്തിന്റെ സ്ഥാപകർ മസീഹ് മഹ്ദിയാണെന്ന് വാദിച്ചിട്ടുള്ള ആളാണെന്ന് തുടക്കത്തിൽ എനിക്കറിയില്ലായിരുന്നു. പക്ഷേ, എനിക്ക് സംശയംപോലെ തോന്നിയിരുന്നു. പിന്നീടു ഞാൻ ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ പ്രത്യേകിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കുമെന്ന് തീരുമാനിച്ചു. അതിലൊന്നും എനിക്ക് ഇസ്‌ലാമിക വിരുദ്ധമായ കാര്യങ്ങൾ കാണാൻ കഴിഞ്ഞില്ല. പ്രത്യുത അതിനുവിപരീതമായി ഞാൻ ആ മഹാത്മാവിന്റെ പരിശുദ്ധ സത്തയിൽ ഇസ്‌ലാമിനേയും മുസ്‌ലീംകളേയും നബി(സ)തിരുമേനിയേയും എതിരാളികളിൽനിന്ന് പൂർണശക്തിയോടുകൂടി പ്രതിരോധിക്കുന്നതും ഈ ഗ്രന്ഥങ്ങൾമുഖേന ഇസ്‌ലാമിന്റെ ശത്രുക്കളുടെമേൽ ഇസ്‌ലാമിനുള്ള ആദരയുക്തമായ ഭയം സ്ഥാപിക്കുന്നതുമായ വീരപുരുഷനെയാണ് കാണാൻ കഴിഞ്ഞത്. പറയുന്നു: പിന്നീട് ഞാൻ ഇസ്തിഖാറ ചെയ്തു. അതിനു രണ്ടുദിവസത്തിനുശേഷം എന്റെ ഒരു കൂട്ടുകാരി താൻ സ്വപ്നം കണ്ടതായി എന്നോടു പറഞ്ഞു:'ഞാനും അവളും എന്റെ ഭർതൃഗൃഹത്തിലാണുള്ളത്. ഞാൻ വിവിധ മുറികളിൽനിന്ന് ഒരു പ്രത്യേകമുറി തിരയുകയാണ്. അപ്പോൾ തിളക്കമാർന്നതും തേജസുറ്റതും ശാന്തമായതുമായ ഒരു മുറി കണ്ടു. അതു കണ്ട് ഞാൻ അവളോടു പറഞ്ഞു:'എനിക്ക് ഈ മുറി ഇഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ ഇനി ഇവിടെ താമസിക്കുന്നതാണ്.' പറയുന്നു: 'ഇതിൽനിന്ന് ജമാഅത്തിൽ ചേരേണ്ടതാണെന്നുള്ള ശുഭാപ്തി വിശ്വാസത്തിലെത്തി. അങ്ങനെ ബയ്അത്ത് ചെയ്തു.

തുർക്കിയിലെ മീരാസാഹിബ പറയുന്നു: ഞാൻ എന്റെ ബയ്അത്തിന്റെ വിവരണം പറയാനാഗ്രഹിക്കുകയാണ്. 2010ൽ ജമാഅത്തിനെ ഞാൻ പരിചയപ്പെട്ടു. ജമാഅത്തിൽ ചേരാനുള്ള ഭാഗ്യവും കിട്ടി. എന്റെ ഭർത്താവ് 'എം.ടി.എ. അൽഅറബിയ' വളരെ താല്പര്യത്തോടുകൂടി നോക്കാറുള്ളത് ഞാൻ കണ്ടിരുന്നു. ഞാനും അത് കാണാൻ തുടങ്ങി. ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ അസാന്നിധ്യത്തിലും എം.ടി.എ കണ്ടുകൊണ്ടിരുന്നു. തൃപ്തിയോടുകൂടി ബയ്അത്തു ചെയ്യുക എന്ന് എന്റെ ഭർത്താവ് പറയുമായിരുന്നു. ഈ ഉത്തരവാദിത്വമേറ്റെടുക്കാൻ എനിക്ക് കഴിയുകയില്ലെന്ന് ഞാൻ പറയുമായിരുന്നു. എന്റേത് വലിയ കുടുംബമാണ്. വീട്ടിൽ ഒരുപാട് ഉത്തരവാദിത്വങ്ങളുണ്ട്. പിന്നീട് ഞാൻ ദജ്ജാലിനെക്കുറിച്ച് ജമാഅത്ത് തയ്യാറാക്കിയ ഫിലിമും കണ്ടു. അതിന്റെ വിശദീകരണം ന്യായശാസ്ത്രവും ബുദ്ധിപരവുമായി ഞാൻ മനസ്സിലാക്കി. മുമ്പേ ഒരിക്കലും ഞാൻ അങ്ങനെ ഒരു വ്യാഖ്യാനം കേട്ടിരുന്നില്ല. പിന്നീട് കൂടുതൽ എം.ടി.എ. കാണാൻ തുടങ്ങി. 'ഹിവാർ' എന്ന പരിപാടിയും കണ്ടുകൊണ്ടിരുന്നു. തഹജ്ജുദ് പതിവായി നമസ്കരിക്കാൻ തുടങ്ങി. അതിനുശേഷം ഒരിക്കൽ അബ്ദുൽ ഖാദിർ ഔദേ സാഹിബ് പര്യടനം നടത്തിയപ്പോൾ ഞാൻ ബയ്അത്തും ചെയ്തു. പിന്നീട് എന്റെ മരുമകളും പെൺമക്കളും ബയ്അത്ത് ചെയ്തു. ഞങ്ങൾ ജമാഅത്തുപരമായ വിഷയങ്ങളിൽ ചർച്ചകൾ നടത്തുകയും അഹ്മദിയ്യത്ത് യഥാർഥ ഇസ്‌ലാമാണെന്ന് പറയുകയും ചെയ്യാറുണ്ടായിരുന്നു. അവർ പറയുന്നു: ഞാൻ ബയ്അത്ത് ചെയ്ത ദിവസം സ്വപ്നത്തിൽ കണ്ടു: ഞാൻ സൂറഃ കഹ്ഫിന്റെ വചനങ്ങൾ പാരായണം ചെയ്തുകൊണ്ടിരിക്കുകയാണ്. അപ്പോൾ അല്ലാഹു ഞങ്ങളെ ദജ്ജാലിന്റെ ഉപദ്രവങ്ങളിൽനിന്ന് രക്ഷിക്കുമെന്നും ഞാൻ ഇമാം മഹ്ദിയുടെ സഹായികളിൽ ആകുമെന്നും എനിക്ക് ദൃഢവിശ്വാസമുണ്ടായി. ഇപ്പോൾ അവൻ ഞങ്ങൾക്ക് ഈമാൻ നൽകി. അവന് നന്ദി. ഈ ഉത്തരവാദിത്വം നിറവേറ്റാൻ അല്ലാഹു എന്നെ അനുഗ്രഹിക്കുമാറാകട്ടെ. ഇപ്രകാരം അവർ സ്വയം സംഭവങ്ങൾ എഴുതുകയും ദുആയ്ക്ക് പറയണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

അല്ലാഹു പുതിയ ജമാഅത്തുകൾ എങ്ങനെ രൂപീകരിക്കുന്നു എന്നതിനെ സംബന്ധിച്ചുള്ള ചില സംഭവങ്ങളുണ്ട്. അബ്ദുൽ ഖുദ്ദൂസ് സാഹിബ് മുബല്ലിഗ് ബെനിൻ (Benin) എഴുതുന്നു: മുഅല്ലിം സക്‌രിയ സാഹിബ് ഒരു ഗ്രാമത്തിൽ തബ്‌ലീഗിനു പോയി. ഇപ്പോൾ ആളുകൾ ജോലി സംബന്ധമായി ഗ്രാമത്തിന് വെളിയിൽ പോയിരിക്കുകയാണെന്നും താങ്കൾ ജുമുഅ ദിവസം വരികയെന്നും അപ്പോൾ ആളുകൾ ഇവിടെയുണ്ടാകുമെന്നും അവിടത്തെ ഒരു സുഹൃത്ത് പറഞ്ഞു. അങ്ങനെ മുഅല്ലിം സാഹിബ് ജുമുഅ ദിവസം വീണ്ടും പോയി. മുഅല്ലിം സാഹിബ് മസ്ജിദിൽ പ്രവേശിച്ചതിനുശേഷം രണ്ട് റക്അത്ത് നഫ്ൽ നമസ്കരിച്ചു. ഇമാം സാഹിബിന്റേയും ആ ഗ്രാമത്തിലെ കമ്മിറ്റിയുടേയും അനുവാദത്തോടെ തബ്‌ലീഗ് തുടങ്ങി. മുഅല്ലിം സാഹിബ് 'സൂറഃഫാത്തിഹായുടെ വ്യാഖ്യാനവും ഇമാം മഹ്ദിയുടെ ആഗമനവും' സംബന്ധിച്ചാണ് പ്രസംഗിച്ചത്. ആളുകൾ പ്രസംഗത്തിന്നിടയിൽ അല്ലാഹു അക്ബർ എന്ന് ഉറക്കെ പറയാൻ തുടങ്ങി. തബ്‌ലീഗ് അവസാനിച്ചപ്പോൾ അവരുടെ മസ്ജിദ് കമ്മിറ്റിയുടെ പ്രസിഡണ്ട് പറഞ്ഞു: ഞാൻ മുസ്‌ലിമായി ജനിച്ചവനാണ്. എന്നാൽ, ഇന്നുവരെ സൂറഃ ഫാത്തിഹായുടെ ഇത്തരത്തിലുള്ള വ്യാഖ്യാനം കേട്ടിട്ടില്ല. ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റ അധ്യാപനമെങ്കിൽ ഞാൻ നിങ്ങൾക്കെല്ലാവർക്കും ആശംസകൾ നേരുകയാണ്. നമ്മൾ ഈ ജമാഅത്ത് സ്വീകരിക്കുന്നു. അങ്ങനെ ഇമാം ഉൾപ്പെടെ ആ ഗ്രാമത്തിലെ മുസ്‌ലിം സംഘടനയുടെ എല്ലാ അംഗങ്ങളും അഹ്മദിയ്യാ ജമാഅത്ത് സ്വീകരിച്ചു. ഇപ്രകാരം ഒരു പുതിയ ജമാഅത്ത് നിലവിൽ വന്നു.

പറയുന്നു: ആ ഗ്രാമത്തിലെ മൗലവി ശക്തമായി എതിർത്തു. നമ്മുടെ മുഅല്ലിം മടങ്ങി വീട്ടിലെത്തിയപ്പോൾ ഇനി മേലാൽ ഈ ഗ്രാമത്തിലും മസ്ജിദിലും വരരുതെന്ന് മൗലവി ഫോൺ ചെയ്തു പറഞ്ഞു. കുറച്ചുകാലത്തിനുശേഷം ബെനിൻ ഖുദ്ദാമുൽ അഹ്മദിയ്യായുടെ നാഷണൽ ഇജ്തിമായുമായി ബന്ധപ്പെട്ട് നമ്മുടെ മുഅല്ലിം വീണ്ടും അവിടെ പോയി. യുവാക്കളോട് യോഗത്തിൽ പങ്കെടുക്കാൻ അപേക്ഷിച്ചു. അപ്പോൾ ആ മൗലവി വീണ്ടും അവരെ തടഞ്ഞു. അവരോടൊപ്പം ഖുദ്ദാമിനെ കൊണ്ടുപോകരുതെന്ന് വിലക്കി. എന്നാൽ, പുതുഅഹ്മദികളായ ഖുദ്ദാം മൗലവിയുടെ ആഹ്വാനം നിരസിച്ചു. എല്ലാവരും ഇജ്തിമായിൽ പങ്കെടുത്തു. ഇപ്രകാരമാണ് അല്ലാഹു എതിരാളികളായ മൗലവിമാരെ നിന്ദിക്കുന്നത്; പുതിയ ജമാഅത്തുകൾ രൂപീകരിക്കുന്നതും!

പുതിയ ജമാഅത്തുകളുടെ രൂപീകരണം സംബന്ധിച്ചുള്ള മറ്റൊരു സംഭവമുണ്ട്. അത് അറോശാറീജ്യണിന്റേതാണ്. മുറബ്ബി സാഹിബ് എഴുതുന്നു: അല്ലാഹുവിന്റെ കൃപയാൽ ഒരു പുതിയ പ്രദേശത്ത് അഹ്മദിയ്യത്ത് രൂപീകരിച്ചു. സാമെ(Same) ജില്ലയിലെ ഒരു ഗ്രാമമായ കിസ്‌വാനിയിൽ(ഗശംെമിശ) ആദ്യം ഒരു അഹ്മദിയും ഉണ്ടായിരുന്നില്ല. ഇവിടെ ആവർത്തിച്ചാവർത്തിച്ച് പര്യടനം നടത്താൻ ഭാഗ്യം കിട്ടി. ധാരാളം നോട്ടീസുകൾ വിതരണം ചെയ്തു. ഇപ്രകാരംതന്നെ ജമാഅത്തിന്റെ പത്രങ്ങളും ഗ്രന്ഥങ്ങളും ആ ഗ്രാമത്തിൽ വിതരണം ചെയ്യപ്പെട്ടു. ഇതിന്റെ ഫലമായി ഇപ്പോൾ അല്ലാഹുവിന്റെ കൃപയാൽ ബയ്അത്ത് തുടങ്ങി എന്നു മാത്രമല്ല ഔദ്യോഗികമായി ജമാഅത്തും രൂപീകരിച്ചുകഴിഞ്ഞു. അല്ലാഹുവിന്റെ കൃപയാൽ ഇവിടെ മസ്ജിദ് നിർമാണത്തിന് പ്ലോട്ട് വാങ്ങാൻ പോകുകയാണ്. തദ്ദേശ ജമാഅത്തിലെ അംഗങ്ങൾ മസ്ജിദ് നിർമാണത്തിന് സ്വന്തമായി ഇഷ്ടികകൾ നിർമിക്കുന്നു. പക്ഷേ, അതിനോടൊപ്പം മറ്റു മുസ്‌ലിംകളിൽനിന്ന് എതിർപ്പുകളും തുടങ്ങിയിട്ടുണ്ട്. എതിരാളികൾ ജമാഅത്തിന്നെതിരിൽ അക്രമം അഴിച്ചുവിടുന്നതിനുവേണ്ടി അനാവശ്യങ്ങൾ പറഞ്ഞുപരത്താൻ തുടങ്ങിയിരിക്കുന്നു. പറയുന്നു: ഞങ്ങൾ ഉദ്യോഗസ്ഥരിൽനിന്ന് അനുവാദം വാങ്ങി ഗ്രാമത്തിൽ സംവാദത്തിനുള്ള ഏർപ്പാട് ചെയ്തു. ആ വിവരം ഗ്രാമം മുഴുവൻ പരസ്യപ്പെടുത്തി. സത്യവാന്മാരാണെങ്കിൽ വരാനും എല്ലാവരുടെയും മുന്നിൽ സംസാരിക്കാനും സുന്നി മൗലവിമാരേയും ക്ഷണിച്ചു. അങ്ങനെ തീരുമാനിച്ച പരിപാടിയനുസരിച്ച് സംവാദം സംഘടിപ്പിച്ചു. ധാരാളം അനഹ്മദികൾ അതിൽ പങ്കെടുത്തു. പക്ഷേ, സുന്നി മൗലവിമാരിൽനിന്ന് ആരുംതന്നെ ഹാജരായില്ല. അതോടെ മൗലവിമാരുടെ പക്കൽ അക്രമം ചെയ്യുക എന്നതല്ലാതെ മറ്റൊന്നുമില്ലെന്ന് ഗ്രാമവാസികൾക്ക് മനസ്സിലായി.

അല്ലാഹു വിവിധ മാർഗത്തിലൂടെ അവരുടെ ഹിദായത്തിനുള്ള സാഹചര്യമൊരുക്കുന്നു. അവർ യഥാർഥത്തിൽ ദീനിലേക്ക് ചായ്‌വുള്ളവരാണ്. ബുർക്കിനാ ഫാസോ(Burkina Faso)യിലെ ജമാഅത്ത് അമീർ സാഹിബ് എഴുതുന്നു: ഒരു ഗ്രാമമായ നാബിയിരിൽ(Nabiyir) തബ്‌ലീഗ് ചെയ്യപ്പെട്ടു. അവിടെ അല്ലാഹുവിന്റെ കൃപയാൽ ധാരാളം ബയ്അത്തുകൾ ലഭിച്ചു. അവിടത്തെ കെട്ടുറപ്പില്ലാത്ത ഒരു മസ്ജിദിൽ മുഅല്ലിം സാഹിബിനെ നിയമിച്ചു. ജുമുഅ നമസ്കാരം പതിവായിതുടങ്ങി. പക്ഷേ, അനഹ്മദി മൗലവി ഫിത്ന ഉണ്ടാക്കാൻ തുടങ്ങുകയും ജുമുഅ നമസ്കാര സമയത്ത് മസ്ജിദിൽ വന്ന് ആളുകളെ ജമാഅത്തിൽനിന്നകറ്റാനും പ്രകോപനമുണ്ടാക്കാനും ശ്രമിക്കുകയും ചെയ്തു. പക്ഷേ, അവിടെ ജമാഅത്തിൽ നിരന്തരം വളർച്ച ഉണ്ടായിക്കൊണ്ടിരുന്നു. അവസാനം മൗലവിയ്ക്കൊന്നും അവിടെ ചെയ്യാൻ കഴിഞ്ഞില്ല. അങ്ങനെ അയാൾ അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദിന് മുമ്പിൽ തങ്ങളുടെ ഒരു മസ്ജിദ് നിർമിച്ചു. അഹ്മദിയ്യാ മസ്ജിദ് ഇനി സഫ്ഫ് വെക്കുന്ന വെറും സ്റ്റോറായിത്തീരുന്നതാണെന്നും അവിടെ നമസ്കാരക്കാരാരും വരികയില്ലെന്നും വിളംബരം ചെയ്തു. പക്ഷേ, അതിനു വിരുദ്ധമാണ് അവിടെ സംഭവിച്ചത്. അയാളുടെ വീട്ടിലെ ബന്ധുക്കൾ മാത്രമാണ് അവിടെ മസ്ജിദിൽ നമസ്കരിക്കാറുണ്ടായിരുന്നത്. നമ്മുടെ മസ്ജിദിൽ അല്ലാഹുവിന്റെ കൃപയാൽ നമസ്കരിക്കുന്നവരുടെ എണ്ണം വർധിക്കാൻ തുടങ്ങി. ഇദ്ദേഹം എഴുതുന്നു: ജുമുഅ നമസ്കാരത്തിൽ ഈ ചെറിയ സ്ഥലത്ത് 200 നും 250 നുമിടയ്ക്ക് ആളുകളാണ് പങ്കെടുക്കുന്നത്.

ദുആകൾ സ്വീകരിക്കുന്നതിന്റെ ദൃശ്യങ്ങൾ അല്ലാഹു എങ്ങനെയാണ് കാണിക്കുന്നത്? ബെനിനിലെ മുബല്ലിഗ് അൻസ്വർ സാഹിബ് എഴുതുന്നു: ആസ്സിയോൻ(Assion) ഗ്രാമത്തിൽ 200 ബയ്

"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."
(ഖുത്ബ ജുമുഅ,2017 മെയ് 5.)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിആ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

അത്തുകൾ നടന്നിരുന്നു. ഇപ്പോൾ ഈ ഗ്രാമത്തിൽ എല്ലാ വെള്ളിയാഴ്ചയും ചൊവ്വാഴ്ചയും തർബിയത്തീ ക്ലാസുകൾ നടക്കാറുണ്ട്. അവിടെത്തെ സ്വദർ സാഹിബിന്റെ മകൾ മറ്റൊരു ഗ്രാമത്തിലാണ് താമസിച്ചിരുന്നത്. അവർക്ക് തീരെ സുഖമില്ലാതെയായി. രോഗം കാരണത്താൽ ജീവിച്ചവംപോലെയായിരുന്നു. സംസാരവും അനക്കവും നിലച്ചതുപോലെയായി. അവളെ ആശുപത്രിയിൽ കൊണ്ടുപോയി. പക്ഷേ, ഒരു ചികിത്സയും ഫലം ചെയ്തില്ല. നിരാശയോടെ അവളെ വീട്ടിൽ തിരിച്ചുകൊണ്ടുവന്നു. ഒരു മൗലവിയെ വിളിച്ചു. അയാൾ പെൺകുട്ടിയുടെ മേൽ മന്ത്രിച്ചൂതി. അതിനുപകരമായി 40,000 ഫ്രാങ്കും ഒരു മുട്ടനാടിനേയും വാങ്ങിപ്പോയെങ്കിലും അവളുടെ അസുഖം മാറിയില്ല. വേറൊരു മൗലവിയെ വിളിച്ചു. അയാളും ഇത്ര വലിയ തുക വാങ്ങി. പക്ഷേ, വ്യത്യാസമൊന്നുമുണ്ടായില്ല. പറയുന്നു: മൗലവിമാരെക്കൊണ്ട് ഞങ്ങൾ നിരാശരായി. എന്തായാലും അവൾ മരിക്കാൻ പോകുകയാണെന്ന് ഞങ്ങൾ ചിന്തിച്ചു. അങ്ങനെ അവളെ അവളുടെ പിതാവിന്റെ വീട്ടിൽ കൊണ്ടുപോയി. അവളെ ഇവിടെകൊണ്ടുവന്നപ്പോൾ അവളുടെ പിതാവ് അഹ്മദിയ്യാ ജമാഅത്തിനോട് ദുആക്കുവേണ്ടി അപേക്ഷിച്ചു. എനിക്കും കത്തെഴുതി. പറയുന്നു: ഒരു ദിവസത്തിനുശേഷംതന്നെ ആ പെൺകുട്ടിയ്ക്ക് അനക്കം തുടങ്ങി. അടുത്തദിവസം വൈകുന്നേരത്തോടെ അവളുടെ ശരീരത്തിൽനിന്ന് രോഗം പൂർണമായും നീങ്ങി. അവൾ ജീവിക്കുമെന്ന് ആർക്കും ഊഹിക്കുവാൻപോലും കഴിഞ്ഞിരുന്നില്ല. എന്നാൽ, ഇപ്പോൾ അവളെ കണ്ടിട്ട് ഇവൾക്ക് രോഗം പിടിപെട്ടിരുന്നുവെന്ന് ആർക്കും പറയാൻ സാധിക്കുകയില്ല. ഇതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവാണ്.

ബുർക്കിനാ ഫാസോയിലെ ഒരു മുഅല്ലിം സീൻതെ കരീം സാഹിബ് എഴുതുന്നു. തബ്ലീഗ് ചെയ്യുന്നതിന് ഞങ്ങൾ ഒരു ഗ്രാമത്തിൽ പോയി. അവിടെ ചെന്ന് തബ്ലീഗ് ചെയ്യാൻ അനുവാദം തേടി. ഗ്രാമത്തിലെ ഇമാം പറഞ്ഞു: 'ഞങ്ങളുടെ അടുത്ത് നിങ്ങളുടെ മുബല്ലിഗ് ഇതിന് മുമ്പേയും വന്നിരുന്നു. ഞങ്ങളിൽ ധാരാളമാളുകൾ ബയ്അത്തും ചെയ്തിരുന്നു. പക്ഷേ, ഗ്രാമത്തിലെ എല്ലാവരും ബയ്അത്ത് ചെയ്തിരുന്നില്ല. അതുകൊണ്ട് നിങ്ങൾ തബ്ലീഗ് ചെയ്യുക. മുമ്പേ ബയ്അത്ത് ചെയ്യാത്തവർ നിങ്ങളുടെ തബ്ലീഗ് കൊണ്ട് ചേർന്നേക്കാം.' അങ്ങനെ നീണ്ടനേരം ചോദ്യോത്തരം നടന്നുകൊണ്ടിരുന്നു. അവസാനം അവരിൽ മുതിർന്നയാൾ പറഞ്ഞു: ഞങ്ങൾ അഹ്മദികളായിരുന്നു. പക്ഷേ, എങ്കിലും കുറച്ചുകാര്യങ്ങൾ വ്യക്തമായിരുന്നില്ല. എന്നാൽ, ഇന്ന് ശരിയായ നിലയിൽ ഇസ്ലാമിന് ആരെങ്കിലും സേവനം ചെയ്യുന്നുണ്ടെങ്കിൽ അത് നിങ്ങളാണെന്ന് ഞാൻ കണ്ടു. കാരണം നിങ്ങൾ ക്ഷീണിക്കാതെ സ്ഥിരമായി ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഞങ്ങൾ നിങ്ങളോടൊപ്പമാണ്.' അപ്പോൾ ഇമാം ഗ്രാമവാസികളോട് പറഞ്ഞു: ആദ്യം ബയ്അത്ത് ചെയ്തിട്ടില്ലാത്തവർ ഇപ്പോൾ ചെയ്തുകൊള്ളുക.' ഇപ്രകാരം ഗ്രാമത്തിലെ 73 ആളുകൾകൂടി ബയ്അത്ത് ചെയ്തു.

ഇപ്പോൾ അല്ലാഹു ആ ആളുകളുടെ മനസ്സുകൾ തുറക്കുന്നെങ്കിൽ അവർക്ക് ശരിയായ ഇസ്ലാം സ്വീകരിക്കാൻ ഭാഗ്യം നല്കുന്നെങ്കിൽ അത് അവരുടെമേലുള്ള അല്ലാഹുവിന്റെ ഫള്ലാണ്. അതുകൊണ്ട് അവിടെ മാത്രം എന്തുകൊണ്ട് ഇതെല്ലാം നടക്കുന്നു എന്നതിന് മറുപടി അവർക്ക് മതത്തെക്കുറിച്ച് ബോധമുണ്ട് എന്നതാണ്. അവർ രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്ന് ദീനീ മജ്ലിസുകൾ കേൾക്കുന്നു. ഇത്രമാത്രം ദീർഘമായിരിക്കാനും മതത്തിനുവേണ്ടി സമയം നല്കാനും മജ്ലിസുകളിലിരുന്ന് ചോദ്യങ്ങൾ ചോദിക്കാനും മറുപടി കേൾക്കാനും ഇവിടെ ആർക്കും സമയമില്ല.

ഇന്ത്യയിലെ നാഇബ് നാളിർ ദഅ്വത്തെ ഇലല്ലാഹ് എഴുതുന്നു: ലക്കീംപൂർ നഗരത്തിൽ ഒരു സുഹൃത്ത് അബ്ദുസത്താർ സാഹിബുമായി ബന്ധമുണ്ടായി. അദ്ദേഹവുമായി കൂടികണ്ടപ്പോൾ ഏങ്ങലടിച്ച് കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: ഞങ്ങൾ കരംപൂർ ഗ്രാമത്തിൽ വസിക്കുന്നവരാണ്. ഞങ്ങൾക്ക് 50 ഏക്കർ സ്ഥലമുണ്ടായിരുന്നു. നല്ല കച്ചവടമുണ്ടായിരുന്നു. ഞങ്ങൾ 12 വർഷം മുമ്പേ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചവരാണ്. പക്ഷേ, ബയ്അത്തിനുശേഷം ഞങ്ങൾക്ക് എത്രത്തോളം എതിർപ്പുണ്ടായെന്നാൽ ഞങ്ങളുടെ വീട്ടിനുമേൽ കല്ലേറിയുകയും ഞങ്ങളെ വീടുകളിൽനിന്ന് പുറത്താക്കുകയും ചെയ്തു. എന്റെ മകനെ മർദ്ദിച്ച് പരിക്കേൽപിച്ചു. എന്റെ ഭാര്യയുടെ കൈയൊടിച്ചു. എതിർപ്പ് സഹിക്കവയ്യാതെ ഞങ്ങൾക്ക് വീടും സ്ഥലവും കിട്ടിയ വിലക്ക് വിറ്റ് അവിടെനിന്ന് പുറത്തുപോകേണ്ടിവന്നു. എല്ലാ തൊഴിലുകളും നശിച്ചു. ഞങ്ങൾ അവിടെനിന്ന് ലക്കീംപൂർ നഗരത്തിൽ വന്നു. ഒരു ചെറിയ വീട്ടിൽ താമസം തുടങ്ങി. പക്ഷേ, എതിരാളികൾ ഞങ്ങളെ പിന്തുടർന്നു. അവർ ഇവിടെയും എത്തി. നഗരത്തിലെ മുസ്ലിംകളെ പ്രകോപിപ്പിച്ചു. നഗരത്തിലുള്ള ഒരു മുസൽമാനും ഞങ്ങളുമായി സംസാരിക്കാറുണ്ടായിരുന്നില്ല. വരുമ്പോഴും പോകുമ്പോഴും ഞങ്ങളെ ബുദ്ധിമുട്ടിക്കുമായിരുന്നു. ഇതിന്നിടയിൽ ജമാഅത്തുമായിട്ടുള്ള ബന്ധവും ഇല്ലാതായി. പക്ഷേ, അല്ലാഹു ഞങ്ങളെ അഹ്മദിയ്യാ ജമാഅത്തിന്റെ സത്യസാക്ഷ്യത്തിനുള്ള ഒരു മഹത്തായ ദൃഷ്ടാന്തം കാണിച്ചു. ഞങ്ങളെ എതിർക്കുന്നതിൽ മുൻപന്തിയിലുണ്ടായിരുന്ന വലിയ എതിരാളി ബസ്സിൽ യാത്രചെയ്ത് ഏതോ വിവാഹത്തിന് പോകുകയായിരുന്നു. അവരുടെ ബസ് റെയിൽവേ പാളത്തിൽ കുടുങ്ങി ട്രെയിനിടിച്ച് അപകടമുണ്ടായി. ഇതിന്റെ ഫലമായി 28 ആളുകൾ സംഭവസ്ഥലത്തുതന്നെ മരിച്ചു. രക്ഷപ്പെട്ടവർക്കും ഗുരുതരമായി പരിക്കേറ്റു. ആരേയും തിരിച്ചറിയാൻ കഴിയാത്ത വിധം ജഡങ്ങൾ ചിഹ്നിച്ചിതറിയിരുന്നു. ദൂരെദൂരെ വരെ ശരീരത്തിന്റെ അവശിഷ്ടങ്ങൾ തെറിച്ചുവീണിരുന്നു. എതിരാളികളുടെ ഓരോരോ വീട്ടിൽനിന്ന് 9, 9 ജഡങ്ങളാണ് എടുത്തത്. ഈ സംഭവം ഞങ്ങൾ അറിഞ്ഞപ്പോൾ പരിക്കേറ്റവരെ കാണുന്നതിനുവേണ്ടി ആശുപത്രിയിൽ പോയി. ആ നേരത്ത് എതിരാളികളുടെ ബന്ധുക്കൾ ലജ്ജിതരായിക്കൊണ്ട് ഞങ്ങളിൽനിന്ന് മുഖം മറയ്ക്കാൻ തുടങ്ങി. ഈ അപകടത്തിനുശേഷം ലക്കീംപൂർ നഗരത്തിലെ വലിയ മസ്ജിദിന്റെ ഒരു മൗലവി രക്ഷപ്പെട്ടവരേയും അബ്ദുസത്താർ സാഹിബിന്റെ കുടുംബത്തേയും മസ്ജിദിൽ വിളിപ്പിച്ചു. മൗലവി സാഹിബ് ആ എതിരാളികളോട് പറഞ്ഞു: നിങ്ങൾ അഹ്മദികളോട് മാപ്പ് ചോദിക്കുകയും അവരോടുള്ള എതിർപ്പ് നിറുത്തുകയും ചെയ്യുക. നിങ്ങൾ ബന്ധം വിച്ഛേദിച്ചവരാണ്. അതിപ്പോൾ അവസാനിപ്പിക്കുക. അങ്ങനെ ആ അപകടത്തിനുശേഷം എതിർപ്പ് തികച്ചും തണുത്തു. ഇദ്ദേഹം പറയുന്നു: ജമാഅത്തുപരമായി ഞങ്ങളുടെ ബന്ധം തകർന്നുപോയിരുന്നെങ്കിലും ഞങ്ങൾ മനസ്സുകൊണ്ട് അഹ്മദിതന്നെയായിരുന്നു. അങ്ങനെ ഈ ബന്ധം പൂർവ്വസ്ഥിതിയിൽ വന്നപ്പോൾ വളരെ സന്തോഷമുണ്ടായി. അവരെല്ലാവരും ബയ്അത്തുകൾ പുതുക്കി. ആരാണോ ഒരു പ്രാവശ്യം വിശ്വസിക്കുന്നത്, യഥാർഥത്തിൽ സത്യം മനസ്സിലാക്കി വിശ്വസിക്കുന്നത് അല്ലാഹു അവരുടെ ഈമാനിൽ ശക്തി പ്രദാനം ചെയ്യുന്നതാണ്.

കൊസോവോയിലെ മുബല്ലിഗ് എഴുതുന്നു: ഒരു പ്രസിദ്ധ പണ്ഡിതനായിരുന്നു ശഫ്ഖത്ത് (Shefqet Kransiqui)സാഹിബ്. ഇദ്ദേഹം ദീർഘകാലമായി രാജ്യത്തിന്റെ തലസ്ഥാനത്തുള്ള ഏറ്റവും വലിയ മസ്ജിദിലെ ഇമാമായിരുന്നു. അവിടെത്തെ യൂണിവേഴ്സിറ്റിയിലെ ഇസ്ലാമിയാത്ത് വകുപ്പിന്റെ പ്രൊഫസർ എന്ന നിലയിൽ പഠിപ്പിക്കുകയും ചെയ്തിരുന്നു. രാജ്യത്ത് അങ്ങേയറ്റം സ്വീകാരാർഹനായ വ്യക്തിയാണ്. അദ്ദേഹം കുറേ വർഷംമുമ്പേ റേഡിയോ തുടങ്ങിയവയിൽ പ്രോഗ്രാമുകൾക്കിടയിൽ അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ പ്രകോപനപരമായ പ്രസംഗങ്ങൾ ചെയ്തിരുന്നു. ഇന്റർനെറ്റ് തുടങ്ങിയവയിലും ജമാഅത്തിന്നെതിരിൽ പ്രോപ്പോഗണ്ട ചെയ്തിരുന്നു. അല്ലാഹു ഇതിന് പകരം വീട്ടിയതെങ്ങനെയെന്നാൽ ആദ്യം അയാളുടെ ക്യാരക്റ്ററിൽ ആക്ഷേപമുന്നയിക്കപ്പെട്ട കാരണത്താൽ അയാളെ യൂണിവേഴ്സിറ്റിയിൽനിന്ന് പുറത്താക്കി. പിന്നീട് ഭീകരവാദികൾക്ക് അഭയം നല്കി, ബ്ലാക്ക് മണി(black money) കൈകാര്യം ചെയ്തു തുടങ്ങിയ കുറ്റം ചുമത്തി പോലീസ് അയാളെ അറസ്റ്റ് ചെയ്തു. നിരവധി ദിവസങ്ങൾ റിമാന്റിൽവെച്ചു. അയാളെ ജാമിയാ മസ്ജിദിന്റെ ഇമാമത്തിൽനിന്ന് പുറത്താക്കി. എല്ലാ ഉത്തരവാദിത്തങ്ങളും അയാളിൽനിന്ന് തിരികെ വാങ്ങി. രാജ്യത്തിനുള്ളിൽ മറ്റു ഇമാമുകളും ജമാഅത്തിന്നെതിരിൽ സാധാരണക്കാരെ ഇളക്കിവിട്ടിരുന്നു. ഈ നടപ്പുവർഷം ആ ഇമാമിംകളേയും മതപരമായ വിദ്വേഷം പരത്തുകയും സമൂഹത്തിൽ അശാന്തി ഉണ്ടാക്കുകയും ചെയ്യുന്നുവെന്ന കുറ്റം ചുമത്തി അറസ്റ്റ് ചെയ്തു. പറയുന്നു: രാജ്യത്ത് തലപ്പത്തിരിക്കുന്ന ഉലമായ്ക്ക് ഇന്നുവരെ ഇത്തരം നിന്ദ്യവും അപമാനവും നേരിടേണ്ടിവന്നിട്ടില്ല. ഇക്കാരണത്താൽ അവിടെത്തെ അഹ്മദികൾക്ക് അല്ലാഹു വിശ്വാസത്തിൽ ശക്തിപകർന്നു.

പുതിയ അഹ്മദികളുടെമേൽ അക്രമം നടന്നിട്ടും ഈമാനിൽ നിലകൊണ്ട ഉദാഹരണം ഒന്ന് ഞാൻ ഇന്ത്യയെ സംബന്ധിച്ച് ആദ്യമേ പറഞ്ഞിരുന്നു. ഇതുപോലെ മറ്റൊരു ഉദാഹരണമുണ്ട്. യു.പി. യിലെ ഒരു ഗ്രാമത്തിൽ അവിടെയുള്ള എല്ലാവരും ബയ്അത്ത് ചെയ്തിരുന്നു. പിന്നീട് ശക്തമായ എതിർപ്പ് കാരണത്താൽ അവർ എല്ലാവരും പിന്നാക്കം പോയി. പക്ഷേ, ഒരു സുഹൃത്ത് മുഹമ്മദ് ഹനീഫ് സാഹിബ് അഹ്മദിയ്യത്തിൽ ഉറച്ചുനിന്നിരുന്നു. എതിരാളികൾ അദ്ദേഹത്തെ കഠിനമായി എതിർത്തെങ്കിലും അദ്ദേഹം തന്റെ ഈമാനെ കാത്തുസൂക്ഷിച്ചു. ഈ എതിർപ്പിന്നിടയിലാണ് ഹനീഫ് സാഹിബിന്റെ മകൻ വഫാത്തായത്. എതിരാളികൾ അദ്ദേഹത്തിന്റെ മകനെ ഖബ്ർസ്ഥാനിൽ അടക്കുന്നതും ജനാസ നമസ്കരിക്കുന്നതും വിലക്കി. അദ്ദേഹത്തോട് പറഞ്ഞു: നിങ്ങൾ അഹ്മദിയ്യത്തിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുകയാണെങ്കിൽ ഞങ്ങൾ നിങ്ങളുടെ മകന്റെ ജനാസ നമസ്കരിക്കുന്നതും ഖബ്ർസ്ഥാനിൽ അടക്കാൻ അനുവദിക്കുന്നതുമാണ്.' പക്ഷേ, ഹനീഫ് സാഹിബ് ഉറച്ചു നിന്നു. തന്റെ മക്കളുമൊത്ത് ജനാസ നമസ്കരിച്ചു. തന്റെ മകനെ തന്റെ വീട്ടിൽത്തന്നെ ഖബ്റടക്കി. അങ്ങനെ അദ്ദേഹത്തിന് ജമാഅത്തുമായിട്ടുള്ള ബന്ധം പൂർവസ്ഥിതിയിലായപ്പോൾ അവർ എല്ലാവരും കണ്ണീരോടെ അദ്ദേഹത്തെ ചേർത്തുപിടിച്ചു കുടുംബത്തോടൊപ്പം ബയ്അത്ത് പുതുക്കി. താങ്കൾ എന്തുകൊണ്ട് കേന്ദ്രവുമായി ബന്ധപ്പെട്ടില്ലാ എന്ന് ചോദിച്ചപ്പോൾ, ഖാദിയാനികളുടെ ലഖ്നൗവിലുള്ള കേന്ദ്രം തകർന്നുവെന്നും അവരുടെ മദ്റസ അടച്ചുപൂട്ടിയെന്നും ഇപ്പോൾ അവിടെ ആരുമില്ലെന്നുമാണ് ഞങ്ങളോട് പറയപ്പെട്ടത് എന്ന് അദ്ദേഹം പറഞ്ഞു. ഖാദിയാനുമായി ബന്ധപ്പെടാനുള്ള സാഹചര്യവുമുണ്ടായിരുന്നില്ല. പക്ഷേ, എന്നിട്ടും ഈമാനിൽ ഉറച്ചുനിന്നു. അദ്ദേഹത്തിന് അല്ലാഹു സന്മാർഗം നല്കണമായിരുന്നു. അങ്ങനെ സന്മാർഗത്തിൽ നിലനിറുത്തി. തങ്ങളുടേയതായ ഏതെങ്കിലും ഉദ്ദേശ്യത്തോടുകൂടി ബയ്അത്ത് ചെയ്ത് അഹ്മദിയായവർ തെറ്റിപോകുകയും ജമാഅത്ത് ഉപേക്ഷിക്കുകയും ചെയ്തു.

ഐവറികോസ്റ്റിലും ബയ്അത്ത് ചെയ്ത കാരണത്താൽ അക്രമത്തിന്റെ ഒരു ഉദാഹരണമുണ്ട്. ഒരു പുതിയ അഹ്മദി ബാംമ്പ സേക്കോ(Bamba Sekou) സാഹിബ് ബയ്അത്ത് ചെയ്തതിനുശേഷം തന്റെ സഹോദരങ്ങളെ കത്തു മുഖേന താൻ അഹ്മദിയ്യത്ത് സ്വീകരിച്ച വിവരം അറിയിച്ചു. മൂന്ന് ദിവസത്തിനുള്ളിൽ അഹ്മദിയ്യത്തിൽനിന്ന് മടങ്ങുന്നില്ലെങ്കിൽ ഇസ്ലാമിക ശരീഅത്ത് അനുസരിച്ച് നിന്നെ കൊല്ലുമെന്ന് അദ്ദേഹത്തിന്റെ സഹോദരങ്ങൾ മറുപടി കൊടുത്തു. ഇപ്രകാരംതന്നെ തൊഴിലിൽ കൂട്ടുകാരനായിരുന്ന അദ്ദേഹത്തിന്റെ സുഹൃത്ത്-അയാൾ വഹാബിവിശ്വാസക്കാരനായിരുന്നു- അദ്ദേഹത്തിന്റെ വിഹിതം നൽകി തൊഴിൽപങ്കാളിത്തത്തിൽനിന്ന് ഒഴിവാക്കി. പക്ഷേ, അദ്ദേഹം ന

ഷ്ടമോ എതിർപ്പോ ഒന്നും വകവെച്ചില്ല. അഹ്മദിയ്യത്തിൽ ഉറച്ചുനിന്നു.

ഫ്രാൻസിലെ അമീർ സാഹിബ് പറയുന്നു: ഇപ്പോൾ ദൈവകൃപയാൽ അല്ലാഹു എം.ടി.എ മുഖേന ദുൻയാവുമായി ബന്ധപ്പെടാനുള്ള സൗകര്യം ലഭ്യമാക്കിയിരിക്കുകയാണ്. എപ്രകാരം എന്റെ ഖുത്ബകൾ എവിടെയൊക്കെ പോകുന്നുവോ അവിടെ അന്യരും അത് കേൾക്കുന്നു. അതിന്റെ സ്വാധീനത്തിന്റെ ഒരു സംഭവം അമീർ സാഹിബ് വിവരിക്കുന്നു: ഒരു സുഹൃത്ത് ദാനിയേൽ സാഹിബ് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. അദ്ദേഹം പറയുന്നു: ബയ്അത്തിനു മുമ്പേ അദ്ദേഹം മായോട്ടേ ഐലന്റിൽ താമസിച്ചിരുന്നു. അത് ഫ്രാൻസിലെ ഒരു ദ്വീപാണ്. മായോട്ടയിൽ അദ്ദേഹം പോകുന്ന മസ്ജിദിലെ ഇമാം സ്ഥിരമായി എം.ടി.എയിൽ എന്റെ ഖുത്ബ ജുമുഅ കേൾക്കാറുണ്ടായിരുന്നു. ഖുത്ബയിൽ ഞാൻ ഹദ്റത്ത് ഈസാ(അ)ന്റെ മരണത്തെക്കുറിച്ച് പറഞ്ഞിരുന്നു. അദ്ദേഹം പറയുന്നു: അതിൽ ഞാൻ വളരെ ആകർഷിതനായി. മസ്ജിദിന്റെ ഇമാം അഹ് മദിയ്യാ ജമാഅത്തിനെ ഞങ്ങൾക്ക് പരിചയപ്പെടുത്തി. അവിടത്തെ ഇമാം മാന്യനായിരുന്നു. സ്വാർഥതയുണ്ടായിരുന്നില്ല. അദ്ദേഹം ഞങ്ങളോട് പറഞ്ഞു. അല്ലാഹു നിങ്ങൾക്ക് നേർമാർഗം കാണിച്ചുതരാൻ ദുആ ചെയ്യുക. അദ്ദേഹം പറയുന്നു: ഈ കാര്യം എന്നിൽ വലിയ സ്വാധീനമാണുണ്ടാക്കിയത്. അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചുള്ള വിവരങ്ങൾ സമാഹരിക്കാൻ ഇമാം സാഹിബ് ഞങ്ങളോട് പറഞ്ഞു. അങ്ങനെ ഞാൻ ഇന്റർനെറ്റിൽനിന്ന് ഹദ്റത്ത് ഈസാ(അ)യെക്കുറിച്ചുള്ള വിവരങ്ങൾ സമാഹരിക്കാൻ തുടങ്ങി. അപ്പോൾ ഫ്രഞ്ചുഭാഷയിലുള്ള ജമാഅത്തിന്റെ ചില വീഡിയോകൾ മുന്നിൽ വന്നു. അത് ഹദ്റത്ത് ഈസാ(അ)ന്റെ മരണത്തെക്കുറിച്ചുള്ളതായിരുന്നു. ഇപ്രകാരംതന്നെ ഹദ്റത്ത് ഈസായെക്കുറിച്ചുള്ള ഖുത്ബയും ഫ്രഞ്ച് തർജമയും യൂട്യൂബിൽനിന്ന് കിട്ടി. അദ്ദേഹം പറയുന്നു: അതിനുശേഷം ഞാൻ ബയ്അത്ത് ചെയ്തു.' അമീർ സാഹിബ് എഴുതുന്നു: ഇപ്പോൾ അദ്ദേഹം ഫ്രാൻസിലെ മുബല്ലിഗ് ഇൻ ചാർജിനെ മായോട്ടേയിലെ ആ ഇമാമുമായി ബന്ധപ്പെടുത്തി. അങ്ങനെ ആ ഇമാമിന് ഫ്രാൻസിൽനിന്ന് ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ അയച്ചുകൊടുത്തു. ദൈവാനുഗ്രഹത്താൽ ആ ഇമാമും 70 ആളുകളോടൊപ്പം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിരിക്കുന്നു. അല്ലാഹു അനുഗ്രഹിച്ചു. ആയിരക്കണക്കിന് മൈലുകൾ ദൂരെയിരിക്കുന്ന ഈ ചെറിയ ദ്വീപിൽ ഖുത്ബ മുഖേന തബ്ലീഗിന്റെ ഈ പ്രവർത്തനം നടന്നു. ഇതും അല്ലാഹുവിന്റെ ഔദാര്യമാണ്. എം.ടി.എ മുഖേന അവൻ നമുക്ക് അത് ലഭ്യമാക്കിയിരിക്കുന്നു.

ഗ്രന്ഥങ്ങൾക്ക് അമുസ്ലിംകളുടെമേൽ എന്ത് സ്വാധീനമാണുള്ളത്. കോംഗോ ബ്രാസവിൽനിന്ന് മുഅല്ലിം എഴുതുന്നു. ഒരു പുതിയ അഹ്മദി ഔഭീമാ സാഹിബ് തന്റെ ബയ്അത്ത് സംഭവം വിവരിച്ചുകൊണ്ട് പറഞ്ഞു: ഒരു ദിവസം ഞാൻ എന്റെ ചെറിയ സഹോദരന്റെ വീട്ടിൽ പോയി. അവന്റെ പക്കൽ ഫ്രഞ്ച് ഭാഷയിലുള്ള ഒരു ഗ്രന്ഥം കണ്ടു. ഇതിന്റെ വിഷയം ഹദ്റത്ത് ഈസാ(അ)ന്റെ സത്യമായ കഥ എന്നതായിരുന്നു. ഞാൻ അവനിൽനിന്ന് ആ ഗ്രന്ഥം വായിക്കുന്നതിനുവേണ്ടി എടുത്തു. ഞാൻ എന്റെ പാതിരിയോട് ഈ ഗ്രന്ഥത്തെക്കുറിച്ച് പറഞ്ഞു. അപ്പോൾ പാതിരി പറഞ്ഞു: 'അത്തരം പുസ്തകങ്ങൾ ആലോചിക്കാതെയും ചിന്തിക്കാതെയും വായിക്കരുത്. ഈമാൻ നഷ്ടപ്പെടുമെന്ന ആശങ്കയുണ്ട്.' പക്ഷേ, ഞാൻ ആ ഗ്രന്ഥം വായിച്ചപ്പോൾ എന്റെ കണ്ണുകൾ തുറന്നു. പാതിരിമാർ ഞങ്ങളിൽനിന്ന് ഒരുപാട് കാര്യങ്ങൾ മറച്ചുവെക്കുന്നതായി എനിക്ക് മനസ്സിലായി. ഞാൻ വീണ്ടും ഗ്രന്ഥം വായിക്കുകയും ബൈബിളിലെ ഉദ്ധരണികൾ പരിശോധിക്കുകയും ചെയ് തു. ഞാൻ എന്റെ സഹോദരനുമായി ബന്ധപ്പെട്ടു. അവൻ ആദ്യമേ തന്നെ അഹ്മദിയ്യാ ജമഅത്തിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു. നിനക്ക് ഈ ഗ്രന്ഥം എവിടെനിന്ന് കിട്ടിയെന്നും ഇക്കൂട്ടർ ആരണെന്നും ഞാൻ അവനോട് ചോദിച്ചു. അവൻ എന്നോട് പറഞ്ഞു: 'ഇത് അഹ്മദിയ്യാ ജമാഅത്ത് എഴുതിയിട്ടുള്ള ഗ്രന്ഥമാണ്. പറഞ്ഞു: കുറച്ച് ദിവസത്തിനുള്ളിൽ എനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ മിഷൻ ഹൗസിൽ പോകേണ്ടതുണ്ട്. അവിടെ ജർമനിയിൽ ജൽസാ സാലാന വരാൻ പോകുകയാണ്. അവിടെ ജൽസ കേൾക്കും. നീയും എന്റെ കൂടെ വരിക. ഏത് കൂട്ടരാണെന്ന് നേരിൽ കാണുക. ഇസ്ലാമിനെക്കുറിച്ചുള്ള ചോദ്യങ്ങൾ അവിടെ ചോദിക്കുക.' പറയുന്നു: 'അങ്ങനെ ഞങ്ങൾ മിഷൻഹൗസിൽ വന്നു. അവിടെ ജർമനി ജൽസയുടെ അന്തരീക്ഷം കണ്ടു. പറയുന്നു: അങ്ങയുടെ ഖുത്ബകൾ കേട്ടു. അത് കേട്ട് ഞാൻ തികച്ചും മാറിപ്പോയി. അതിനുശേഷം ദൈവാനുഗ്രഹത്താൽ ജർമനി ജൽസയുടെ അവസരത്തിൽ ഞാൻ ബയ്അത്ത് ചെയ്തു. പറയുന്നു: ഇപ്പോൾ ഞാൻ വളരെ സന്തോഷവാനാണ്. ജീവിതത്തിന് ഒരു ഉദ്ദേശ്യമുണ്ടെന്നും ഇപ്പോൾ അത് പൂർത്തിയായെന്നും ഞാൻ അനുഭവിച്ചറിയുന്നു.

ബയ്അത്തിനുശേഷം അസാധാരണമായ മാറ്റങ്ങൾ ജനങ്ങളിൽ ഉണ്ടാകുന്നു. ഉസ്ബക്കിസ്ഥാൻ (Uzbekistan)നിലെ ഒരു പുതിയ അഹ്മദി സുഹൃത്ത് ളഹീർ വാഹിദ് സാഹിബ് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സൂറഃ ഫാത്തിഹായുടെ വ്യാഖ്യാനം അറിഞ്ഞതിനുശേഷം എന്റെ നമസ്കാരത്തിന്റെ രീതിതന്നെ മാറിപ്പോയി. ഇപ്പോൾ എനിക്ക് മുമ്പേ കിട്ടാതിരുന്നതൊക്കെ നമസ്കാരത്തിൽ കിട്ടുന്നുണ്ട്. പ്രത്യേകിച്ചും ഇഹ്സാന്റെ ഉദ്ദേശ്യം പറയപ്പെട്ടിരുന്ന ഹദീഥ് ആദ്യം എനിക്ക് മനസ്സിലായിരുന്നില്ല. പിന്നീട് അതിൽനിന്ന് ഒരുപാട് ഗുണം കിട്ടി.

കൊസോവോയിലെ മുബല്ലിഗ് എഴുതുന്നു: പുതുവിശ്വാസികളായ അഹ്മദികൾ ആത്മാർഥതയിലും ത്യാഗത്തിലും നിത്യേന വർധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു സുഹൃത്ത് നദീർ ബാലായെ സാഹിബ് നഗരത്തിൽ ഒരു പ്രധാനപ്പെട്ട വകുപ്പിൽ സൂക്ഷിപ്പുകാരനാണ്. പക്ഷേ, അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം തനിക്ക് തിരക്കുണ്ടായിട്ടും പകലും രാത്രിയിലും ജമാഅത്തിന്റെ സേവനത്തിൽമുഴുകുന്നു. എന്തെങ്കിലും തബ്ലീഗ്പരവും തർബിയ്യത്ത്പരവുമായ പരിപാടിയുണ്ടെങ്കിൽ അതിനുവേണ്ടി എപ്പോഴും തയ്യാറായിരുന്നു. അയൽരാജ്യത്ത് വഖ്ഫെ ആർസി ചെയ്യാനും എപ്പോഴും തയ്യാറായിരുന്നു. അദ്ദേഹം മുഖേന ധാരാളം പുതിയ തബ്ലീഗ് ബന്ധങ്ങൾ ഉണ്ടായി. ഒരിക്കൽ ഒരു തബ്ലീഗ് പരിപാടി സംഘടിപ്പിച്ചു. കഠിനമായ രോഗമുണ്ടായിട്ടും തബ്ലീഗ് പരിപാടിയിൽ പങ്കെടുത്തു. പരിപാടി നടക്കുന്നതിനിടെ അദ്ദേഹത്തിന് ക്ഷീണം അനുഭവപ്പെട്ടപ്പോൾ വീട്ടിൽപോയി. അദ്ദേഹത്തിന്റെ ഭാര്യ നേഴ്സായിരുന്നു. ആവി പിടിപ്പിച്ചു. രോഗം അല്പം ഭേദപ്പെട്ടപ്പോൾ വീണ്ടും തബ്ലീഗ് പരിപാടിയിൽ പോയി പങ്കെടുത്തു. അതിൽ പങ്കെടുത്ത് രാത്രി ഇരുട്ടുന്നതുവരെ തബ്ലീഗ് പരിപാടിയിൽ വ്യാപൃതനായി. പുതിയതായി അഹ്മദിയ്യായിക്കൊണ്ടിരിക്കുന്നവരുടെ വികാരവും ആവേശവും ഇതാണ്.

കോംഗോ ബ്രാസവിലിലെ മുഅല്ലിം ഇബ്റാഹിം സാഹിബ് എഴുതുന്നു: ഒരു ഗ്രാമത്തലവൻ പറയുന്നു: എന്റെ മരുമകന് ഞാനുമായിട്ടുള്ള ബന്ധം ശരിയായിരുന്നില്ല. അവൻ നിത്യവും വൈകുന്നേരം മദ്യപിച്ച് ചീത്തവിളിക്കുമായിരുന്നു. എന്നെ അനാവശ്യം പറയുമായിരുന്നു. പക്ഷേ, അവൻ ഇസ്ലാം-അഹ്മദിയ്യത്ത് സ്വീകരിച്ചതു മുതൽ മദ്യപാനവും, ചീത്തപറച്ചിലും പാടെ ഉപേക്ഷിച്ചു. എന്നെ സംബന്ധിച്ചിടത്തോളം ഇത് അത്ഭുതകരമായ കാര്യമായിരുന്നു.' ഈ മാറ്റങ്ങളാണ് അല്ലാഹു അവരിൽ ഉണ്ടാക്കുന്നത്.

ബുർക്കിനോഫാസോയിലെ പുതുഅഹ്മദി സുഹൃത്ത് സൂരി ഹമീദോ സാഹിബ് പറയുന്നു: ഞാൻ അനഹ്മദിയായിരുന്നപ്പോൾ ധാരാളം പ്രയാസങ്ങളിൽ കുടുങ്ങിപ്പോയിരുന്നു. എനിക്ക് കുട്ടികൾ ഉണ്ടാകുമായിരുന്നെങ്കിലും മരിച്ചുപോകുമായിരുന്നു. പീറുമാരുടെയും ഫക്കീറുമാരുടെയും അടുക്കൽപോകുമ്പോൾ ചിലർ പറയും ആടിനെ കൊണ്ടുവരാൻ. ചിലർ പറയും കോഴികളെ അറുക്കാൻ; ഇങ്ങനെ നിങ്ങളുടെ പ്രയാസങ്ങൾ പരിഹരിക്കപ്പെടുമെന്ന്! പറയുന്നു: ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം കേട്ടു. വളരെ നല്ലതായി തോന്നി. ഈ ജമാഅത്തിൽ പ്രവേശിച്ചു. ഞാൻ മൗലവിമാർക്കും ബിംബങ്ങൾക്കും കാഴ്ചവെച്ചിരുന്ന പൈസ ചന്ദ കൊടുക്കാൻ തുടങ്ങി. എന്റെ എല്ലാ പ്രയാസങ്ങളും പരിഹരിക്കപ്പെടുന്നതായി ഞാൻ കണ്ടു. അല്ലാഹു എന്നെ ജീവിച്ചിരിക്കുന്ന മക്കളെകൊണ്ട് അനുഗ്രഹിച്ചു. കുറച്ചുകാലത്തിനുശേഷം മൗലവിമാർ തങ്ങളുടെയടുക്കൽ ഞാൻ ചെല്ലാത്തതുകണ്ടപ്പോൾ ഞാൻ അഹ്മദിയായിരിക്കുന്നുവെന്ന് മനസ്സിലായി. അപ്പോൾ മൗലവി ചോദിച്ചു: 'നീ നിന്റെ പിതാക്കന്മാരുടെ ദീനിൽനിന്ന് വിട്ടുപോകാൻ കാരണമെന്താണ്?' പറയുന്നു: ഞാൻ അവരോട് പറഞ്ഞു: ഇപ്പോൾ ഞാൻ വളരെ സന്തോഷിക്കുന്നു. അല്ലാഹു എനിക്ക് ജീവിതം നല്കി. മക്കളും പ്രദാനം ചെയ്തു. ഞാൻ ചന്ദ കൊടുക്കുന്നു. അല്ലാഹു എനിക്ക് ഇരട്ടിയായി തിരിച്ചുതരികയും ചെയ്യുന്നു. ഇതെല്ലാം അഹ്മദിയ്യാ ജമാഅത്തിന്റെ അനുഗ്രഹമാണ്. അല്ലാഹു എന്റെ വീട്ടിലെ അവസ്ഥകൾ നീക്കി. ഞാൻ ചെയ്യുന്ന ജോലി പൂർത്തിയാക്കപ്പെടുന്നു. അതുകൊണ്ട് അല്ലാഹുതന്നെയാണ് എന്നെ ഈ വഴിയിൽ ഇട്ടത്. പിതാക്കന്മാരുടെ വഴി വഴിപിഴച്ചതായിരുന്നു.'

പിന്നെ റേഡിയോ മുഖേന ബയ്അത്തുകളുണ്ടാകുന്നു. ബെനിനിലെ മുബല്ലിഗ് എഴുതുന്നു: മേരേ റീജിയണിലെ ഒരു ഗ്രാമത്തിൽനിന്ന് ഒരു ക്രൈസ്തവ സുഹൃത്ത് സോ ജൊറാഫിൻ(Soe Joraphin) ഒരു ദിവസം നമ്മുടെ റേഡിയോ പരിപാടിയുടെ ഇടയിൽ ഫോൺ ചെയ്ത് ഹദ്റത്ത് ഈസാ(അ)ന്റെ പുനരാഗമനത്തെക്കുറിച്ച് ചോദിച്ചു. അദ്ദേഹത്തെ നമ്മുടെ അടുത്തേക്ക് ക്ഷണിച്ചു. പിന്നീട് അദ്ദേഹവുമായി കണ്ടുമുട്ടിയപ്പോൾ അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് മറുപടി നല്കി. ബുദ്ധിപരമായ തെളിവുകളും ബൈബിളിനെ ഉദ്ധരിച്ചും മറുപടി കൊടുത്തപ്പോൾ ദൈവകൃപയാൽ അദ്ദേഹത്തിന്റെ നെഞ്ചകം തുറന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസാദർശങ്ങൾ ശരിയാണെന്ന് അദ്ദേഹം സമ്മതിച്ചു. ഹദ്റത്ത് ഈസാ(അ) നബി മാത്രമായിരുന്നു. അദ്ദേഹത്തിന്റെ പുനരാഗമനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രൂപത്തിൽ പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഇക്കാര്യം അദ്ദേഹത്തിന് മനസ്സിലായി. അദ്ദേഹം ഇസ്ലാം-അഹ്മദിയ്യത്തിൽ പ്രവേശിച്ചു. ഒരു ദീർഘകാലമായി നമ്മുടെ പ്രോഗ്രാം വളരെ താല്പര്യത്തോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നുവെന്നും തിങ്കളാഴ്ചയും വ്യാഴാഴ്ചയും റേഡിയോ പരിപാടിയുടെ നിശ്ചിത സമയത്തിനു മുമ്പേ പ്രത്യേകമായ നിലയിൽ ആ പ്രോഗ്രാം കേൾക്കുന്നതിന് തന്റെ ജോലിയിൽനിന്ന് വീട്ടിൽ വരുമായിരുന്നുവെന്നും സംസാരത്തിനിടയിൽ അദ്ദേഹം പറഞ്ഞു.

അന്വേഷണമുണ്ടെങ്കിൽ അല്ലാഹു പറഞ്ഞതുപോലെ മാർഗദർശനവും നല്കുന്നു. ബൊളീവിയ(Bolivia)ായിൽനിന്ന് മുബല്ലിഗ് ഗാലിബ് സാഹിബ് എഴുതുന്നു: വില്യം ശാഹീൻ യഹോവ സാക്ഷി കക്ഷിയിൽപെട്ട ഒരു പാതിരിയായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം ലെബനാനുമായിട്ടാണ്. ജന്മനാ ക്രിസ്ത്യാനിയായിരുന്നു. കഴിഞ്ഞ മൂന്ന് വർഷമായി ബൊളീവിയ(Bolivia)ായിൽ താമസിക്കുന്നു. ഞാൻ ക്രിസ്തുമതത്തിന്റെ ഈ കക്ഷിയെ സംബന്ധിച്ച് വിവരങ്ങളന്വേഷിച്ചറിയുന്നതിനുവേണ്ടി അദ്ദേഹവുമായി ഒരു മീറ്റിംഗ് വെച്ചു. ഞങ്ങളുടെ ആദ്യമീറ്റിംഗിൽ അദ്ദേഹം തന്റെ കക്ഷിയെ സംബന്ധിച്ച് പറയുന്നതിന് പകരം എന്നോട് ഇസ്ലാം-അഹ്മദിയ്യത്തിനെ സംബന്ധിച്ച് ചോദിക്കാൻ തുടങ്ങി. അങ്ങനെ ആ മീറ്റിംഗിൽ ജമാഅത്തിന്റെ വിശ്വാസാദർശങ്ങൾ അവതരിപ്പിക്കപ്പെട്ടു. പ്രത്യേകിച്ചും ഹദ്റത്ത് ഈസായെ കുറിച്ച് വിശദമായ ചർച്ചയുണ്ടായി. അദ്ദേഹം പറയുന്നു: ഞാൻ അദ്ദേഹത്തെ ജുമുഅയിൽ പങ്കെടുക്കുന്നതിന് ക്ഷണിച്ചു. അങ്ങനെ അദ്ദേഹം ജുമുഅയിൽ പ

തിവായി വരുവാൻ തുടങ്ങി. ഓരോ ജുമുആയ്ക്ക് ശേഷവും അദ്ദേഹവുമായി വിശദമായ ചർച്ചകൾ നടന്നുകൊണ്ടിരുന്നു. അദ്ദേഹം ജമാഅത്തിൽ പ്രവേശിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ മാതാപിതാക്കളും പള്ളിക്കാരും എതിർക്കുമോ എന്ന് അദ്ദേഹത്തിന് ചിന്തയുണ്ടായിരുന്നു. അപ്പോൾ അദ്ദേഹത്തിന് പുതിയ ജോലി തിരയേണ്ടതായി വരും. പക്ഷേ, മറുഭാഗത്ത് സത്യാന്വേഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുമിരുന്നു. അദ്ദേഹത്തിന് അറബി അറിയാമായിരുന്നു. അങ്ങനെ അദ്ദേഹം ജമാഅത്തിന്റെ വെബ്സൈറ്റിൽനിന്ന് അറബി ഗ്രന്ഥങ്ങൾ പാരായണം ചെയ്യാൻ തുടങ്ങി. ഈ പാരായണത്തിനുശേഷം പറയുന്നു, അദ്ദേഹം കുറേനാളായി സത്യമന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന് സത്യം കിട്ടി. അങ്ങനെ എതിർപ്പോ ഉദ്യോഗമോ ഒന്നും വകവെക്കാതെ അല്ലാഹുവിന്റെ കൃപയാൽ ഒരു ദിവസം ജുമുആക്കുശേഷം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.'

ബയ്അത്ത് ചെയ്താലും വേണ്ടില്ല, ചെയ്തില്ലെങ്കിലും വേണ്ടില്ല സന്ദേശത്തിന്റെ സ്വാധീനം ജനങ്ങളിൽ ഉണ്ടാകുന്നുണ്ട്. കാമറാൻ മുബശ്ശിർ സാഹിബ് ഇതുസംബന്ധിച്ച് ആസ്ത്രേലിയായിൽനിന്ന് എഴുതുന്നു: ഞങ്ങൾ വീടുകൾതോറും കയറിയിറങ്ങി തബ്ലീഗ് ചെയ്യാനുള്ള പരിപാടി ആസൂത്രണം ചെയ്തു. ഒരു വീട്ടിൽ ചെന്ന് കതകിൽ മുട്ടിയപ്പോൾ ഒരാൾ ദ്വേഷത്തോടെ വിറച്ചുകൊണ്ട് വെളിയിൽ വന്നു. അദ്ദേഹം എന്നെ ആക്രമിക്കുമെന്ന് തോന്നിപ്പോയി. മുറബ്ബിസാഹിബ് പറയുന്നു: ആ ദ്വേഷാവസ്ഥയിൽ അയാൾ എന്നോട് പറഞ്ഞു, മുസ്ലിംകളായ നിങ്ങൾ ഞങ്ങളുടെ രാജ്യത്ത് വന്നതോടെ ഞങ്ങളുടെ രാജ്യത്തിന്റെ സമാധാനം നശിച്ചു. നിങ്ങൾ ഞങ്ങളുടെ നാട്ടിൽനിന്ന് പുറത്തുപോകുക. ഞങ്ങളോടൊപ്പം നിങ്ങൾക്ക് Integrate ചെയ്യാൻ സാധ്യമല്ല. നിങ്ങളത് ആഗ്രഹിക്കുന്നുമില്ല. അദ്ദേഹം സംസാരം നിറുത്തിയപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു: അങ്ങ് പറഞ്ഞത് ശരിയാണ്. ചില മുസ്ലിംകൾ ഭീകരവാദികളാണ്. അവർ ഇസ്ലാമിനെ തെറ്റായ രീതിയിൽ അവതരിപ്പിക്കുന്നു. പക്ഷേ, ഞങ്ങളുടെ അധ്യാപനം 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതാണ്. അഹ്മദിയ്യാ ജമാഅത്ത് ഏത് രാജ്യത്ത് പോകുകയാണെങ്കിലും അവിടെ എല്ലാവിധത്തിലും Integrate ചെയ്യാറുണ്ട്. ഞങ്ങളുടെ കുട്ടികളും കളിക്കുന്നു. ഫുട്ബോൾ ക്ലബ്ബുകളിലും അവരുണ്ട്. ഞാൻ ഇവിടെ പുതുതായി വന്നതാണ്. ലൈബ്രറിയിലെ അംഗമായിട്ടുണ്ട്. എന്തായാലും അദ്ദേഹവുമായി ദീർഘനേരം സംസാരിച്ചു. ഈ കാര്യങ്ങൾ കേട്ട് ആദ്യം കോപാകുലനായി വിറച്ചുകൊണ്ടിരുന്ന ആ വ്യക്തി എന്റെമേൽ ആക്രമണം നടത്തുമോ എന്നു തോന്നിപ്പോയിരുന്ന ആ വ്യക്തി വളരെ സന്തോഷിച്ചു. ഞാൻ താങ്കളോടൊപ്പം ഫോട്ടോയെടുക്കാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. അവസാനം അദ്ദേഹത്തെ മിഷൻഹൗസിലേക്ക് ക്ഷണിച്ചു. അദ്ദേഹം സന്തോഷത്തോടെ അത് സ്വീകരിച്ചു. എഴുതുന്നു: സ്വയം ജനങ്ങളുടെ ഹൃദയങ്ങളെ അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം കേൾക്കുന്നതിന് മൃദുലമാക്കുന്നുവെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്

ഇവിടെയുള്ള അസൈലം സീക്കേർസ് തബ്ലീഗ് ചെയ്യണമെന്ന് കഴിഞ്ഞ പ്രാവശ്യം ഒരു ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. ജർമനിയിലെ ഒരു അസൈലം സീക്കേർസ്-അദ്ദേഹം അസൈലമിൽ വന്നതാണ്, അപ്ലൈ ചെയ്തിട്ടുണ്ടായിരുന്നു- തന്റെ സംഭവം എഴുതുന്നു: ഒരു ജഡ്ജിന്റെ അടുക്കൽ എന്റെ ഒരു ഫൈനൽ പ്രോട്ടോകോൾ ഉണ്ടായിരുന്നു. അയാൾ എന്നോട് ചോദിച്ചു: താങ്കൾ താങ്കളുടെ ജമാഅത്തിന്റെ നോട്ടീസ് വിതരണം ചെയ്യാറുണ്ടോ? ഞാൻ പറഞ്ഞു: ഉണ്ട്. പിന്നീട് ജഡ്ജ് ചോദിച്ചു: ഏതെല്ലാം സ്ഥലങ്ങളിലാണ് നോട്ടീസ് വിതരണം ചെയ്യുന്നത്. ഞാൻ കുറച്ച് സ്ഥലങ്ങളുടെ പേര് പറഞ്ഞു. അപ്പോൾ ആ ജഡ്ജ് പറഞ്ഞു: അത് ശരിയാണ്. ഇന്ന സ്ഥലത്ത് വെച്ച് ഞാനും നോട്ടീസ് വാങ്ങിയിരുന്നു. താങ്കൾ പൊയ്ക്കൊള്ളുക. താങ്കളുടെ കേസ് ഞാൻ പാസാക്കിയിരിക്കുന്നു. ഇപ്രകാരം അദ്ദേഹത്തിനു അനുകൂലമായി തീരുമാനമെടുപ്പിക്കുന്നതിന് തബ്ലീഗും മാർഗമായി.

ആസ്ത്രേലിയായിലെ മുബല്ലിഗ് കാംറാൻ സാഹിബിന്റെ ഒരു സംഭവമുണ്ട്. അദ്ദേഹം പറയുന്നു: ഖുദ്ദാമുൽ അഹ്മദിയ്യായിലെ ചില ആൺകുട്ടികൾക്ക് ഫീൽഡിൽ പ്രവർത്തിക്കുന്നതിന് വലിയ മടിയുണ്ടായിരുന്നു. ഇവിടത്തെ ആളുകൾ തങ്ങളെ എന്തുപറയുമെന്ന് വിചാരിച്ച് ചിലർ തബ്ലീഗ് ചെയ്യുന്നതിൽ നാണിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹമാണ് ഇവിടെ ജമാഅത്ത് ഇപ്പോൾ എത്രമാത്രം പ്രസിദ്ധമായിക്കഴിഞ്ഞുവെന്നാൽ, എത്രമാത്രം ആളുകൾ ജമാഅത്തിനെ അറിയുന്നുവെന്നാൽ ഇവിടത്തെ ചെറുപ്പക്കാരിലുണ്ടായിരുന്ന ആ മടികളെല്ലാം അകന്നു. എന്നാൽ, ചില സ്ഥലങ്ങളിലുണ്ടുതാനും. പറയുന്നു: ആസ്ത്രേലിയായിൽ ഖുദ്ദാമുൽ അഹ്മദിയ്യായോടൊപ്പം ഒരു തബ്ലീഗ് പരിപാടി വെച്ചിട്ടുണ്ടായിരുന്നു. ഇതിൽ ഖുദ്ദാമിനോട് ജമാഅത്തിന്റെ ഷർട്ട് ധരിച്ചുകൊണ്ട് പുറത്തുപോയി ജനങ്ങളെ തബ്ലീഗ് ചെയ്യണമെന്ന് പറഞ്ഞു. അപ്പോൾ ഒരു ഖാദിം എന്റെയടുക്കൽ വന്നു പറഞ്ഞു: എനിക്ക് അഹ്മദിയ്യാ ജമാഅത്ത് എന്നെഴുതിയ ജമാഅത്തിന്റെ ഷർട്ട് ധരിക്കുന്നതിൽ മടി തോന്നുന്നു.'പറയുന്നു: ഇക്കാരണത്താൽ ജനങ്ങൾ നമ്മുടെയടുക്കൽ വരുമെന്ന് ഞാൻ അവന് പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. നീ ഇത് ധരിച്ചുകൊണ്ടുപോകാനും എന്താണ് സംഭവിക്കുന്നതെന്ന് നോക്കാനും അവനോടു പറഞ്ഞു. ദൈവകൃപയാൽ അങ്ങനെതന്നെ സംഭവിച്ചു. ഖുദ്ദാമുൽ അഹ്മദിയ്യാ സംഘം പുറത്തിറങ്ങിയപ്പോൾ പറയുന്നു, ജനങ്ങൾ നമ്മുടെ ഫോട്ടോകൾ എടുക്കാൻ തുടങ്ങി. ആ അവസരത്തിൽ ഞങ്ങളിൽനിന്ന് ഇന്റർവ്യൂവും എടുത്തു. തബ്ലീഗിന്റെ ധാരാളം അവസരങ്ങൾ ഉണ്ടായി. അവസാനം ആ ഖാദിം തന്റെ സുഹൃത്തുക്കളോടു പറഞ്ഞു, ആദ്യം എനിക്ക് ജമാഅത്തിന്റെ ഷർട്ട് ധരിച്ചപ്പോൾ നാണം തോന്നിയിരുന്നു. പക്ഷേ ഇപ്പോൾ എനിക്ക് മനസ്സിലായി എല്ലാ അനുഗ്രഹങ്ങളും ജമാഅത്തിന്റെ പേരുമായി ബന്ധപ്പെട്ടതാണെന്ന്! ഇപ്രകാരം അല്ലാഹു ആ തബ്ലീഗ് മുഖേന ചെറുപ്പക്കാരുടെ തർബിയ്യത്തിനുള്ള അവസരവും ഉണ്ടാക്കി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു പറഞ്ഞു: *ഫഹാന അൻതുആന വതുഅ്റഫ ബയ്നന്നാസി.* ഇത് വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: നിന്നെ സഹായിക്കുന്ന ഒരു കാലം വരും. നീ ജനങ്ങളിൽ തിരിച്ചറിയപ്പെടുന്നതായിരിക്കും. ഇതാണ് *വതുഅറഫ ബയ്നന്നാസി* എന്നതിന്റെ ഉദ്ദേശ്യം. ഇക്കാര്യം അല്ലാഹു അദ്ദേഹത്തിന് 1883ൽ ആദ്യതവണ ഇൽഹാം നൽകിയതാണ്. അതിനുശേഷവും രണ്ട് പ്രാവശ്യം ഈ ഇൽഹാം ഉണ്ടായിട്ടുണ്ട്; അദ്ദേഹം ആരാലും അറിയപ്പെടാതിരുന്നപ്പോൾ! അവിടന്ന് പറയുന്നു: ഈ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് മനുഷ്യന്റെ ജോലിയാണോ? ഒരിക്കലുമല്ല. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. ആദ്യം ഒരു സംഭവത്തെക്കുറിച്ച് അറിയിക്കുന്നു. അവൻ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ. അവന് മാത്രമേ വാർത്ത നൽകാൻ പറ്റൂ. അവിടന്ന് പറഞ്ഞു: ഓരോ ദിവസവും ഈ അടയാളം പൂർത്തിയാകുന്നു. അദ്ദേഹത്തെക്കുറിച്ചുള്ള അറിവ് ലോകത്ത് വർധിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങൾ അദ്ദേഹത്തിന്റെ ബയ്അത്തിൽ വന്നുകൊണ്ടിരിക്കുന്നു.

അവിടന്ന് ഇങ്ങനെയും പറയുന്നു: 'അല്ലാഹു ഒരു വിവരം അറിയിക്കുന്നു. നിനക്ക് ഒരു കാലം വരും; നീ ലോകത്ത് പ്രസിദ്ധനാകും.' (മൽഫൂദാത്ത്, വാള്യം 9, പേജ് 162-163)

അതുപോലെതന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇന്ന് നമ്മൾ കാണുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതേരീതിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പേരും ഇസ്ലാമിന്റെ പേരും ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഒരു ദൂരപ്രദേശത്തുള്ള ശബ്ദം ഇന്ന് ലോകത്തിലെ നിരവധി രാജ്യങ്ങളിൽ എത്തിക്കഴിഞ്ഞിരിക്കുന്നു; 210 രാജ്യങ്ങളിലെത്തിക്കഴിഞ്ഞിരിക്കുന്നു.

രാജ്യങ്ങളെക്കുറിച്ചും പറയട്ടെ. ചിലയാളുകൾ ധരിക്കുന്നത് ജമാഅത്ത് അതിശയോക്തിപരമായി പെരുമാറുന്നുവെന്നാണ്. നമ്മൾ പറയുന്നത്ര രാജ്യങ്ങൾ ലോകത്ത് ഇല്ലത്രെ! കാരണം യുഎന്നിന്റെ അംഗത്വമുള്ളത് 190 അല്ലെങ്കിൽ 195 രാഷ്ട്രങ്ങൾക്കാണ്. യു.എന്നിലെ അംഗരാഷ്ട്രങ്ങൾ അത്രയുമാണെന്നതിൽ സംശയമില്ല. പക്ഷേ, ലോകത്ത് രാജ്യങ്ങളുടെ എണ്ണം 220നോടടുത്താണ്. കഴിഞ്ഞ ദിവസം ബിബിസി ഏതോ ഗെയിമിനെക്കുറിച്ച് പറയുകയായിരുന്നപ്പോൾ അവർ പറഞ്ഞത് ഈ മത്സരം ലോകത്തിലെ 220 രാഷ്ട്രങ്ങളിൽ കാണപ്പെടുമെന്നാണ്.

അതുകൊണ്ട് യുഎന്നിനെ ഉദ്ധരിച്ചു അഹ്മദിയ്യാ ജമാഅത്ത് അതിശയോക്തിപരമായി കൂടുതൽ രാഷ്ട്രങ്ങളെ ഉണ്ടാക്കുന്നുവെന്ന ധാരണ വരുത്തുന്നത് ശരിയല്ല. ചില ചെറുപ്പക്കാരുടെ ഭാവനയാണിത്. അങ്ങനെ വിചാരമുണ്ടെങ്കിൽ അത് മനസ്സുകളിൽനിന്ന് നീക്കിക്കൊള്ളുക. നമ്മൾ ഈ സന്ദേശം എത്തിക്കുന്നവരാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന ലോകത്ത് എത്തിക്കാൻ പറഞ്ഞ ഈ സന്ദേശം എത്തിക്കുന്നവരായിത്തീരട്ടെ.

◆

## AL ISLAM

പേജ് 12ൽ നിന്ന്

ചോദിച്ചു. ഹുദൂർ ഇപ്പോൾ പറഞ്ഞതുപോലെ ചില തീവ്രവാദികൾ ഇസ്ലാമിന്റെ യഥാർഥ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കാതെ ഇരിക്കുന്നു. ഐ എസ്. ഐ എസിന്റെ ഉള്ളിലും ഖിലാഫത്തുണ്ട്. അവർക്ക് തങ്ങളുടേതായ പ്രദേശങ്ങളുമുണ്ട്. താങ്കളും ഖലീഫയാണ്. പക്ഷേ, താങ്കളുടെ പക്കൽ രാജ്യമൊന്നുമില്ല. താങ്കളുടെ ഖിലാഫത്ത് ഐഎസ്ഐഎസിന്റെ ഖിലാഫത്തിന് പകരമാണോ? ഖിലാഫത്തിന് ഏതെങ്കിലും രാജ്യത്തിന്റെ ആവശ്യമില്ല എന്ന് പറയുന്നതിനുവേണ്ടിയാണിത്.

ഹുദൂർ പറഞ്ഞു: ഓരോ കാര്യത്തിനും ഏതെങ്കിലുമൊക്കെ നിയമങ്ങളോ ന്യായശാസ്ത്രങ്ങളോ ഉണ്ടാകും. ഖിലാഫത്ത് പ്രാതിനിധ്യത്തിനാണ് പറയുന്നത്. ഞാൻ മുമ്പേയും പറഞ്ഞിരുന്നതുപോലെ നബി(സ) തിരുമേനിയുടെ സുദീർഘമായ ഒരു ഹദീഥുണ്ട്. അതിൽ അദ്ദേഹം പറഞ്ഞു: അവസാനകാലത്ത് നബി(സ) തിരുമേനിയുടെ ഒരു യഥാർഥ അനുയായി വരും. അദ്ദേഹം മസീഹും മഹ്ദിയുമാണെന്ന് വാദിക്കും. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ ചില ലക്ഷണങ്ങൾ വിവരിക്കുകയുണ്ടായി. മുസ്ലിംകളോട് പറഞ്ഞു: നിങ്ങൾ അദ്ദേഹത്തെ കണ്ടെത്തിയാൽ അദ്ദേഹത്തിന് എന്റെ സലാം എത്തിക്കുക. ഇതേ ഹദീഥിൽ നബി(സ) തിരുമേനി ഇങ്ങനെയും പറഞ്ഞു: ആ മഹാത്മാവിന് കുറച്ചുകാലം കഴിഞ്ഞാൽ സത്യമായ ഖിലാഫത്ത് അവസാനിച്ചുപോകും. ഇത് നമുക്ക് കാണാൻ കഴിയും. യഥാർഥ ഖിലാഫത്തില്ലാതെ ആയിരം വർഷത്തേക്കാൾ കൂടുതൽ കാലം കഴിഞ്ഞുപോയി. കുറച്ച് പ്രത്യേകമാക്കപ്പെട്ട കാലങ്ങളിൽ ഖിലാഫത്തുണ്ടായി. പക്ഷേ, അത് മുന്നോട്ടുപോയില്ല. അവസാന ഖലീഫ തുർക്കിയിലായിരുന്നു. അദ്ദേഹവും 20-ാം നൂറ്റാണ്ടിൽ അവസാനിച്ചു. ഇക്കാര്യവും നബി(സ) തിരുമേനിയുടെ ഹദീഥിൽ വിവരിക്കപ്പെട്ടതാണ്. അവസാനകാലത്ത് പരിഷ്കർത്താവ് വരുമ്പോൾ അദ്ദേഹത്തിന് ശേഷം ഖിലാഫത്ത് നിലവിൽ വരും. അത് യഥാർഥ ഖിലാഫത്തായിരിക്കും. അതുകൊണ്ട് നമ്മുടെ വിശ്വാസമാണ് ആ വ്യക്തി വന്നുകഴിഞ്ഞിരിക്കുന്നു എന്നത്. നബി(സ) തിരുമേനി ചില ഭൗതികമായതും ചില ദൈവികമായതുമായ അടയാളങ്ങൾ വിവരിക്കുകയുണ്ടായി. അതും പൂർത്തിയായിക്കഴിഞ്ഞു. ഇക്കാര്യങ്ങളെല്ലാം ഞാൻ വിവരിക്കാൻ നിന്നാൽ ഒരുപാട് സമയമെടുക്കുന്നതാണ്. പറഞ്ഞതിന്റെ ചുരുക്കം ഖിലാഫത്ത് ആരംഭിക്കുന്നത് ഏതെങ്കിലും നബി വരുമ്പോഴാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സ്ഥാപകന്റെ സ്ഥാനവും നബിയുടെ സ്ഥാനമാണ്. പക്ഷേ, അദ്ദേഹം ബുറൂസി നബിയാണ്. അദ്ദേഹത്തിനുശേഷം ഖിലാഫത്ത് പരമ്പര തുടങ്ങി. അതുകൊണ്ടാണ് പറയുന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ ഖിലാഫത്ത് യഥാർഥ ഖിലാഫത്താണെന്ന്. കഴിഞ്ഞ 109 വർഷമായി ഈ ഖിലാഫത്ത് തുടങ്ങിയിട്ട്. ഇത് എന്നെന്നും നിലനില്ക്കുന്നതാണ്. കാരണം നബി(സ) തിരുമേനി അതിനെക്കുറിച്ചും പ്രവചനം ചെയ്തിരുന്നു. ആ വ്യക്തി വന്നതിനുശേഷം ഖിലാഫത്ത് തുടങ്ങുന്നതായിരിക്കും. അതിന്റെ പരമ്പര ഖിയാമത്തുവരെ തുടരുന്നതായിരിക്കും.

പേജ് 2ൽ നിന്ന്

സ്താനികളായ നിങ്ങളിൽ അധികപേരും നിങ്ങളുടെ നാട്ടിൽനിന്ന് പുറത്താക്കപ്പെട്ടതും ഇവിടെ വന്ന് താമസിച്ചതും അതായത് നിങ്ങളുടെ പിതാവോ പിതാമഹന്മാരോ അല്ലെങ്കിൽ നിങ്ങൾതന്നെയോ ഇവിടെ വന്നത് നാമധാരികളായ മുല്ലാക്കളുടെ ദീനിനെ പിൻപറ്റാത്തതുകൊണ്ടല്ല. മറിച്ച്, നബി(സ) തിരുമേനിയുടെ കല്പന മനസ്സിലാക്കിയും സ്വീകരിച്ചും കാലത്തിന്റെ ഇമാമിനേയും മസീഹ് മൗഊദിനേയും വിശ്വസിച്ചതുകൊണ്ടാണ് നിങ്ങൾക്ക് രാജ്യം ഉപേക്ഷിക്കേണ്ടിവന്നത്. അല്ലെങ്കിൽ നിങ്ങളിൽ എന്തു പ്രത്യേകതയാണുള്ളത്? ഇവിടെവന്ന് അസൈലം എടുക്കുന്ന അഹ്മദികൾക്ക് എന്തവകാശമാണുള്ളത്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ജർമനിയിൽ വന്നുള്ള നിങ്ങളുടെ താമസം അതെന്തെങ്കിലും പ്രത്യേകതകൊണ്ടല്ല. നിങ്ങൾക്ക് ഉയർന്നനിലവാരമുള്ളതുകൊണ്ടുമല്ല. മറിച്ച് ദീൻ കാരണത്താലാണ്. ദീൻ കാരണത്താലാണെങ്കിൽ അതിനെ എപ്പോഴും ഓർമവെക്കേണ്ടതുമാണ്. നമ്മുടെ നാട്ടിൽ മതപരമായ സ്വാതന്ത്ര്യം ഇല്ലാത്തതുകൊണ്ടുമാത്രമാണ് ഈ ജനത അഹ്മദികൾക്ക് ഇവിടെ സ്ഥലം നല്കിയത്. ഇക്കാര്യം പുരുഷന്മാരും സ്ത്രീകളും ഓർക്കുക. ദീനിൽ നിലകൊള്ളുന്നില്ലെങ്കിൽ നമ്മൾ ഈ ആളുകളെ വഞ്ചിക്കുന്നവരായിരിത്തീരും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഏതൊരു ദീനിനെയാണോ നിങ്ങൾ വിശ്വസിക്കുന്നത് അത് സത്യദീനാണെന്നും നിങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതാണെന്നും നിങ്ങളുടെ വാക്കുകൊണ്ടും നിങ്ങളുടെ പ്രവൃത്തികൊണ്ടും സ്ഥാപിച്ചുകാണിക്കാൻ അല്ലാഹു നിങ്ങൾക്ക് ഭാഗ്യം നല്കുമാറാകട്ടെ. ലോകത്തിന് ഇസ്ലാമിന്റെ സവിശേഷ ഗുണങ്ങൾ പറഞ്ഞുകൊടുക്കുക. ലോകത്തിന്റെ മോക്ഷം അല്ലാഹുവിന്റെ കല്പനകളിലൂടെ നടക്കുന്നതിലാണെന്നും അവനിൽ വിശ്വസിക്കുന്നതിലാണെന്നും പൂർണമായ ഭൗതികതയിൽ മുങ്ങി ദീനിനേയും അല്ലാഹുവിനേയും തികച്ചും മറക്കുന്നതിലല്ലെന്നും ജനങ്ങളോടു പറയുക. അല്ലാഹു നിങ്ങൾക്ക് ദീനിന്റെ മാർഗദർശനത്തിന് സത്യമായ തൗഫീഖ് നല്കുമാറാകട്ടെ. കർമപരമായ മാതൃക കാണിക്കാൻ നിങ്ങൾക്ക് സൗഭാഗ്യം നല്കുമാറാകട്ടെ. ദുആ ചെയ്യുക.

അമീറുൽ മുഅ്മിനീന്റെ ഈ പ്രഭാഷണം 1.15 വരെ നീണ്ടുനിന്നു. അതിനുശേഷം അമീറുൽ മുഅ്മിനീൻ ദുആ ചെയ്യിച്ചു. അതുകഴിഞ്ഞ് ലജ്ന നാസിറാത്തംഗങ്ങൾ വിവിധ ഗ്രൂപ്പുകളായി നിന്ന് ആഫ്രിക്കൻ, അറബി, ഉർദു, ജർമൻ, ഇംഗ്ലീഷ്, സ്പാനിഷ്, തുർക്കി, ബോസ്നിയൻ ഭാഷകളിൽ പ്രാർഥനാഗീതങ്ങളും സംഘഗാനങ്ങളും ആലപിച്ചു. അമീറുൽമുഅ്മിനീൻ പ്രായംകുറഞ്ഞ കുട്ടികൾക്ക് പ്രത്യേകമായി സജ്ജമാക്കിയിരുന്ന ഹാളിലും പോയി. തങ്ങളുടെ ഇടയിൽ അമീറുൽമുഅ്മിനീനെ കണ്ട് കുട്ടികൾക്കും മാതാക്കൾക്കുമുണ്ടായ സന്തോഷത്തിന് അതിരുകളുണ്ടായിരുന്നില്ല. ഇവിടേയും പ്രാർഥനാഗീതങ്ങളും സംഘഗാനങ്ങളും അവതരിപ്പിക്കപ്പെട്ടു. സ്ത്രീകൾ അത്യുച്ചത്തിൽ മുദ്രാവാക്യം മുഴക്കി. അതിനുശേഷം 1.40ന് അമീറുൽമുഅ്മിനീൻ പുരുഷജൽസാഗാഹിലെത്തി,ളുഹ്ർ അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. ശേഷം താമസസ്ഥലത്തേക്കു പോയി.

(ബദ്ർ വീക്കിലി 2017 സെപ്റ്റംബർ 21-28)

## 2017 ആഗസ്ത് 26 (ശനിയാഴ്ച)

പരിപാടിയനുസരിച്ച് വൈകുന്നേരം 4 മണിക്ക് സയ്യിദുനാ അമീറുൽ മുഅ്മിനീൻ ജർമൻകാരും മറ്റു വിവിധ ജനങ്ങളുമായി ബന്ധം വെക്കുന്നവരുമായ അതിഥികൾ പങ്കെടുക്കുന്ന പരിപാടിയിൽ പങ്കെടുക്കുന്നതിന് പുരുഷന്മാരുടെ ജൽസാഗാഹിലെത്തി. ഈ അതിഥികളുമായുള്ള പരിപാടി കുറച്ചു മുമ്പേ തുടങ്ങിക്കഴിഞ്ഞിരുന്നു. 779 അതിഥികളാണ് ഈ പരിപാടിയിൽ പങ്കെടുത്തത്. ജർമനിയിലെ വിവിധ നഗരങ്ങളിൽനിന്ന് 203ഉം 227 അറബ് അതിഥികളും വിവിധ രാജ്യങ്ങളുമായി ബന്ധം വെക്കുന്ന 171 അതിഥികളും 26 ആഫ്രിക്കൻ അതിഥികളും പങ്കെടുത്തു. ജർമനിക്കു പുറമെ ഹോളണ്ട്, സ്പെയിൻ, ഫ്രാൻസ്, ബെൽജിയം, സ്വിറ്റ്സർലാന്റ്, ബൽഗേറിയ, മസിഡോണിയ(Macedonia), അൽബേനിയ(Albania), കൊസോവോ,ബോസ്നിയ,ക്രൊയേഷ്യ(Croatia),ലിഥ്വാനിയ (Lithuania), സ്ലോവേനിയ(Slovenia), ലാറ്റ്വിയ (Latvia), എസ്റ്റോണിയ(Estonia) തുടങ്ങിയ രാജ്യങ്ങളിൽനിന്ന് 190 അതിഥികളാണ് പങ്കെടുത്തത്. അമീറുൽ മുഅ്മിനീൻ വന്നതിനുശേഷം വിശുദ്ധഖുർആൻ പാരായണത്തോടെ പരിപാടി ആരംഭിച്ചു. അതിന്റെ ജർമൻപരിഭാഷയും കേൾപ്പിക്കപ്പെട്ടു. 4.07ന് അമീറുൽ മുഅ്മിനീൻ ഇംഗ്ലീഷിൽ പ്രസംഗം തുടങ്ങി.

**ജർമൻ അതിഥികളോടുള്ള പ്രഭാഷണം:**

തശഹ്ഹുദും തഅവ്വുദും ഓതിയതിനുശേഷം അമീറുൽമുഅ്മിനീൻ പറഞ്ഞു: ആദരണീയരായ അതിഥികളേ! *അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.* നിങ്ങൾ എല്ലാവരിലും അല്ലാഹുവിന്റെ സമാധാനവും കാരുണ്യവും വർഷിക്കുമാറാകട്ടെ.

തുടർന്ന് അമീറുൽമുഅ്മിനീൻ പറഞ്ഞു: നമ്മൾ അങ്ങേയറ്റം ദുഷ്കരവും ആപത്ക്കരവുമായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് എന്നതിൽ സംശയമില്ല. നമ്മൾ ഇന്നത്തെ ലോകത്തെ ഉപരിപ്ലവമായി നോക്കുകയാണെങ്കിൽ നമുക്കെല്ലാ ഭാഗത്തും ശത്രുതയും ഭിന്നിപ്പും അസ്വസ്ഥതയും വളർന്നിരിക്കുന്നതായി കാണാം. ഈ ലോകത്തിന്റെ അസ്ഥിരതയ്ക്കുള്ള ഉത്തരവാദി ഇസ്ലാമാണെന്ന് ലോകത്തുള്ള ഭൂരിപക്ഷമാളുകളും ഉറച്ച തീരുമാനത്തിൽ എത്തിയിരിക്കുന്നതായി തോന്നുന്നു. ലോകത്ത് മുഴുവനുമുള്ള കുഴപ്പങ്ങൾക്കും കലഹങ്ങൾക്കും ഊർജ്ജം നല്കിക്കൊണ്ടിരിക്കുന്നത് മുസ്ലിംകൾ മാത്രമാണെന്ന് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. എന്നിട്ടും വളരെ ഖേദകരമായിട്ടുള്ളത് ചില നാമധാരികളായ മുസ്ലിം സംഘടനകൾ നിരന്തരം ലോകത്തിന്റെ സമാധാനം കെടുത്തുകയും വിദ്വേഷം പരത്തുകയും അങ്ങേയറ്റം അക്രമം ചെയ്ത് അമുസ്ലിം വിഭാഗങ്ങളിൽ വിരോധത്തിന്റേയും ഭയത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു എന്നതാണ്. തീർച്ചയായും എനിക്ക് വ്യക്തിപരമായ നിലയിൽ ഈ യാഥാർഥ്യം അംഗീകരിക്കുന്നതിന് ഒരു മടിയുമില്ല. അതായത് അത്തരം മുസ്ലിംകൾ സമൂഹത്തിൽ കലഹവും കുഴപ്പവും ഭിന്നിപ്പുമുണ്ടാക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിച്ചിട്ടുള്ളത്. അതിനുള്ള വലിയൊരു കാരണം ഭീകരവാദസംഘങ്ങളും ഉലമായും ഗതിമുട്ടിയ മുസ്ലിംകളെ തങ്ങളുടെ നായാട്ടുകാർ ആക്കിയിരിക്കുന്നുവെന്നതാണ്. വഴിതെറ്റിയ ആളുകളെ നേർമാർഗത്തിൽ കൊണ്ടുവരുന്നതിനു പകരം ഇവർ അവരുടെ മനസ്സുകളെ ഭീകരതയുടെ വിഷംകൊണ്ട് നിറച്ചിരിക്കുന്നു. അവരെ യാഥാസ്ഥിതികരുമാക്കിയിരിക്കുന്നു. ദൗർഭാഗ്യവശാൽ ചില മനസ്സുകളിൽ ഈ വിഷം എത്രമാത്രമാണ് നിറച്ചിരിക്കുന്നതെന്നാൽ അവർ അങ്ങേയറ്റം ഭയാനകമായ അക്രമവും അന്യായവുമാണ് ചെയ്തിട്ടുള്ളത്. മറ്റുള്ള ചില ആളുകൾ ഇത്തരം ആക്രമണങ്ങൾ നടത്തിയിട്ടില്ലെങ്കിലും അവരും ഇത്തരം സാത്താനികമായ വീക്ഷണങ്ങൾ വഹിക്കുന്നവരാണ്. ഇതിനോടൊപ്പം നമ്മൾ ദീർഘകാലമായി കണ്ടുവരുന്നത് കുറച്ച് മുസ്ലിംഭരണകൂടങ്ങൾ തങ്ങളുടെ പ്രജകളോട് മോശമായി പെരുമാറിക്കൊണ്ടിരിക്കുന്നതാണ്. ഈ ഭരണകൂടങ്ങൾ പൊതുജനങ്ങളോട് അതിരറ്റ അക്രമവും അന്യായവും അനീതിയുമാണ് ചെയ്തത്. ഇതിന്റെ ഫലമായി ഭിന്നത ഉടലെടുത്തു. അത് അവസാനം രക്തമൊഴുകുന്ന ആഭ്യന്തരയുദ്ധത്തിൽ കലാശിച്ചു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതുണ്ടായിട്ടും ഒരു കാര്യം തികച്ചും വ്യക്തമാക്കപ്പെടേണ്ടതാണ്. അതുകൊണ്ട് ഒന്നും വരാൻപോകുന്നില്ല. ഭീകരരുടെ വാദമെന്താണ്? എല്ലാ ഭീകരവാദികളുടെയും ഭീകരപ്രവർത്തനത്തിന്റേയും സംഭവങ്ങൾ സംഘത്തിൽനിന്നുണ്ടായാലും വേണ്ടില്ല, ഭീകരവാദക്കാരുടെ വ്യക്തികളിൽനിന്നുണ്ടാകുന്നതാണെങ്കിലും വേണ്ടില്ല അത് പാശ്ചാത്യരാജ്യങ്ങളിലാണെങ്കിലുംവേണ്ടില്ല മുസ്ലിംരാഷ്ട്രങ്ങളിലാണെങ്കിലും വേണ്ടില്ല അതെല്ലാം ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്ലാമികാധ്യാപനങ്ങൾ മനുഷ്യകുലത്തിനുള്ള സമാധാനത്തിന്റേയും സംരക്ഷണത്തിന്റേയും ജാമ്യക്കാരനാണെന്നതിൽ ഒരു സംശയമോ സന്ദേഹമോ വേണ്ട. അധ്യാപനങ്ങളുടെ അടിത്തറതന്നെ സഹതാപത്തിലും സ്നേഹത്തിലും മനുഷ്യത്വത്തിലുമാണ്. ഈ മൂല്യങ്ങളിലാണ് അഹ്മദിയ്യാ ജമാഅത്ത് ദൃഢമായും വിശ്വസിക്കുന്നത്. കഴിഞ്ഞ 125 വർഷമായി ലോകത്ത് ഈ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിന് സ്ഥിരമായ ശ്രമം നടത്തിവരുന്നു. അതുകൊണ്ട് ഞാൻ വീണ്ടും പറയുന്നത്, ഇസ്ലാം ഒരുതരത്തിലുള്ള അക്രമവും അന്യായവും അനീതിയും അല്ലെങ്കിൽ ദുഷ്കർമങ്ങൾ ചെയ്യാൻ ഒരിക്കലും അനുവദിക്കുന്നില്ലായെന്നാണ്. ആരംഭകാലംമുതൽതന്നെ ഇസ്ലാമികാധ്യാപനങ്ങൾ വിവിധ ജനങ്ങൾക്കിടയിൽ ഭിന്നത ഉണ്ടാക്കുന്നതിനുപകരം മനുഷ്യകുലത്തെ ഒന്നിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: യഥാർഥത്തിൽ വിശുദ്ധഖുർആൻ മുസ്ലിംകൾ വിശ്വസിക്കുന്ന അല്ലാഹുവിന്റെ കലാമാണ്. അത് ഇസ്ലാമിന്റെ പ്രവാചകന്റെമേൽ ഇറങ്ങിയതാണ്. അതിന്റെ ആദ്യ അധ്യായത്തിൽ വരുന്നത് അല്ലാഹു സർവലോകത്തിന്റേയും പരിപാലകനാണെന്നാണ്. അതായത് അല്ലാഹു മുസ്ലിംകളുടെ മാത്രം ദൈവമല്ല. മറിച്ച് അവൻ ക്രിസ്ത്യാനികളുടേയും യഹൂദികളുടേയും എല്ലാ മതങ്ങളിലും വിശ്വസിക്കുന്നവരുടെയും ദൈവമാകുന്നു. ഒരു മതത്തിലും വിശ്വസിക്കാത്തവരുടേയും ദൈവമാകുന്നു. ദൈവാസ്തികൃത്തിൽ വിശ്വസിക്കാത്തവരുടെയും ദൈവമാകുന്നു. അതുകൊണ്ട് അല്ലാഹു മനുഷ്യകുലത്തിന്റെ പരിപാലകനാണ്. അവരുടെ രക്ഷിതാവാണ്. അവൻ തന്റെ കരുണയും കൃപയും ഒരുവിധ വകഭേദവും കൂടാതെ ഒരു വ്യത്യാസവും കൂടാതെ ഇറക്കിയിരിക്കുന്നു. അതിന് വിശുദ്ധഖുർആൻ അറബി ഭാഷയിൽ ഉപയോഗിച്ചിട്ടുള്ള പദം അവൻ റബ്ബുൽആലമീൻ ആകുന്നുവെന്നതാണ്. അല്ലാഹു ഇവിടെ 'ആലം' എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഇതിന്റെ ഇംഗ്ലീഷ് അർഥം World(ലോകം) എന്നാണ് വെക്കപ്പെടുന്നത്. ഒരു പദവും ഇതിന്റെ യഥാർഥമായ അർഥം ഉൾക്കൊള്ളുന്നതായിട്ടില്ല. ഈ പദം അതായത് 'ആലം' വളരെ വിശാലവും ദൈർഘ്യവുമുള്ളതാണ്. ഈ പദമുപയോഗിച്ചുകൊണ്ട് അല്ലാഹു വ്യക്തമാക്കിയത് അല്ലാഹു ഏതെങ്കിലും പ്രത്യേക മതക്കാരുടേയോ ഏതെങ്കിലും പ്രത്യേക കാലത്ത് ജീവിച്ചിരിക്കുന്നവരുടേയോ ദൈവമല്ല. മറിച്ച്, അവൻ എക്കാലത്തേയും എല്ലാ ജനതയുടേയും മതങ്ങളെ വിശ്വസിക്കുന്നവരുടേയും റബ്ബാണെന്നാണ്. അതുകൊണ്ട് ഈ പദങ്ങൾ അനുപമമായ സൗന്ദര്യവും അങ്ങേയറ്റം യുക്തിനിറഞ്ഞതുമാകുന്നു. ഈ വാക്കുകൾ അതിന്റെ ഉള്ളിൽ ആഗോളപരമായ സമാനതയുടെ അടിസ്ഥാനത്തിന്റെ പവിത്രതയെ വലയം ചെയ്തിരിക്കുന്നു. അങ്ങേയറ്റം വ്യക്തമായും പറയുന്നു, ഈ ലോകത്ത് ഒരുതരത്തിലുള്ള വംശീയവും ദേശീയവുമായ ഉന്നമനത്തിന് ഒരു സ്ഥലവുമില്ലെന്നാണ്. ഈ വാക്കുകൾ വ്യക്തമാക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളും അവന്റെ ബർക്കത്തുകളും ഏതെങ്കിലും ഒരു പ്രത്യേക ജനതയ്ക്കോ വംശത്തിനോ പരിമിതമല്ലെന്നാണ്. മറിച്ച്, ഒരു വ്യത്യാസവുമില്ലാതെ എല്ലാവർക്കും ലഭ്യമാക്കുന്നതാണ്. ഇത് ഇസ്ലാമിന്റെ സത്യസന്ധമായ അധ്യാപനങ്ങളാകുന്നു. പക്ഷേ, എന്നിട്ടും ഇന്ന് വംശീയാധിപത്യവും കക്ഷിത്വവും ലോകത്ത് പരന്നിരിക്കുന്നുവെന്ന് അങ്ങേയറ്റം വിഷമത്തോടെ പറയേണ്ടിവരുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്ലാമിന്റെമേൽ അന്യായമായി ആക്ഷേപമുന്നയിക്കുന്ന ഇവർ അമുസ്ലിംകളോട് വിവേചനപരമായി പെരുമാറുകയും ചെയ്യുന്നു. അവർ സ്വയവും ഈ ആക്ഷേപത്തിന് പാത്രമാണ്. ഉദാഹരണത്തിന് വെള്ളക്കാർ മനുഷ്യസംസ്കാരത്തിൽ മറ്റുള്ള ജനങ്ങളെക്കാൾ അതായത് കറുത്തവർഗക്കാരും ഏഷ്യക്കാരുമായിട്ടുള്ള ആളുകളെക്കാൾ കൂടുതൽ പങ്കുവഹിച്ചവരാണെന്ന് ഈ അടുത്തകാലത്ത് ഒരു അമേരിക്കൻ രാഷ്ട്രീയക്കാരൻ പറഞ്ഞു. ഇതിനോടൊപ്പം വെളുത്ത വർഗക്കാർ അനന്തരാവകാശത്തിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരാണെന്ന് മറ്റൊരു അമേരിക്കൻ സീനിയർ പോലിസിക്കാരൻ വിവരിച്ച റിപ്പോർട്ടും വന്നിരിക്കുന്നു. ഇത്തരം കഠിനമായ അവലോകനം മറ്റു ജനതകളിലും തലമുറകളിലും വെറും നിരാശയും ഖേദവുമാണുണ്ടാക്കുന്നത്. ഇസ്ലാം അതിനു കടകവിരുദ്ധമായ വാദമാണുന്നയിക്കുന്നത്. എല്ലാ ആളുകളും വർഗ വർണ വ്യത്യാസംകൂടാതെ സ്വതന്ത്രരായി ജനിച്ചവരാണ്. ഒരു ജനതയും മറ്റൊരു ജനതയേക്കാൾ ശ്രേഷ്ഠരല്ലെന്നാണ് ഇസ്ലാമാധ്യാപനം. അതുപോലെതന്നെ ഒരു ജനതയിലെ അംഗങ്ങളും മറ്റൊരു ജനതയിലെ അംഗ

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

**കലാമുൽ ഇമാം:-**

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

ങ്ങളേക്കാൾ കൂടുതൽ ബുദ്ധിയുള്ളവരുമല്ല. അല്ലാഹുതന്നെയാണ് എല്ലാവരുടേയും റബ്ബ്. എങ്കിലും മനുഷ്യന് ലോകത്ത് എത്രമാത്രം അഭിവൃദ്ധിപ്പെടാൻ കഴിയുമോ അതിന്റെ അച്ചുതണ്ട് അതിലെ അന്തരീക്ഷവും അതിലെ വ്യക്തിപരമായ അനുഭവങ്ങളിലുമാകുന്നുവെന്ന കാര്യം ശരിയാണ്. എന്നാൽ, അടിസ്ഥാനപരമായ കഴിവുകൾ എല്ലാ മനുഷ്യർക്കും വംശവും പ്രാദേശികവും ഒന്നുംകൂടാതെ സമമായി നല്കപ്പെട്ടിരിക്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇന്നേക്ക് 1400 വർഷം മുമ്പേ, ഇസ്‌ലാമിന്റെ പ്രവാചകൻ തന്റെ ഒരു പ്രഢോജ്വലമായ പ്രഭാഷണത്തിലും -'വിടവാങ്ങൽപ്രഭാഷണം' എന്നാണ് അത് സ്മരിക്കപ്പെടുന്നത്- ഈ വിഷയമാണ് വെച്ചിട്ടുള്ളത്. അവിടന്ന് ഈ പ്രഭാഷണത്തിൽ ലോകസമാധാനത്തിനുള്ള അടിസ്ഥാനശില പാകി. ഈ പ്രസംഗത്തിലെ വാക്കുകൾ എത്രമാത്രം ഉൾക്കാഴ്ചയോടുകൂടിയതാണോ അതുപോലെതന്നെ അത്രമാത്രം ശാശ്വതവും ആദ്യന്തരഹിതവുമാണ്. നബി(സ)തിരുമേനി പ്രഖ്യാപിച്ചു: "എല്ലാ മനുഷ്യരും തുല്യരായിട്ടാണ് ജനിക്കുന്നത്. വെളുത്തവന് കറുത്തവന്റെമേലോ കറുത്തവന് വെളുത്തവന്റെമേലോ ഒരു ശ്രേഷ്ഠതയുമില്ല.' ഇപ്രകാരം നബി(സ)തിരുമേനി പറഞ്ഞു: 'അറബിക് അജ്മിയുടെ മേലോ അജ്മിക്ക് അറബിയുടെമേലോ ഒരു ശ്രേഷ്ഠതയുമില്ല.' ഇസ്‌ലാമിന്റെ പ്രവാചകൻ ആഗോള മനുഷ്യാവകാശത്തിന്റെ അസ്തമിക്കാത്ത പതാക പറപ്പിച്ചുകൊണ്ട് വിളംബരം ചെയ്തു; 'എല്ലാ മനുഷ്യരും തുല്യരായി ജനിക്കുന്നു. അവരുടെ അവകാശങ്ങളും തുല്യമാണ്.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: തീർച്ചയായും ഇന്ന് ഇസ്‌ലാമിനെ കുറിച്ച് ധാരാളം തെറ്റായ ധാരണകളുണ്ടായി കഴിഞ്ഞിരിക്കുന്നു. അപ്പോൾ ഈ തിളക്കമാർന്ന അടിസ്ഥാനതത്ത്വത്തെ ആവർത്തിക്കേണ്ടത് വളരെ ആവശ്യമാണ്. ഇതിൽനിന്ന് സ്ഥാപിതമാകുന്നത് ഇസ്‌ലാം എല്ലാതരത്തിലുള്ള വിവേചനത്തിനും പക്ഷപാതത്തിനും എതിരാണെന്നാണ്. അല്ലാഹു നമുക്ക് വെറും ശാരീരികവും ബുദ്ധിപരവുമായ കഴിവുകളുടെ അടിസ്ഥാനത്തിലല്ല തുല്യത നല്കിയിരിക്കുന്നത്. മറിച്ച് അല്ലാഹു നമ്മുടെ ആത്മീയമായാഭിവൃദ്ധിക്കുവേണ്ടിയും മനുഷ്യകുലത്തിന് മോക്ഷത്തിനുള്ള മാർഗങ്ങളും പ്രദാനം ചെയ്തിരിക്കുന്നു വെന്നതും നമ്മുടെ വിശ്വാസമാണ്. മതപരമായ സാങ്കേതികാർഥത്തിൽ അല്ലാഹു ലോകത്ത് എല്ലാ ജനതകളിലേക്കും റസൂലിനെ അയച്ചിട്ടുണ്ടെന്ന് ഇസ്‌ലാം പറയുന്നു. ആ എല്ലാ നബിമാരേയും ആദരിക്കാനും ബഹുമാനിക്കാനും മുസ്‌ലിംകളോട് കല്പിച്ചു. അതുകൊണ്ട് നമ്മൾ എല്ലാ മതങ്ങളുടേയും എല്ലാ സ്ഥാപകരേയും വളരെ ആദരദൃഷ്ടിയോടെ നോക്കിക്കാണുന്നു. ആർക്കെതിരിലും എന്തെങ്കിലും പറയാൻ ചിന്തിക്കുന്നതുപോലുമില്ല. തീർച്ചയായും യഥാർഥമുസ്‌ലിം ഒരു പ്രവാചകനേയോ മഹാത്മാവിനേയോ ചീത്തപറയുകയില്ല. ഇസ്‌ലാംവിരോധികൾ അതിന്റെ പ്രവാചകന്റെ ആത്മീയപ്രഭയോടു വളരെയധികം അനാദരവ് കാണിക്കുകയുണ്ടായി. മറ്റുള്ളവർ നമ്മുടെ പ്രിയപ്പെട്ട നബിയെ അന്യായമായ നിലയിൽ അപമാനിക്കുന്നത് കാണുമ്പോൾ നമുക്ക് വളരെയധികം അസ്വസ്ഥതയുണ്ടാകുന്നു. നമ്മുടെ മനസ്സിന് വളരെയധികം മുറിവേൽക്കുന്നു. എന്നാൽ, നമ്മൾ അതിന്റെ പ്രതികരണത്തിൽ ഒരിക്കൽ മറ്റു മതങ്ങളുടെ നബിമാരേയോ പുണ്യാത്മാക്കളേയോ അപമാനിക്കാറില്ല. ഈ വെറുപ്പിന്റേയും ശത്രുതയുടേയും പ്രകടനത്തിന്റെ മുമ്പിൽ നമ്മുടെ മതം ഞങ്ങളോടു പറയുന്നത് സ്നേഹത്തോടും സമാധാനത്തോടുംകൂടി അതിന് മറുപടി നല്കുക എന്നാണ്. ഇസ്‌ലാം ഇതുമാത്രമല്ല പറയുന്നത്. മുസ്‌ലിംകൾ മറ്റു മതങ്ങളുടേയും അവരുടെ പ്രവാചകന്മാരുടേയും എതിരിൽ സംസാരിക്കരുതെന്നും മറിച്ച്, അതിനേക്കാളുപരി അൻആം എന്ന അധ്യായത്തിന്റെ 109-ാം വചനത്തിൽ പറഞ്ഞതുപോലെ അവർ ബിംബാരാധകരുടെ ബിംബങ്ങളെപോലും ചീത്തപറയരുതെന്നുമാണ് ഇസ്‌ലാം പറയുന്നത്. കാരണം അതുമുഖേന അവർ തങ്ങളുടെ അജ്ഞത കാരണത്താൽ കോപാകുലരാകുകയും അല്ലാഹുവിനെ ചീത്തപറയുകയും ചെയ്യുന്നതായിരിക്കും. അപ്പോൾപിന്നെ തീർച്ചയായും അതുകൊണ്ട് മുസ്‌ലിംകളുടെ വികാരങ്ങൾക്ക് ക്ഷതമേല്ക്കുന്നതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: വിശുദ്ധഖുർആൻ വെറുപ്പിന്റെ അറ്റമില്ലാത്ത പരമ്പര അവസാനിപ്പിക്കുന്നതിനുവേണ്ടി -അതാണെങ്കിൽ അവസാനം ശത്രുതയിലേക്കും അക്രമത്തിലേക്കും കടക്കുന്നതുമാണ്- മുസ്‌ലിംകളോട് ക്ഷമ കൈക്കൊള്ളാനും എപ്പോഴും ഉത്കൃഷ്ടസ്വഭാവത്തിന്റെ പ്രദർശനം കാഴ്ചവെക്കാനും പറഞ്ഞു. ഇപ്രകാരംതന്നെ വിശുദ്ധഖുർആനിൽ ആലുഇംറാൻ എന്ന അധ്യായത്തിന്റെ 65-ാം വചനത്തിലും മതപരമായ സഹിഷ്ണുതയ്ക്കും സാഹോദര്യത്തിനും അടിത്തറ ഇട്ടിരിക്കുന്നു. ഈ വചനത്തിൽ പറഞ്ഞിരിക്കുന്നത് എല്ലാ മതത്തിലേയും ആളുകൾ പ്രത്യേകിച്ചും ഗ്രന്ഥാനുസാരികൾ ദൈവാസ്തിക്യത്തെക്കുറിച്ച് ഏകോപിച്ചുള്ള വിശ്വാസാദാർശങ്ങളുടെ അടിസ്ഥാനത്തിൽ ഒന്നിക്കണമെന്നാണ്. അതുകൊണ്ട് വിശുദ്ധഖുർആൻ മനുഷ്യകുലത്തെ ഏകോപിച്ചുള്ള മൂല്യങ്ങളിൽ സംഘടിപ്പിക്കുന്നതിനും തങ്ങളുടെ ഭിന്നതകളെ പിൻപുറം തള്ളിക്കളയുന്നതിനും പാഠം നല്കുന്നു. ഇവിടെ വിശുദ്ധഖുർആൻ, അമുസ്‌ലിംകൾ ഈ കല്പന പാലിച്ചാലും ഇല്ലെങ്കിലും മുസ്‌ലിംകൾ ഏതവസ്ഥയിലും മറ്റുള്ളവരുടെ വിശ്വാസാദർശങ്ങളെ ആദരിക്കുകയും അവർക്കുവേണ്ടി തങ്ങളുടെ മനസ്സ് തുറന്നുവെക്കുകയും ചെയ്യേണ്ടത് നിർബന്ധകടമയാണെന്നും പറയുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്‌ലാമിന്റെമേൽ മിക്കപ്പോഴും ഉന്നയിക്കപ്പെടുന്ന മറ്റൊരു ആക്ഷേപം മറ്റുള്ളവരെ ഇസ്‌ലാമിൽ ചേർക്കുന്നതിന് ബലപ്രയോഗം നടത്തുന്നുവെന്നതാണ്. ഇതും തികച്ചും തെറ്റായ ആരോപണമാണ്. എന്നല്ല ഇതിന്നെതിരിൽ വിശുദ്ധഖുർആൻ ബഖറ എന്ന അധ്യായത്തിലെ 257-ാം വചനത്തിൽ ഒരു നിബന്ധനയും കൂടാതെ വിളംബരം ചെയ്തിരിക്കുന്നു; വിശ്വാസത്തിന്റേയും മതത്തിന്റേയും കാര്യത്തിൽ ഒരുതരത്തിലുള്ള ബലാൽക്കാരവുമില്ല. ഇസ്‌ലാം വാദിക്കുന്നത് അത് ആഗോളവും പരിപൂർണവുമായ മതമാണെന്നാണ്. അതിന്റെ നിർബന്ധമായ ഭാഗം മതം മനുഷ്യന്റെ മനസ്സുമായി ബന്ധപ്പെട്ട കാര്യമാണെന്നാണ്. അതുകൊണ്ട് ഒരിക്കലും ആരെയെങ്കിലും മുസ്‌ലിമാക്കുന്നതിന് ഒരു തരത്തിലുള്ള ബലാൽക്കാരവും ചെയ്യാൻ കഴിയുകയില്ല. മനുഷ്യകുലത്തെ ഒന്നടങ്കം മുസ്‌ലിം ആക്കാനുള്ള ശക്തി അല്ലാഹുവിനുണ്ടെങ്കിലും, പൂർണമായ സ്വാതന്ത്ര്യത്തോടും, സമ്മർദ്ദമൊന്നും കൂടാതെയും തങ്ങളുടെ വഴി സ്വീകരിക്കാൻ അല്ലാഹു മനുഷ്യർക്ക് അധികാരം നല്കിയിരിക്കുന്നുവെന്ന് യൂനുസ് എന്ന അധ്യായത്തിന്റെ 100-ാം വചനത്തിലും അല്ലാഹു പറയുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നമ്മൾ ആരാധിക്കുന്ന അല്ലാഹു അക്രമിയല്ല. മനുഷ്യകുലം ഒന്നാകെ അവനു മുമ്പിൽ കുനിയണമെന്ന് അവൻ ആവശ്യപ്പെടുന്നുമില്ല. മറിച്ച്, സ്വന്തം ഇഷ്ടത്താൽ തങ്ങളുടെ വിശ്വാസം തിരഞ്ഞെടുക്കാൻ പൂർണാധികാരം മനുഷ്യന് നല്കിയിട്ടുള്ള മഹത്തായ അസ്തിത്വമാണവൻ. ഇതിന്റെ ഉദ്ദേശ്യം മുസ്‌ലിംകൾ തങ്ങളുടെ മതം പ്രബോധിക്കേണ്ട എന്നല്ല, എല്ലാ മുസ്‌ലിംകളും ഇസ്‌ലാമിക സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കണമെന്നാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. എന്നാൽ, ഈ പ്രബോധനം പൂർണമായും സമാധാനമാർഗത്തിലും സഹിഷ്ണുതയോടും സ്നേഹത്തോടും പരസ്പരം ആദരിച്ചും ബുഹമാനിച്ചുംകൊണ്ടായിരിക്കേണ്ടതാണ്. ഇസ്‌ലാം അല്ലാഹുവിൽനിന്നുള്ള ഒരു സത്യമാണെന്നും അവർക്ക് വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാമെന്നും മനുഷ്യനോടു പറയേണ്ടത് മുസ്‌ലിംകളുടെ നിർബന്ധകടമയാണെന്ന് വിശുദ്ധഖുർആനിൽ കഹ്ഫ് എന്ന അധ്യായത്തിലെ 30 -ാം വചനത്തിൽ അല്ലാഹു പറയുന്നു. അതുകൊണ്ട് ഈ വികാരത്തോടുകൂടി സമാധാനപരമയി മനുഷ്യരെ ഇസ്‌ലാമിന്റെ സത്യമായ അധ്യാപനത്തിലേക്ക് വിളിക്കാൻ ശ്രമിക്കേണ്ടതാണ്. ഏകദൈവത്തെ അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കേണ്ടതാണ്. നമ്മൾ ജനമനസ്സുകളെ സ്നേഹത്തോടും സഹതാപത്തോടുംകൂടി ജയിച്ചടക്കേണ്ടതാണ്.

വിശുദ്ധഖുർആനിലെ യൂനുസ് എന്ന അധ്യായത്തിലെ 28 -ാം വചനം കൂടുതൽ വിശദീകരിച്ചുകൊണ്ട് അമീറുൽമുഅ്മിനീൻ പറഞ്ഞു: അല്ലാഹു സമാധാനഗേഹത്തിലേക്ക് ക്ഷണിക്കുന്നു. ഈ ആയത്തുകൊണ്ട് ഇസ്‌ലാമികാധ്യാപനങ്ങളിൽ വിശ്വസിച്ചാലും ഇല്ലെങ്കിലും എല്ലാ മനുഷ്യരും സ്വതന്ത്രരാണെന്ന ആശയത്തിന് കൂടുതൽ ശക്തി ലഭിക്കുന്നു. ഈ വചനത്തിൽ പറയുന്നത് അല്ലാഹു സകലമാന മനുഷ്യരേയും സമാധാനത്തിലേക്കും സംരക്ഷണത്തിലേക്കും വിളിക്കുന്നു എന്നാണ്. അതിനാൽ അല്ലാഹു സമാധാനഗേഹത്തിലേക്ക് മനുഷ്യനെ വിളിക്കുമ്പോൾ, വ്യക്തിപരമായ നിലയിൽ മറ്റുള്ള എല്ലാ മനുഷ്യർക്കും സമാധാനത്തിന്റേയും സംരക്ഷണത്തിന്റേയും മാർഗമായിത്തീരേണ്ടത് മുസ്‌ലിംകൾക്ക് നിർബന്ധമാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഞാൻ വിശുദ്ധഖുർആനിലെ കുറച്ച് ആയത്തുകൾ വിവരിക്കുകയുണ്ടായി. അത് പരിപൂർണമായ നിലയിൽ, ഇസ്‌ലാം നഊദുബില്ലാഹ് അമുസ്‌ലിംകളുടെ അവകാശങ്ങൾ അപഹരിക്കുന്നതും സമൂഹത്തിലെ സമാധാനവും സന്തോഷവും ക്ഷേമവും നശിപ്പിക്കുന്നതുമായ മതമാണെന്ന ആക്ഷേപം നിരർഥമാണെന്ന് സ്ഥാപിക്കുന്നതുമാണ്. വിശുദ്ധഖുർആൻ ഖസസ് എന്ന അധ്യായത്തിലെ 58-ാം വചനത്തിൽ സത്യമായ ഇസ്‌ലാം എപ്പോഴും സമാധാനപരമായ രീതിയിലാണ് പ്രചരിച്ചതെന്നും ഞങ്ങളുടെ ഈ വാദം പുതിയൊരു കാര്യമല്ലെന്നുമുള്ള യാഥാർഥ്യം വിവരിച്ചിരിക്കുന്നു. നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ സന്ദേശം ലഭിക്കുകയും എന്നാൽ, അത് നിഷേധിക്കുകയും ചെയ്തവരെക്കുറിച്ചാണ് ഈ വചനത്തിൽ പറയുന്നത്. അതിനു കാരണം ഭൗതികതയാണെന്നും ആത്മീയതയല്ലെന്നും ഈ വചനത്തിൽ പറയുന്നു. തങ്ങൾക്ക് ഭയമുണ്ടെന്ന് അവർ സ്വയം സമ്മതിക്കുന്നു. ഈ സന്ദേശത്തെ സ്വീകരിക്കുകയാണെങ്കിൽ, തങ്ങളുടെ മുതലുകളെല്ലാം കൈവിട്ടുപോകുമെന്നും അവരുടെയാളുകൾ അവരുമായി ബന്ധം വിച്ഛേദിക്കുമെന്നും അവർ ഭയപ്പെടുന്നു. അവർ മുസ്‌ലിംകളെ ഭയപ്പെടുന്നവരായിരുന്നില്ല. കാരണം അവർ ഇതിന്റെ മനോഹരമായ അധ്യാപനം വ്യക്തിപരമായ നിലയിൽ അനുഭവിച്ചുകഴിഞ്ഞിരുന്നു. അവർ തങ്ങളുടെ ഭരണാധികാരികളേയും ആളുകളേയുമാണ് ഭയപ്പെട്ടിരുന്നത്. ഇത് ഇസ്‌ലാമിന്റെ സ്ഥാപകരും സ്വഹാബികളും ഇസ്‌ലാമിന്റെ സന്ദേശം എപ്പോഴും സമാധാനപരമായ നിലയിലാണ് പ്രചരിപ്പിക്കാൻ ശ്രമിച്ചിരുന്നതെന്നും ഒരിക്കലും ഒരുതരത്തിലുള്ള ബലാൽക്കാരവും നടത്തിയിട്ടില്ലെന്നുമുള്ള യാഥാർഥ്യത്തിനുമേൽ മുദ്രവെക്കുന്നു. ഇത് ഹദ്റത്ത് മുഹമ്മദ്(സ) പഠിപ്പിച്ചതും ചെയ്തുകാണിച്ചതുമായ ഇസ്‌ലാം ഭീകരവാദത്തിലും അക്രമത്തിന്റെ അധ്യാപനങ്ങളിലും അധിഷ്ഠിതമായിരുന്നില്ലെന്നതാണ് തെളിയിക്കുന്നത്. അമുസ്‌ലിംകൾക്ക് ഒരു ശിക്ഷയും ഭയക്കാതെ നിഷേധിക്കാമായിരുന്നു. അവർ ആരെയെങ്കിലും ഭയപ്പെട്ടിരുന്നെങ്കിൽ അവരുടെതന്നെ അമുസ്‌ലിം നേതാക്കന്മാരേയും ഗോത്രങ്ങളേയുമായിരുന്നു. ഇസ്‌ലാമിന്റെ സമാധാനപരമായ അധ്യാപനങ്ങൾ ജനങ്ങൾ സ്വീകരിക്കുന്നത് അവർക്ക് സഹിക്കുമായിരുന്നില്ല.

അമീറുൽമുഅ്മിനീൻ പറഞ്ഞു: നബി(സ) തിരുമേനി മക്കാ വിജയാവസരത്തിൽ കാണിച്ച അതുല്യമായ മാതൃക നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇസ്‌ലാമിന്റെ പ്രവാചകന്റെ ജന്മസ്ഥലമായിരുന്നു മക്ക. എന്നാൽ, നുബുവ്വത്ത് വാദിച്ചതിനുശേഷം 13 വർഷംവരെ ആ മഹാത്മാവും അവിടത്തെ സ്വഹാബാക്കളും തങ്ങളുടെ സ്വന്തമാളുകളുടെ കൈയാൽ അക്രമങ്ങൾക്കും ബലാൽക്കാരത്തിനും വിധേയരായിക്കൊണ്ടിരുന്നു. മുസ്‌ലിംകളുടെമേൽ അക്രമം ചെയ്യപ്പെട്ടു. അവർ കൊള്ളയടിക്കപ്പെട്ടു. വധിക്കപ്പെട്ടു. എത്രത്തോളമെന്നാൽ, നബി(സ) തിരുമേനിയുടെ പ്രിയപ്പെട്ടവരുടെ മേൽ ആക്രമണമുണ്ടായതുപോലെ ആ മഹാത്മാവിന്റെ മേലുമുണ്ടായി. അവസാനം വീട്ടിൽനിന്ന് അദ്ദേഹം പുറത്താക്കപ്പെട്ടു. അദ്ദേഹത്തിന് ഹിജ്റത്ത് ചെയ്യേണ്ടിവന്നു. എന്നിട്ടും ആ മഹാത്മവ് വിജയശ്രീലാളിതനായി തിരിച്ച് മക്കയിൽ പ്രവേശിച്ചു. പട്ടണം മുഴുവൻ ആ മഹാത്മാവിന്റെ നിയന്ത്രണത്തിലായിരുന്നു. കഴിഞ്ഞവർഷങ്ങളിൽ മുസ്‌ലിംകളെ ദാരുണമായി അക്രമത്തിന് വിധേയരാക്കിയവർക്കെല്ലാം മാപ്പുനല്കുന്നതായിരിക്കും എന്നതായിരുന്നു ആ മഹാത്മാവിന്റെ ആദ്യത്തെ വിളംബരം. ആ മഹത്തായ വിജയത്തിന്റെ അവസരത്തിൽ നബി(സ) തിരുമേനി മഹത്തായ വിജയത്തിന്റേയും ക്ഷമയുടേയും മാതൃക കാണിച്ചുകൊണ്ട് മുസ്‌ലിംകളെ മൃഗീയമായി പീഢിപ്പിച്ച എല്ലാവർക്കും ഇസ്‌ലാമിന്റെ സമാധാനപരമായ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ മാപ്പു നല്കുന്നുവെന്ന് വിളംബരം ചെയ്തു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ വിവരിച്ച

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

ഇക്കാര്യങ്ങളുടെ വെളിച്ചത്തിൽ, എടുത്തുചാട്ടവും മറ്റുള്ളവർ പറയുന്നതുകേട്ടും ഇസ്‌ലാം അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും മതമാണെന്ന് തീരുമാനിക്കാതെ യാഥാർഥ്യങ്ങൾ മുന്നിൽവെച്ചുകൊണ്ട് ആളുകൾ തങ്ങളുടെ ബുദ്ധി ഉപയോഗിച്ച് വിശ്വസ്തതയോടു കൂടി, ഇസ്‌ലാം യഥാർഥത്തിൽ ഏതുകാര്യത്തെയാണ് പ്രതിബിംബിപ്പിക്കുന്നതെന്ന് ചിന്തിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അപ്പോഴാണ് കഴിഞ്ഞവർഷങ്ങളിൽ ഇസ്‌ലാമിന്റെ പേരിൽ ചെയ്യപ്പെട്ട വിദ്വേഷപരമായ കാര്യങ്ങൾക്ക് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളുമായി ഒരു ബന്ധവുമില്ലെന്ന് മനസ്സിലാകുക.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്‌ലാമിനെ അല്ലെങ്കിൽ ഏതെങ്കിലും മതത്തെ യഥാർഥ അധ്യാപനങ്ങൾക്കു വിരുദ്ധമായി ഇത്തരം ആളുകൾ ചെയ്തുകൂട്ടുന്ന പാപങ്ങൾവച്ചുകൊണ്ട് ആക്ഷേപിക്കുന്നത് ശരിയായ പ്രവണതയല്ല. ലോകത്ത് ഏറ്റവും കൂടുതൽ ആയുധങ്ങൾ നിർമിക്കുന്നത് ക്രിസ്ത്യൻ രാജ്യങ്ങളാണ്. ആ ആയുധങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരപരാധികളെ കൊല്ലുന്നതിനും അക്രമപരമായ സംഘർഷങ്ങൾക്ക് ജന്മം നല്കുന്നതിനും നിമിത്തമായിക്കൊണ്ടിരിക്കുന്നു. അപ്പോൾ ക്രിസ്തുമതം ആ ഭയാനകമായ ആയുധങ്ങൾ വിതരണം ചെയ്യുന്നതിന് ഉത്തരവാദിയാണെന്ന ആക്ഷേപം ശരിയാകുമോ? ഒരിക്കലുമില്ല. അതുപോലെ ലോകത്ത് വ്യാപിച്ചിട്ടുള്ള കലഹത്തിന് മുസ്‌ലിംകൾ മാത്രമാണ് ഉത്തരവാദിയെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതിനാൽ അതു കൂടുതൽ വിശദീകരിക്കാൻ എന്നെ അനുവദിച്ചാലും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നമ്മളെല്ലാവരും 20-ാം നൂറ്റാണ്ടിലുണ്ടായ രണ്ട് മഹായുദ്ധങ്ങളുടെ ഭയാനകമായ ഫലങ്ങൾ കണ്ടവരാണ്. അതിൽ ലക്ഷക്കണക്കിനാളുകൾ വധിക്കപ്പെട്ടു. അസംഖ്യം ആളുകളുടെ ജീവിതം തകർന്നുപോയി. ഈ മഹായുദ്ധങ്ങൾ മനുഷ്യചരിത്രത്തിലെ ഇരുണ്ട അധ്യായങ്ങളാണ്. കഴിഞ്ഞകാല തെറ്റുകളിൽനിന്ന് ലോകം പാഠം പഠിച്ചില്ല എന്നതാണ് ഖേദകരം. ഇപ്പോൾ മനുഷ്യൻ വീണ്ടും ഭയാനകമായ മലയിടുക്കിന്റെ മുഖഭാഗത്ത് നില്ക്കുകയാണ്. സമാധാനത്തിനുവേണ്ടി ശരിയായ അറിവു നല്കുന്നതിനും ഗ്രഹിപ്പിക്കുന്നതിനും പരസ്പരം ആദരിക്കുന്നതിനും ബഹുമാനിക്കുന്നതിനോടുമൊപ്പം ചർച്ചകളുടെ വഴി സ്വീകരിക്കുന്നതിനു പകരം ഭൗതികശക്തികൾ ഭയപ്പെടുത്തുന്നതും ഭീഷണിപ്പെടുത്തുന്നതുമായ വഴിയാണ് സ്വീകരിച്ചിട്ടുള്ളത്. ലോകത്തെ പല പ്രാവശ്യവും നശിപ്പിക്കാൻ ശക്തിയുള്ള ആയുധങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. രണ്ടാംലോക മഹായുദ്ധത്തിൽ ജപ്പാനെതിരിൽ അമേരിക്ക ആറ്റംബോംബ് ഉപയോഗിക്കുകയും തൽഫലമായുണ്ടായ ഭയാനകമായ നാശനഷ്ടങ്ങൾ കണ്ടിട്ടും അമേരിക്ക ഉൾപ്പെടെയുള്ള ലോകത്തിലെ നിരവധി രാഷ്ട്രങ്ങൾ ഒന്നും ചിന്തിക്കാതെ മുമ്പത്തേതിനേക്കാൾ പല ഇരട്ടി ശക്തിയുള്ള ആറ്റംബോംബ് നിർമിക്കുന്നതിൽ മുഴുകിയിരിക്കുകയാണ്. അങ്ങേയറ്റം ഭയാനകമായ ഫലങ്ങളിലേക്ക് മുന്നിട്ടുകൊണ്ടിരിക്കുകയാണ്. ആറ്റംബോംബ് നിർമിച്ച 9 രാജ്യങ്ങളിൽ ഒരേയൊരു മുസ്‌ലിം രാജ്യം പാകിസ്താനാണ്. അതുകൊണ്ട് ആ ഭയാനകമായ ആയുധങ്ങളുടെ കേന്ദ്രമാണ് മുസ്‌ലിംലോകമെന്ന് പറയാൻ സാധ്യമല്ല. മനുഷ്യജീവിതത്തിന് ശക്തമായ ഭീഷണിയാണെന്നും പറയാൻ പറ്റില്ല. ഞാൻ മുമ്പേയും പറഞ്ഞുകഴിഞ്ഞതുപോലെ, മുസ്‌ലിംലോകത്ത് നിലവിലുള്ള ആയുധങ്ങളിലധികവും അമുസ്‌ലിം ലോകത്ത് നിർമിക്കപ്പെട്ടവയാണ്. അപ്പോൾ സ്വാഭാവികമായും ചോദ്യമുണ്ടാകാം: ഒരു ഭാഗത്ത് അമുസ്‌ലിം ജനതകൾ മുസ്‌ലിം ലോകത്ത് സമാധാനം വേണമെന്ന് ആവശ്യപ്പെടുന്നു. മറുഭാഗത്ത് ആ രാജ്യങ്ങളിൽ, യുദ്ധത്തിന്റെ തീനാളങ്ങൾ പരത്തുന്നതിന് - അതിനെ അവർ സ്വയം അപലപിക്കുന്നുണ്ടെങ്കിൽത്തന്നെയും-വായുവും നല്കിക്കൊണ്ടിരിക്കുന്നു. ചില നേരങ്ങളിൽ കുറച്ച് ഭരണകൂടങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പോസറ്റീവായിട്ടുള്ള ചുവടുവയ്പും ഉണ്ടാകുന്നുണ്ട്. അവയിൽ നന്മ വരുത്താനുള്ള ശക്തിയുണ്ട്. പക്ഷേ, ഖേദകരമെന്ന് പറയട്ടെ, അത്തരം രാഷ്ട്രീയക്കാർ അവസാനിച്ചുകൊണ്ടുപോകുകയാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: കഴിഞ്ഞ 70 വർഷത്തിലധികമായി സമാധാനത്തിനുവേണ്ടി അകമഴിഞ്ഞ് പ്രവർത്തിക്കേണ്ടതിനു പകരം ഭയപ്പെടുത്താനും ഭീഷണിപ്പെടുത്താനുമുള്ള പോളിസികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിനുകീഴിൽ സമാധാനം സ്ഥാപിക്കുന്നതിന് മുമ്പത്തേക്കാൾ കൂടുതൽ ഭയാനകമായ ആയുധങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നു. വാദമെന്തുതന്നെയാണെങ്കിലും യാഥാർഥ്യം ഇതാണ്. ഇത്തരം നടപടികൾ മുഖേന ഒരിക്കലും ശാശ്വതമായ സമാധാനം സ്ഥാപിക്കാൻ സാധിക്കുകയില്ല. ഏതെങ്കിലും ഒരു ദിവസം ഒരു ബട്ടൺ അമർത്തുന്നതിലൂടെ ഇതുവരെ കണ്ടിട്ടില്ലാത്ത നാശം കാണേണ്ടിവന്നേക്കാം. അത് അവർ അതിനു മുമ്പേ ഒരിക്കലും കണ്ടിട്ടില്ലാത്തതായിരിക്കും. അതിനാൽ സമാധാനം സ്ഥാപിക്കുന്നതിന് ഈ നാമമാത്ര രീതി സ്വീകരിക്കുന്നതിനുപകരം, സമാധാന സ്ഥാപനത്തിന് അല്ലാഹുവിൽനിന്ന് വന്നിട്ടുള്ള വഴിക്കു മാത്രമേ സാധിക്കുകയുള്ളൂവെന്ന് എല്ലാ അഹ്മദികളും ദൃഢമായി വിശ്വസിക്കുന്നു. മനുഷ്യൻ തന്റെ സ്രഷ്ടാവിനെ തിരിച്ചറിയേണ്ട സമയം വന്നെത്തിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹു തന്നെയാണ് ലോകപരിപാലകനെന്നും, നമ്മുടെ വളർച്ചയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതെന്നും അവൻ തന്നെയാണ് നമ്മുടെ സ്രഷ്ടാവെന്നും അവന്റെ ധാരാളം അനുഗ്രഹങ്ങൾ നമ്മളിലുണ്ടെന്നും അംഗീകരിക്കേണ്ടതാണ്. അതിനുപകരം അവന്റെ മുമ്പിൽ കുനിയേണ്ടതും അവന്റെ സാമീപ്യം പ്രാപിക്കാൻ ശ്രമിക്കേണ്ടതും നമ്മുടെ നിർബന്ധകടമയല്ലേ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ലോകം ഭൗതിക സമ്പത്തിനും ശക്തിക്കും മുൻഗണന നല്കുവോളം നമ്മൾ ലോകത്ത് സത്യമായ സമാധാനം കാണുകയില്ല. തീർച്ചയായും ഈ അത്യാഗ്രഹമാണ് സ്വാർഥലാഭത്തിനുവേണ്ടി മറ്റുള്ളവരുടെ അവകാശങ്ങൾ പിടിച്ചെടുക്കാൻ ഉത്തേജിപ്പിക്കുന്നത്. അതുമുഖേന പിന്നീട് അസ്വസ്ഥതകളുണ്ടാകുന്നു. അത് മുഴുലോകത്തും വ്യാപിക്കുന്നു. ഈ അടുത്തകാലത്ത് പ്രായമുള്ള ഒരു അമേരിക്കൻ രാഷ്ട്രീയനേതാവ് പറഞ്ഞു: സിറിയയിൽനിന്നുള്ള ഐ.എസ്. ഐ.എസിന്റെ അവസാനം ഒരിക്കലും അമേരിക്കക്ക് ഗുണം ചെയ്യുകയില്ല. മറിച്ച് ഈ ഭീകരവാദ ഗ്രൂപ്പിന്റെ ഈ പ്രദേശത്തെ അല്പ സാന്നിദ്ധ്യംപോലും പാശ്ചാത്യർക്ക് ഗുണം ചെയ്യുന്നതായിരിക്കും. ഇത്തരത്തിലുള്ള ന്യായശാസ്ത്രം ബുദ്ധിമാനും സമാധാനപ്രിയനുമായ ഒരു മനുഷ്യന് ഒരിക്കലും മനസ്സിലാക്കാൻ സാധിക്കുകയില്ല.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഒരുഭാഗത്ത് പാശ്ചാത്യൻജനതകൾ മുസ്‌ലിംരാജ്യങ്ങളോടു എല്ലാതരത്തിലുമുള്ള ഭീകരപ്രവർത്തനവും അവസാനിപ്പിക്കാനും സമാധാനം സ്വീകരിക്കാനും ആവശ്യപ്പെടുന്നു. മറുഭാഗത്ത് മുസ്‌ലിം ലോകത്ത് സമാധാനംനിന്നാൽ തങ്ങളുടെ ശക്തിയും വിജയവും കുറഞ്ഞുപോകുമെന്ന് ഭയപ്പെടുന്ന ചില ശക്തികൾ. ഇത്തരം കാപട്യവും വക്രതയും നിറഞ്ഞ പോളിസി ലോകത്തെ അസ്ഥിരപ്പെടുത്തുകയേയുള്ളൂ. ഞാൻ സൂചിപ്പിച്ചതുപോലെ പാശ്ചാത്യലോകത്തിന്റേയും ആയുധനിർമാതാക്കളുടേയും സ്വാർഥ താൽപര്യങ്ങളാണിത്. ഇതിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംരാജ്യങ്ങളിൽ ഒരു പരിധിവരെ സംഘർഷങ്ങൾ നിലനിറുത്താൻ അവർ ആഗ്രഹിക്കുന്നു. ഇത്തരം പദ്ധതികളും സ്വാർഥപരമായ നടപടികളും അങ്ങേയറ്റം ഖേദകരമാണ്. ലോകത്തെ സമാധാനം കെടുത്താൻ നിമിത്തമാണ്. ഇതിനു വിപരീതമായി ഇസ്‌ലാമികാധ്യാപനങ്ങൾ സമൂഹത്തിൽ എല്ലാതലങ്ങളിലും സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുന്നു.

യഥാർഥ നീതിയാണ് സമാധാനത്തിന്റെ താക്കോലെന്ന് നമ്മുടെ മതം വ്യക്തമാക്കിയിരിക്കുന്നു. നീതിയും ന്യായവും കൂടാതെ സമാധാനം നിലനില്ക്കുകയില്ല. നീതിയും ന്യായവും സത്യവും നിലനിറുത്തുന്നതിന് ഏതെങ്കിലും ജനതയ്ക്കോ തങ്ങൾക്കെതിരെതന്നെയോ സാക്ഷിപറയേണ്ടിവന്നാലും എപ്പോഴും തയ്യാറായിരിക്കണമെന്നുവരെ ഇസ്‌ലാം പറയുന്നു. നീതി സ്ഥാപിതമാകാത്തിടത്തോളം വീട്, കസബ, നഗരം, രാജ്യം, ലോകം തുടങ്ങിയ തലങ്ങളിലൊന്നും പൂർണമായും സമാധാനം നിലനില്ക്കുകയില്ല.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്‌ലാമിന്റെ പ്രാരംഭകാലത്ത് യുദ്ധം ചെയ്തതെന്തിനാണെന്ന് ജനങ്ങൾ ആക്ഷേപിക്കുന്നു. അതിനെ സംബന്ധിച്ച് ഹ്രസ്വമായി പറയാനാഗ്രഹിക്കുകയാണ്. വിശുദ്ധഖുർആനിലെ ഹജ്ജ് എന്ന അധ്യായത്തിലെ 41-ാം വചനത്തിൽ പറയുന്നു: അല്ലാഹു പ്രാരംഭകാല മുസ്‌ലിംകൾക്ക് കേവലം പ്രതിരോധയുദ്ധം ചെയ്യാനാണ് അനുവാദം നല്കിയിരുന്നത്. ഈ വചനം വ്യക്തമാക്കുന്നത് ഈ അനുവാദം നല്കിയത് പ്രദേശങ്ങൾ പിടിച്ചെടുത്ത് വിജയം കൊയ്യാനായിരുന്നില്ല. മറിച്ച്, അല്ലാഹു അനുവാദം നല്കിയത് കലഹവും കുഴപ്പവും അവസാനിപ്പിക്കാനായിരുന്നു. ആഗോളതലത്തിൽ വിശ്വാസ സ്വാതന്ത്ര്യനിയമം എന്നെന്നേക്കുമായി സ്ഥാപിക്കാനായിരുന്നു. 41-ാം വചനത്തിൽ മുസ്‌ലിംകൾക്ക് പ്രതിരോധയുദ്ധത്തിന് അനുവാദം നല്കുന്നതിനു മുമ്പേ, ആരാധനാലയങ്ങൾ സംരക്ഷിക്കാനുള്ള കല്പനയാണ് നല്കിയിട്ടുള്ളത്. ബഖറ അധ്യായത്തിലെ 124-ാം വചനത്തിൽനിന്ന് പ്രതിരോധയുദ്ധം ചെയ്യാനുള്ള അനുവാദം നല്കപ്പെട്ട സ്ഥലത്ത്, ഈ യുദ്ധം ഒരു പ്രത്യേക പരിധിക്കുള്ളിലും എപ്പോഴും അതിന്റെ ഉദ്ദേശ്യം അക്രമവും അനീതിയും അവസാനിപ്പിക്കുന്നതിനായിരിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. ഈ നിബന്ധനകൾ പൂർത്തിയാകുകയും ജനങ്ങൾ സമാധാനത്തിലാകുകയും ചെയ്താൽ ഉടനെ യുദ്ധം അവസാനിപ്പിക്കുകയും വേണം. യുദ്ധത്തിന്നിടയിൽ ആക്രമിക്കുന്നവരെമാത്രം ലക്ഷ്യം വെക്കുകയും അല്ലെങ്കിൽ തടവിലാക്കുകയും ചെയ്യേണ്ടതാണ്. നിരപരാധികൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ദൗർഭാഗ്യവശാൽ നമ്മൾ ഇക്കാലത്തെ യുദ്ധങ്ങളിൽ കാണുന്നതുപോലെ യുദ്ധത്തിന്നിടയിൽ മറ്റുള്ള മുതലുകളും വസ്തുക്കളും നശിപ്പിക്കാൻ പാടില്ല. ഇസ്‌ലാമിൽ എവിടെയൊക്കെയാണോ ശക്തി പ്രയോഗിക്കാൻ അനുവാദം നല്കയിട്ടുള്ളത് അക്രമിയുടെ കൈ തടയുന്നതിനുവേണ്ടി മാത്രമാണത്. ഏതെങ്കിലും പ്രദേശം കൈയടക്കുന്നതിനോ ബലാൽക്കാരം അടിച്ചേല്പിക്കുന്നതിനോ അനുവാദം നല്കപ്പെട്ടിട്ടില്ല.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മറ്റുള്ളവരെ പ്രകോപിപ്പിക്കുന്നതും കലഹങ്ങളും കുഴപ്പങ്ങളും പ്രേരിപ്പക്കുന്നതും ഇസ്‌ലാം വളരെ ഗൗരവത്തോടെയാണ് കാണുന്നത്. അതുകൊണ്ടാണ് ആളുകളിലും ജനതകളിലും കുഴപ്പവും പ്രകോപനപരവുമായ വിദ്വേഷം ഉണ്ടാക്കുന്നത് കൊലയെക്കാൾ വലിയ കുറ്റമാണെന്ന് വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ളത്. ഇസ്‌ലാമികാധ്യാപനങ്ങൾ ജനങ്ങളുടെ ഇടയിൽനിന്ന് ഭിന്നിപ്പ് അകറ്റി സമൂഹത്തെ സ്നേഹത്തിന്റേയും പ്രീതിയുടേയും സമാധാനത്തിന്റേയും തണലിൽ ഒരുമിച്ചുകൂട്ടുന്നതിനുള്ളതാണ്. ഹദ്റത്ത് മുഹമ്മദ്(സ) പറഞ്ഞു:ഏതൊരുവന്റെ കൈയിൽനിന്നും നാവിൽനിന്നും മറ്റുള്ളവർ സുരക്ഷിതരാണോ അവനാണ് യഥാർഥ മുസ്‌ലിം. അനാവശ്യമായി മറ്റാരെയെങ്കിലും ദുഃഖിപ്പിക്കുകയും ബുദ്ധിമുട്ടിക്കുകയും-അതെത്ര ചെറുതാണെങ്കിലും-ചെയ്യുന്നത് പാപമാണ്. ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അവസാനം ഞാൻ ആവർത്തിച്ചു പറയുകയാണ്. ഇസ്‌ലാമികാധ്യാപനങ്ങൾ സമാധാനഭരിതവും ജീവിതത്തിന്റെ എല്ലാ മേഖലുകളുമായി ബന്ധംവെക്കുന്നതും ജനങ്ങളുടെ സംരക്ഷണത്തിനുള്ള മാർഗവുമാണ്. യഥാർഥ ഇസ്‌ലാമിനെ ഭയപ്പെടേണ്ട ഒരു കാര്യവുമില്ല. ഞാനുമായി നിങ്ങൾ യോജിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇസ്‌ലാമിനെ ഭീകരവാദത്തിന്റേയും അസഹിഷ്ണുതയുടേയും മതമെന്ന നിലയിൽ സമർപിക്കുന്നവർ സ്വയം വളരെ വലിയൊരു അനീതിക്കിരയാണ്. ഈ വാക്കുകളോടെ ഞാൻ നിങ്ങൾക്ക് നന്ദി പറഞ്ഞുകൊള്ളുന്നു. നിങ്ങൾ സമയമെടുത്ത് ഞങ്ങളുടെ ജൽസയിൽ പങ്കെടുത്തു. ഞാൻ പറഞ്ഞ കാര്യങ്ങൾ കേട്ടു. അല്ലാഹു നിങ്ങളുടെമേൽ അവന്റെ കൃപ ചൊരിയുമാറാകട്ടെ.

അവസാനം അമീറുൽമുഅ്മിനീൻ പറഞ്ഞു:ഞങ്ങളുടെ പാരമ്പര്യമനുസരിച്ച് പരിപാടിയുടെ അവസാനം ഞങ്ങൾ പ്രാർഥിക്കാറുണ്ട്. ഇപ്പോൾ ഞാൻ ദുആ ചെയ്യിക്കുന്നതാണ്. എന്നോടൊപ്പം ചേരാൻ ആഗ്രഹിക്കുന്നവർക്ക് ചേരാവുന്നതാണ്. ില്ലെങ്കിൽ അവരുടേതായ രീതിയിൽ പ്രാർഥിക്കാവുന്നതാണ്. ദുആ ചെയ്യുക.

### ഇന്റർവ്യൂ:

അമീറുൽമുഅ്മിനീന്റെ ഈ പ്രഭാഷണം 4.45ന് അവസാനിച്ചു. പിന്നീട് അമീറുൽമുഅ്മിനീൻ തന്റെ ഓഫീസിൽപോയി അവിടെ പരിപാടിയനുസരിച്ച് ജർമനിയിലെ പ്രസിദ്ധ പത്രമായ (SZ)Suddeutsch Zeitung ന്റെ പത്രപ്രതിനിധി അമീറുൽമുഅ്മിനീനുമായി അഭിമുഖം നട

## കലാമുൽ ഇമാം:-

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 96).**

## താലിബെ ദുആ:

**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## കലാമുൽ ഇമാം:-

**"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

## താലിബെ ദുആ:

**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 09 November 2017 Issue-45

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

ത്തി. ജേർണലിസ്റ്റ് ആദ്യമായി ചോദിച്ചു: നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നു. അതിന്റെ ഉദ്ദേശ്യം എന്താണ്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: തീർച്ചയായും ഞാൻ അല്ലാഹുവിൽ ദൃഢമായും വിശ്വസിക്കുന്നു. ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും എന്റെ പ്രാർഥനകൾ കേൾക്കുന്നവനുമായ ആ ദൈവത്തെ എന്റെ പ്രാർഥനകളുടെ സ്വീകാരത്തിന്റെ രൂപത്തിൽ ഞാൻ ദർശിച്ചിട്ടുമുണ്ട്. ആ ദൈവത്തെ കണ്ടിട്ടുണ്ട്. ഭൗതികമായ നിലയിലല്ല, എന്നാൽ, ഞാൻ എന്റെ ദൈവത്തെ പ്രാർഥനകൾ സ്വീകരിക്കുന്നതിന്റെ മാർഗത്തിൽ തിരിച്ചറിഞ്ഞു. ഇതാണതിന്റെ ഉദ്ദേശ്യം.

☆ ജേർണലിസ്റ്റ് : താങ്കൾ വിശ്വസിക്കുന്ന ദൈവവും മറ്റുള്ളവരുടെ ദൈവവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

അമീറുൽ മുഅ്മിനീൻ: ഒരേയൊരു ദൈവമേയുള്ളൂ. അവൻ മുഴുലോകത്തേയും പരിപാലിക്കുന്നവനാണ്. ഒരേയൊരു ദൈവമേയുള്ളൂ. അവൻ വിവിധ ജനതകളിൽ നബിമാരെ അയക്കുന്നു. എല്ലാ ജനതയിലും ഒരു നബി അല്ലാഹുവിൽനിന്ന് അയക്കപ്പെട്ടിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ നബിമാർ അവരവരുടെ കാലത്ത് വന്നതാണ്. മനുഷ്യരുടെ നന്മയ്ക്കുവേണ്ടി വന്നതാണ്.

☆ പത്രപ്രവർത്തകൻ: ഖലീഫ എന്ന പദം മുന്നിൽ വരുമ്പോൾ ജനമനസ്സുകളിൽ ഒന്നുകിൽ പഴയകാലം ഓർമ വരുന്നു. അല്ലെങ്കിൽ ഐ.എസ്. ഐ.എസ് മനസ്സിൽ വരുന്നു. ഇതുസംബന്ധമായി താങ്കളുടെ അഭിപ്രായമെന്താണ്?

അമീറുൽ മുഅ്മിനീൻ: ഖലീഫ എന്നത് അറബിഭാഷയിലെ ഒരു പദമാണ്. അതിന്റെ അർഥം പ്രതിനിധി എന്നാണ്. പ്രാതിനിധ്യത്തിനാണ് ഖിലാഫത്ത് എന്നു പറയുന്നത്. ഇത് ഇസ്‌ലാമികമായ സാങ്കേതികാർഥത്തിൽ ഉപയോഗിക്കപ്പെടുന്നു. ഈ വാക്കുകൾ മറ്റൊരുവിധത്തിൽ ഞാൻ പറയാം. കത്തോലിക്കക്കാരുടെ പോപ്പും ഹദ്റത്ത് ഈസാ(അ)ന്റെ ഖലീഫയെന്നാണ് പറയപ്പെടുന്നത്.

☆ പത്രപ്രവർത്തകൻ: താങ്കൾ ഖിലാഫത്ത് മുഖേന കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നതെന്താണ്?

അമീറുൽ മുഅ്മിനീൻ: അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ പറഞ്ഞു: ഞാൻ രണ്ട് ഉദ്ദേശ്യങ്ങളുമായിട്ടാണ് വന്നത്. ഒന്ന്, മനുഷ്യൻ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നവൻ ആകുക. രണ്ട്, മനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നവനാകുക. ഖലീഫ, മസീഹ് മൗഊദിന്റേയും മഹ്ദിയുടേയും പ്രതിനിധിയാണ്. അതുകൊണ്ട് ഖലീഫയുടെ ജോലിയും അതുതന്നെയാണ്. അദ്ദേഹവും ഈ ഉദ്ദേശ്യം കരസ്ഥമാക്കണം.

☆ പത്രപ്രവർത്തകൻ: ജർമനിയിലെ തിരഞ്ഞെടുപ്പുകൾക്ക് ചില ആഴ്ചകളേ ബാക്കിയുള്ളൂ. ഈ നേരത്ത് അഭയാർഥികൾ, ഇസ്‌ലാം, മൈഗ്രേഷൻ തുടങ്ങിയ അടിസ്ഥാനപരമായ പ്രശ്നങ്ങളുണ്ട്. ധാരാളം അഹ്മദികളും ഇവിടെ ജർമനിയിൽ അഭയാർഥികളായി വന്നിട്ടുണ്ട്. ഇവിടെ ഇപ്പോൾ നല്ലനിലയിൽ ഇന്റിഗ്രേറ്റായിട്ടുണ്ട്. താങ്കൾ ജർമനിയിലെ രാഷ്ട്രീയക്കാർക്ക് എന്ത് ഉപദേശമാണ് നല്കാനാഗ്രഹിക്കുന്നത്.

അമീറുൽ മുഅ്മിനീൻ: ജർമൻ ഭരണകൂടവും ജർമൻകാരും എപ്പോഴും തുറന്നഹൃദയക്കാരാണ്. ഇക്കാരണത്താൽ ജർമൻ ഭരണകൂടം വൻതോതിൽ അഭയാർഥികൾക്ക് തങ്ങളുടെ രാജ്യത്ത് ജീവിക്കാനുള്ള സംവിധാനം ചെയ്യുന്നതിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ എല്ലാ അഭയാർഥികളും അവർ അറബികളാകട്ടെ, പാക്കിസ്താനിലെ അഹ്മദികളാകട്ടെ, തങ്ങളുടെ പ്രതിജ്ഞയെ നിറവേറ്റുന്നവരാകണം. അതായത് അവർ രാജ്യത്തിലെ നിയമങ്ങളെ അനുസരിക്കുന്നവരാകണം. ജനതയുടെ ഭാഗമാകേണ്ടവരാണ്. പിന്നെ ഈ അഭയാർഥികളിൽനിന്ന് ഒരുതരത്തിലുള്ള ഭയവും ഉണ്ടാകാൻ പാടില്ല. പക്ഷേ, ഇനിയവർ എന്തെങ്കിലും ദുഷ്കർമം ചെയ്യുകയാണെങ്കിൽ അവരെ സൂക്ഷിക്കേണ്ട ആവശ്യമുണ്ട്. ഞങ്ങൾ അഹ്മദികളെ സംബന്ധിച്ചിടത്തോളമുള്ള ബന്ധം ഞങ്ങൾ എന്നും രാജ്യത്തിന്റെ നിയമങ്ങളെ പൂർണമായും അനുസരിക്കുന്നവരായിരിക്കും. കഴിവിന്റെ പരമാവധി സമൂഹത്തിൽ ഇന്റിഗ്രേറ്റാകുന്നതിന് പരിശ്രമിക്കുന്നതായിരിക്കും.

☆ പത്രപ്രവർത്തകൻ: ഈ നേരത്ത് ജർമനിയിൽ വന്നിട്ടുള്ള അഭയാർഥികൾക്ക് താങ്കൾ എന്ത് ഉപദേശം നല്കാനാണ് ആഗ്രഹിക്കുന്നത്?

അമീറുൽ മുഅ്മിനീൻ: ഞാൻ ഉപദേശിക്കുന്നു. ഞാൻ എന്റെ അഹ്മദികളെയും ഉപദേശിക്കുകയാണ്. അവർ രാജ്യത്തിന്റെ നിയമങ്ങളെ പൂർണമായും അനുസരിക്കുന്നവരാകണം. തങ്ങളുടെ എല്ലാ കഴിവുകളും ശക്തികളും രാജ്യത്തിന്റെ ക്ഷേമത്തിനായി ഉപയോഗിക്കുന്നവരാകണം. അഭയം നല്കിയിട്ടുള്ള ഈ രാജ്യത്തിന്റെ ഉള്ളിൽ വസിക്കുന്നവരെ എപ്പോഴും വിലവെക്കുന്നവരാകണം. ഈ രാജ്യത്തിന്റേയും ജനതയുടേയും സേവനത്തിൽ മുഴുകുന്നവരാകണം. സോഷ്യൽ സഹായം വാങ്ങുന്നതിനു പകരം അധ്വാനിക്കുക. രാജ്യ ശില്പികളിൽ അണിചേരുക.

☆ പത്രപ്രവർത്തകൻ; ജർമനിയിൽ യഹൂദികളും വസിക്കുന്നുണ്ട്. അഭയാർഥികൾ വരാൻ തുടങ്ങിയപ്പോൾ ഇക്കാര്യത്തിലും ചർച്ചകളുണ്ടായി. യഹൂദികൾക്ക് വളരെ നന്നായിട്ട് അറിയാവുന്ന കാര്യമാണ് അഭയാർഥികളുടെ ഉദ്ദേശ്യമെന്താണെന്ന്. മറുഭാഗത്ത് മുസ്‌ലിംകളുടെ ഒരു വലിയ എണ്ണം രാജ്യത്തിന്റെ ഉള്ളിൽ വരികയാണ്. മുസ്‌ലിംകളും യഹൂദികളും തമ്മിൽ കലഹമുണ്ടാകുമോ എന്ന ഭീഷണിയുണ്ട്.

അമീറുൽ മുഅ്മിനീൻ: നിയമപരമായ അടിസ്ഥാനത്തിൽ ഭീകരവാദികളോടു ശക്തമായിതന്നെ പെരുമാറേണ്ടതാണ്. അവരെ സൂക്ഷിക്കേണ്ട ആവശ്യമുണ്ട്. പക്ഷേ, ഈ അഭയാർഥികളെ ഭയപ്പെടേണ്ട ആവശ്യമില്ല.

☆ പത്രപ്രവർത്തകൻ: അഹ്മദികളും മറ്റു മുസ്‌ലിംകളും തമ്മിൽ സംഘർഷമുണ്ടല്ലോ. ഇതുസംബന്ധമായി താങ്കൾക്ക് എന്തെങ്കിലും ഭയമുണ്ടോ?

അമീറുൽ മുഅ്മിനീൻ: മുസ്‌ലിം അഭയാർഥികൾ രാജ്യത്തിന്റെ നിയമങ്ങളെ പാലിക്കുന്നവരാണ്. അപ്പോൾപിന്നെ എനിക്ക് ഭയമൊന്നുമില്ല. നിയമപരമായി പ്രവർത്തിപ്പിക്കുക എന്നത് ഭരണകൂടത്തിന്റെ കടമയാണ്.

☆ പത്രപ്രവർത്തകൻ: നിയമങ്ങൾ നടത്തുക എന്നത് ചില നേരങ്ങളിൽ അസാധ്യമാണ്.

അമീറുൽ മുഅ്മിനീൻ: അതിന്റെ ഉദ്ദേശ്യം ചില ജർമൻകാരിലും മുസ്‌ലിംകളുണ്ട്. എന്നല്ല അവർ അഹ്മദികൾക്കെതിരുമാണ്. ഞങ്ങളുടെ ജോലി പ്രബോധനപ്രവർത്തനമാണ്. അതുകൊണ്ട് ഞങ്ങൾ സ്നേഹം, പ്രീതി, സമാധാനം, സാഹോദര്യത്തിന്റെ സന്ദേശം നല്കുമ്പോൾ ജനങ്ങൾക്ക് അത് സ്വയം ബോധ്യമാകുന്നു. അവർ മനസ്സിലാക്കുന്നു വിശുദ്ധഖുർആന്റെ അധ്യാപനം ഇതാണെന്ന്. പ്രീതി, സ്നേഹം, ഐക്യത്തോടൊപ്പം ജീവിക്കുക. മറ്റുള്ളവരോട് സ്നേഹത്തോടെ സംസാരിക്കുക. എന്നാൽ, നിങ്ങളുടെ ശത്രുക്കളും നിങ്ങളുടെ അടുത്ത സുഹൃത്തുക്കളായി തീരുന്നതാണ്.

☆ പത്രപ്രവർത്തകൻ: ഇതൊരു തിയറിയാണ്. കർമപരമായി അങ്ങനെ നടക്കുകയില്ല.

അമീറുൽ മുഅമിനീൻ: ഇതൊരു തിയറിയൊന്നുമല്ല. ഞങ്ങൾക്ക് ഈ കാര്യത്തിന്റെ അനുഭവമുണ്ട്. നിങ്ങൾക്ക് ഇത് തിയറിയായേക്കാം. പക്ഷേ, എനിക്ക് ഇത് തിയറിയല്ല.

☆ പത്രപ്രവർത്തകൻ; നിങ്ങൾക്ക് നിങ്ങളുടെ ജീവനെ സംബന്ധിച്ച് എന്തെങ്കിലും ഭീഷണിയുണ്ടോ?

അമീറുൽ മുഅ്മിനീൻ: എന്റെ ജോലി തബ്‌ലീഗ് ചെയ്യുക എന്നതാണ്. ചെറിയ ചെറിയ കാര്യങ്ങളിൽ ഞാൻ ഭയപ്പെടുകയാണെങ്കിൽ പിന്നെ പ്രബോധനപ്രവർത്തനം നടക്കുകയില്ല. എന്റെ ജീവൻ അപകടത്തിലാണെങ്കിൽത്തന്നെയും എനിക്ക് തബ്‌ലീഗ് ചെയ്യേണ്ടതുണ്ട്. ആദ്യം ഞാൻ പാക്കിസ്താനിലായിരുന്നു. അവിടെ എന്റെ ജീവിതത്തിന് ഇവിടെ യു.കെയെ അപേക്ഷിച്ച് കൂടുതൽ ഭീഷണിയുണ്ടായിരുന്നു. കാരണം അവിടെ രാജ്യത്തിന്റെ നിയമവും ഉപദ്രവകാരികളെ സഹായിക്കുന്നതാണ്. അഹ്മദികൾക്കെതിരിൽ എന്തൊന്നാണോ ആഗ്രഹിക്കുന്നത് അവർക്ക് അവിടെ ചെയ്യാൻ കഴിയും.

☆ പത്രപ്രവർത്തകൻ: ജനങ്ങൾ ഇസ്‌ലാമിനെക്കുറിച്ച് പറയുമ്പോൾ ഇസ്‌ലാം ഒരുതരം മാത്രമല്ല മറിച്ച്, പലതരത്തിലുണ്ടെന്നാണ്.

അമീറുൽ മുഅ്മിനീൻ: ജനങ്ങൾ എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ. പക്ഷേ, യഥാർഥത്തിൽ ഇസ്‌ലാം ഒന്നേയുള്ളൂ. അതെ, ഏതുപോലെ ക്രൈസ്തവമതത്തിൽ വിവിധ കക്ഷികളുണ്ടോ അതേപോലെ ഇസ്‌ലാമിലും പല കക്ഷികളുണ്ട്. പക്ഷേ, എല്ലാ കക്ഷികൾക്കും ഒരേയൊരു പരിശുദ്ധഗ്രന്ഥമാണുള്ളത്. എല്ലാവരുടേയും വിശ്വാസം നബി(സ)തിരുമേനി അല്ലാഹുവിന്റെ നബിയാണെന്നാണ്. ഒരു ദൈവവും ഒരു നബിയുമാണുള്ളതെന്ന കാര്യത്തിൽ എല്ലാ കക്ഷികളും വിശ്വസിക്കുന്നു.

അമീറുൽ മുഅ്മിനീൻ: ഇസ്‌ലാമിനുള്ളിൽ വിവിധ കക്ഷികൾ ഉണ്ടെന്നതിൽ സംശയമില്ല. പക്ഷേ, അതിനെ സംബന്ധിച്ചും നബി(സ) പ്രവചിച്ചിരുന്നു. ഇസ്‌ലാമിന്റെ ഉള്ളിൽ വിവിധ കക്ഷികളുണ്ടാകുന്ന ഒരു കാലം വരുന്നതാണ്. അക്കാലത്ത് ഒരാൾ ഇറങ്ങുന്നതായിരിക്കും. അദ്ദേഹം വാഗ്ദത്ത മസീഹും മഹ്ദിയുമായിരിക്കും. ആ വ്യക്തി എല്ലാ മുസ്‌ലിം ഉമ്മത്തിനേയും എന്നല്ല മുഴുലോകത്തേയും ഒരു കൈയിൽ സംഘടിപ്പിക്കുന്നതായിരിക്കും. ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം പരത്തുന്നതായിരിക്കും. ഞങ്ങൾ കഴിഞ്ഞ 125 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന തബ്‌ലീഗ് പ്രവർത്തനമാണിത്.

ഇന്റർവ്യൂവിന്റെ അവസാനം പത്രപ്രവർത്തകൻ അമീറുൽമുഅ്മിനീന് നന്ദി പറഞ്ഞു. ഈ ഇന്റർവ്യൂ 5.05 വരെ നീണ്ടുനിന്നു. അതിനുശേഷം Frankfurter (FAZ) allgemeine Zeitung Duestschlandfunkന്റെ പത്രാധിപർ അഭിമുഖം നടത്തി. റേഡിയോ ചാനലിന്റെ പത്രപ്രതിനിധി ചോദിച്ചു: ഹുദൂർ അങ്ങയുടെ പ്രസംഗത്തിൽ so called Muslims ന്റെ സാങ്കേതിക അർഥം ഉപയോഗിച്ചിരുന്നു. ഇതിൽ അങ്ങ് എന്താണ് ഉദ്ദേശിക്കുന്നത്. ഹുദൂർ പറഞ്ഞു. so called Muslims(നാമധാരികളായ മുസ്‌ലിം കൊണ്ടുള്ള ഉദ്ദേശ്യം) വിശുദ്ധഖുർആന്റെ യഥാർഥ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കാത്തവരും നബി(സ)യുടെ സുന്നത്തനുസരിച്ച് കർമങ്ങൾ ചെയ്യാത്തവരുമായ മുസ്‌ലിംകളാണ്. അവർ മുസ്‌ലിംകളാണെന്ന് വാദിക്കുന്നു. പക്ഷേ, അവർ യഥാർഥ മുസ്‌ലിംകളല്ല. അതുകൊണ്ടാണ് നമ്മൾ പറഞ്ഞത് അവർ നാമധാരികളാണെന്ന്. അവർ ഈ ചെയ്യുന്നതെല്ലാം ഇസ്‌ലാമിന്റെ പേരിലാണ്. ഇസ്‌ലാമിക അധ്യാപനം എന്നു പറയുന്നത് സമാധാനത്തിന്റെ അധ്യാപനമാണ്. എന്നാൽ, വിദ്വേഷം പരത്തുന്നവർ അക്രമങ്ങൾ ചെയ്യുന്നവർ തങ്ങളെ മുസ്‌ലിംകളെന്ന് പറയുന്നു. അവരെക്കുറിച്ച് എനിക്ക് പറയാനുള്ളത് അവർ യഥാർഥ മുസ്‌ലിംകളല്ലെന്നാണ്. മറിച്ച്, നാമധാരികളായ മുസ്‌ലിംകളാണ്. കാരണം അവർ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെക്കുറിച്ച് അജ്ഞരാണ്.

☆ പത്രപ്രവർത്തകൻ: ഈ നാമധാരികളായ മുസ്‌ലിംകൾ ഇസ്‌ലാമിന് ഭീഷണിയാണോ?

ഹുദൂർ: നബി(സ) തിരുമേനി പ്രവചനം ചെയ്തിരുന്നു അവസാനകാലത്ത് മുസ്‌ലിംകളുടെ അവസ്ഥ ഇങ്ങനെയൊക്കെയായിത്തീരുമെന്ന്. ഇസ്‌ലാമിന്റെ പേരല്ലാതെ മറ്റൊന്നും അവശേഷിക്കുകയില്ല. ആ സമയത്ത് ഒരു പരിഷ്കർത്താവ് വരും. അദ്ദേഹം നബി(സ) തിരുമേനിയെ യഥാർഥമായി പിൻപറ്റുന്നയാളായിരിക്കും. അദ്ദേഹം ഛായാപരമായനിലയിലുള്ള നബിയാണെന്ന് വാദിക്കും. അദ്ദേഹത്തിന് മസീഹ് എന്നും മഹ്ദിയെന്നും ഓമനപ്പേര് നല്കപ്പെടും. അദ്ദേഹം ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ പ്രചരിപ്പിക്കുന്നതായിരിക്കും. അതാണെങ്കിൽ ഇക്കാലത്ത് ഉലമായും സ്കോളേർസും മറന്നുകഴിഞ്ഞിട്ടുള്ളതാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് വന്ന പരിഷ്കർത്താവാണെന്ന് ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ ആഗമനത്തെ സംബന്ധിച്ച് ചില അടയാളങ്ങളും പറഞ്ഞിട്ടുണ്ടായിരുന്നു. അവ പൂർത്തിയായി.

ഹുദൂർ പറഞ്ഞു: ഞങ്ങൾ ഞങ്ങളുടെ തബ്‌ലീഗ് പ്രവർത്തനം തുടർന്നുകൊണ്ട് ജനങ്ങളിലെ ഒരു വലിയ വിഭാഗത്തിന്റെ മനസ്സുകളിൽ ഉണ്ടായിരുന്ന തെറ്റായധാരണകൾ നീക്കിയിരിക്കുന്നു. അവർ ഇസ്‌ലാമിനെ ശരിയായനിലയിൽ മനസ്സിലാക്കിയിരുന്നില്ല. കാരണം ഉലമായും സ്കോളേർസും അവരെ തെറ്റായ വഴിയിലേക്ക് നയിച്ചിരുന്നു. അവരിൽ ഞങ്ങളുടെ സന്ദേശം എത്തി. (അവരിൽ അറബികളുമുണ്ട്. മുസ്‌ലിം സമുദായത്തിന്റെ മറ്റു കക്ഷികളിൽപെട്ടവരുമുണ്ട്) അവർ ഞങ്ങളുടെ സന്ദേശം മനസ്സിലാക്കുകയും അവരിൽ ചിലർ ഞങ്ങളുമായി സംസാരിക്കുകയും വാദപ്രതിവാദം മുതലായവ നടത്തി തങ്ങളുടെ പഴയകാല വീക്ഷണങ്ങളെ ഉപേക്ഷിച്ച് ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനങ്ങളെ മനസ്സിലാക്കി അഹ്മദിയ്യത്തിൽ ചേർന്നു. കുറേയാളുകൾ ശക്തമായ നിലയിൽ തങ്ങളുടെ വീക്ഷണത്തിൽതന്നെ ഉറച്ചുനില്ക്കുന്നു. പക്ഷേ, ഞങ്ങളിൽ വലിയൊരു വിഭാഗം ഈ സന്ദേശം മനസ്സിലാക്കുകയും അത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

അതിനുശേഷം Faz പത്രത്തിന്റെ പത്രപ്രവർത്തക

**ശേഷം പേജ് 8ൽ**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin